ചരിത്ര പ്രൊഫസർ

ഡോ: സി.ഐ. ഐസക്കിന്റെ ലേഖനങ്ങൾ

# ഭാരതീയ സംസ്കൃതി

ഭാഗം – 1

ഡോ: സി.ഐ. ഐസക്

National Heritage Centre, Trissur - 680 501

A Cultural Research Centre of

INDIAN INSTITUTE OF SCIENTIFIC HERITAGE
THIRUVANANTHAPURAM - 695 018

Heritage Cultural Publication Series

Scanned with CamScanner

ആരാധ്യനായ ഡോ: ഐസക് സാറിന്റെ, ചരിത്രത്തിന്റെ വിസ്മൃതിയിലേക്കൊരെത്തിനോട്ടം ! സത്യത്തെയും ധർമ്മത്തെയും വ്യക്തമായി ദർശിക്കാനൊരു വിശാലമനസ്, ധാർമ്മീകരോഷം ഒഴുകുന്ന സത്യസന്ധമായ വരികൾ ! ബുദ്ധിജീവി പദത്തിലേക്ക് നോക്കാതെയുള്ള പ്രയാണം ! ചരിത്രത്തെ ശുദ്ധീകരിച്ചുള്ള പഠന പ്രചരണം ! ഭാരതമെന്തെന്നും എന്തായിരുന്നുവെന്നും പഠിക്കാനും പഠിപ്പിക്കാനുമുള്ള ജ്ഞാനമണ്ഡലം ! വസ്തുതകൾ ഉറക്കെ വിളിച്ചുപറയാനുള്ള ചങ്കൂറ്റം ! ഉജ്ജ്വല ചരിത്രജ്ഞാനം ! അതിലവസാനത്തെ ബിരുദവും ! അധ്യാപകനെന്ന ചൈതന്യധാര പ്രവഹിക്കുന്ന കർമ്മമണ്ഡലം ! ഇത്രയും ഇതിലധികവുമാണ് ഡോ: ഐസക് സാർ.

അങ്ങ് ആരാധ്യനാണ് ! അങ്ങയുടെ രചനകൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കാൻ സാധിച്ചതിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജിന്റെ സാംസ്കാരിക വിഭാഗം അഭിമാനിക്കുന്നു.

അങ്ങയ്ക്ക് പ്രണാമം ! അങ്ങയുടെ ദീർഘായുസ്സിനും ആരോഗ്യത്തിനും ഐശ്വര്യത്തിനുമായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ഒക്ടോബർ 2, 2006
(ഗാന്ധിജയന്തിദിനം)

ഡോ: എൻ. ഗോപാലകൃഷ്ണൻ



Scanned with CamScanner

ചരിത്ര പ്രൊഫസർ ഡോ: സി. ഐ. ഐസക്കിന്റെ
ലേഖനങ്ങൾ 'ഭാരതീയ സംസ്കൃതി'

**Dr. C. I. Issac M.A., Ph.D.**
Chavanicka mannil,
Vadavathoor, Kottayam- 686010
(0481-25716007)

**National Heritage Centre, Trissur - 680501**
(A Cultural & Spiritual Centre of IISH, Trivandrum - 18)

**Rs. 20/-**

Scanned with CamScanner

# DHANYATHMAN

IISH is spreading the messages of our motherland through our publications in the PDF format to all our well-wishers. Your support for the mission is welcome.

**Details of the bank account**

Beneficiary : IISH Trivandrum
Ac No : 57020795171
IFSC : SBIN0070030
Bank : SBI industrial estate, papanamcode
Trivandrum-19

*In the service of the motherland and dharma*

***IISH Publication Team***

Scanned with CamScanner

# 1. അഖണ്ഡ ഭാരതത്തിന്റെ ആധാരശിലകൾ

ഭാരതം ഒരു രാഷ്ട്രമെന്ന നിലയിൽ ഏതാണ്ടൊരു അഞ്ച് സഹസ്രാബ്ദങ്ങൾ പിന്നിട്ടിരിക്കുന്നു. ഈ രാഷ്ട്രം ഒരു രാജാവിന്റെയോ അല്ലെങ്കിൽ മറ്റേതെങ്കിലും ഭൗതികമായ ബാഹ്യശക്തികളുടെയോ സൃഷ്ടിയല്ല എന്നത് വളരെ സ്പഷ്ടമാണ്. അങ്ങനെ ആയിരുന്നെങ്കിൽ ഭരണമാറ്റങ്ങളും യുദ്ധങ്ങളും ഇതിന്റെ ബാഹ്യവും ആന്തരികവുമായ രൂപത്തെ ശിഥിലീകരിച്ചേനെ. ചുരുക്കത്തിൽ ഈ രാഷ്ട്രം സ്വയംഭൂതമാണ്.

അഞ്ഞൂറു കൊല്ലത്തെ മുസ്ലീം ഭരണവും തുടർന്നുണ്ടായ 250 വർഷത്തെ കൊളോണിയൽ / ക്രിസ്ത്യൻ ഭരണവും അതു സൃഷ്ടിച്ച വ്യവഹാരമണ്ഡലവും നമ്മുടെ അഖണ്ഡഭാരത സങ്കല്പത്തിന് ഗ്ലാനി വരുത്തിയിരിക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. നമ്മുടെ രാഷ്ട്രത്തിന്റെ പൂർവ്വചൈതന്യം മനസ്സിലാക്കി അതിനെ വീണ്ടെടുത്ത് നവചൈതന്യത്തിലെത്തിക്കണമെങ്കിൽ നാം അതിന്റെ (അഖണ്ഡ സങ്കല്പത്തിന്റെ) ആധാരശിലകൾ കണ്ടെത്തേണ്ടിയിരിക്കുന്നു. അതുകൊണ്ട് നമുക്ക് ഇവിടെ അത്തരത്തിലൊരു ചിന്തയ്ക്കു വഴിമരുന്നിടാം.

രാജസൃഷ്ടിയല്ലാത്ത നമ്മുടെ രാഷ്ട്രത്തിന്റെ യഥാർത്ഥ വിസ്തൃതി സൂചിപ്പിക്കുന്നതും ഏറ്റവും പഴമയാർന്നതുമായ പരാമർശം വിഷ്ണുപുരാണത്തിലാണ് (വിഷ്ണുപുരാണം 11 – 31) കാണുന്നത്.

"ഉത്തരം യത് സമുദ്രസ്യ ഹിമാദ്രേശ്ചൈവ ദക്ഷിണം
വർഷം തത് ഭാരതം നാമാ ഭാരതീ യത്ര സന്തതിഃ"

തുടർന്ന്, രാമായണത്തിലും, മഹാഭാരതത്തിലും മറ്റും പലേ പരാമർശങ്ങളും കാണാൻ കഴിയും. ഇവിടെ ഏറെ ശ്രദ്ധേയമായ ഒരു സത്യം കാണാനുള്ളത്, ഈ വിശാലമായ ഭൂവിഭാഗത്തിൽ നിരവധി രാജാക്കന്മാരും ഉപാസനാ സമ്പ്രദായങ്ങളുമായിരുന്നുവെങ്കിലും അവയെല്ലാം ഒരേ ധർമ്മവ്യവസ്ഥയുടെ ഭാഗമായിരുന്നു. ഒപ്പം നമ്മുടെ അഖണ്ഡത ധർമ്മാധിഷ്ഠിതവുമായിരുന്നു. മതാധിഷ്ഠിതമല്ലായിരുന്നു. അതുകൊണ്ടാണ് ഋഗ്വേദം. (മണ്ഡലം 1. സൂക്തം 164)

"ഇന്ദ്രം മിത്രം വരുണമഗ്നിമാഹു
രഥോ ദിവ്യസ്സസുപർണോഗുരുത്മാൻ
ഏകം സദ്വിപ്രാ ബഹുധാവദ
ന്ത്യഗ്നിം യമം മാതരിശ്വാന മാഹുഃ"

എന്നു പറഞ്ഞത്. അതുകൊണ്ട് ഒന്നോ അതിലധികമോ രാജവംശങ്ങളുടേയോ, ഉപാസനാ സമ്പ്രദായങ്ങളുടെയോ തളർച്ച നമ്മുടെ രാഷ്ട്രത്തിന്റെ അഖണ്ഡഭാവത്തിന് ഒരിക്കലും വെല്ലുവിളി ആയിരു



Scanned with CamScanner

ന്നില്ല. നേരെമറിച്ച് ലോകത്തിന്റെ ഇതര ഭാഗങ്ങളിലുണ്ടായിരുന്ന സംസ്ക്കാരങ്ങളുടെയും, രാഷ്ട്രങ്ങളുടെയും, മതങ്ങളുടെയും സ്ഥിതി മറിച്ചായിരുന്നു.

ഭാരതം നിരവധി ഭാഷകളുടെ ജന്മഗേഹമാണ്. ഈ ഭാഷകളെല്ലാം തന്നെ ഒരമ്മയുടെ മക്കളുമാണ്. സംസ്കൃതമാണാ അമ്മ. ഇവിടെ സംസ്കൃത സ്വാധീനമില്ലാത്ത ഒരു ഭാഷയുമില്ല എന്നതാണ് സത്യം. അക്ഷരങ്ങളുടെ ശബ്ദക്രമവും എതാണ്ടെല്ലാ ഭാരത ഭാഷകൾക്കും ഒരുപോലെയുമാണ്. അതേപോലെതന്നെ പരിണാമവ്യതിയാനങ്ങളൊഴിച്ചാൽ സമാനതകളാണ് ഏറെ കാണുന്നത്. ഗ്രന്ഥാക്ഷരവും ദേവനാഗരിയും തമ്മിൽപോലും സാധ്യധർമ്മ്യങ്ങളാണേറെ. ഭാരതത്തിന്റെ അഖണ്ഡത സഹസ്രാബ്ദങ്ങളിലൂടെ നിലനിർത്തുന്നതിൽ സംസ്കൃത ഭാഷയുടെ മാതൃസ്ഥാനീയത ഒരു മുഖ്യ ഘടകമായിരുന്നുവെന്ന് നമ്മുടെ പില്ക്കാല ചരിത്രം വ്യക്തമാക്കുന്നു.

നമ്മുടെ നാടിന്റെ നാനാഭാഗങ്ങളിലായി വ്യാപിച്ചുകിടക്കുന്ന ചെറുതും വലുതുമായ തീർത്ഥാടനകേന്ദ്രങ്ങൾ വൈകാരികമായും, ആദ്ധ്യാത്മീകമായും, സാംസ്കാരികമായും ഇവിടുത്തെ ജനസമൂഹങ്ങളെ ഒരു ധർമ്മവ്യവസ്ഥയുടെ ഭാഗമാക്കി നിർത്തുന്നതിൽ വഹിച്ചുകൊണ്ടിരിക്കുന്ന പങ്ക് നിസ്തുലമാണ്. ഇന്നും നമ്മുടെ ശബരിമലയും, കാശിയും രാമേശ്വരവും, കേദാർനാഥുമൊക്കെ ഈ സംസ്ക്കാരിക സമന്വയപ്രക്രിയ ഒരു നിയോഗംപോലെ നിർവഹിക്കുന്നു എന്നതല്ലേ സത്യം. ഭരണകൂടങ്ങൾ അറിഞ്ഞോ അറിയാതെയോ ജനതയിൽ വളർത്തിക്കൊണ്ടിരിക്കുന്ന വിഘടനമനോഭാവത്തെ നിർവീര്യ (Neutralize) പ്പെടുത്തുന്ന ഒരു ശക്തിയല്ലേ ഇന്നും നമ്മുടെ പുണ്യതീർത്ഥങ്ങൾ. അവിടെ നാം ഒന്നായി ഒരു ജനതയായിത്തീരുന്ന നിമിഷങ്ങളല്ലേ ഇന്നും കാണുന്നത്.

ശങ്കരൻ മുതൽ ശ്രീനാരായണൻവരെയും, അമൃതാനന്ദമയി, സത്യസായി തുടങ്ങിയ സമകാലിക ഋഷി ശ്രേഷ്ഠന്മാർവരെയുള്ള നിരവധി പൂർണ്ണ/അംശാവതാരങ്ങൾ നമ്മുടെ അഖണ്ഡഭാവത്തിനു നൽകിയ / നൽകുന്ന സംഭാവനകൾ എത്രശ്ലാഘനീയമാണ്. ഈ രാഷ്ട്രത്തിന്റെ അഖണ്ഡത വിളിച്ചോതികൊണ്ട് ശ്രീശങ്കരൻ പ്രതിഷ്ഠിച്ച പന്ത്രണ്ട് ജ്യോതിർലിംഗങ്ങളും സ്ഥാപിച്ച നാലു മഠങ്ങളും (പുരി, ദ്വാരക, ബദരി, ശൃംഗേരി) ഈ അഖണ്ഡ ഭാവത്തെ ശക്തീകരിക്കുകയല്ലേ ചെയ്തിരിക്കുന്നത്. രാജ്യങ്ങളുടെയും, ഭരണകൂടങ്ങളുടേതുമായ അതിർവരമ്പുകൾക്കപ്പുറമായി സനാതനമായ ഒരു ധർമ്മ വ്യവസ്ഥയുടേതായ അഖണ്ഡതാബോധത്തെ ശാക്തീകരിക്കുകയാണ് നമ്മുടെ ആചാര്യസാന്നിദ്ധ്യം നിർവഹിക്കുന്നത്. കാശ്മീരിലെ ഭൂകമ്പബാധിതർക്കും ശ്രീലങ്കയിലെ സുനാമി ബാധിതകർക്കും ആശ്വാസത്തിന്റെ



Scanned with CamScanner

കരസ്പർശനം നൽകിയ ലോകമാതാവ് അമൃതാനന്ദമയി ദേവിയിൽ നാം കാണുന്നത് ഈ അഖണ്ഡതാഭാവം തന്നെയല്ലേ.

നമ്മുടെ പ്രാചീന വിദ്യാഭ്യാസ സമ്പ്രദായം അഖണ്ഡഭാരതത്തിന്റെ അടിസ്ഥാനശിലകളിലൊന്നായിരുന്നു. ഇന്നാട്ടിലുണ്ടായ വിജ്ഞാന വിസ്ഫോടനം വിദ്യാഭ്യാസത്തെ ഗുരുകുലത്തിൽ നിന്ന് ശാലകളി (കോളേജ്) ലൂടെ സർവ്വകലാശാലകളിലെത്തിച്ചു. നിരവധി കോളേജുകൾക്കുപുറമേ ലോകപ്രശസ്തങ്ങളായിരുന്ന രണ്ടു ഡസനോളം വരുന്ന സർവ്വകലാശാലകൾ പന്ത്രണ്ടാം നൂറ്റാണ്ടുവരെ ഈ രാഷ്ട്രത്തിൽ നിലനിന്നിരുന്നു. ശാലകളെന്നറിയപ്പെട്ടിരുന്ന നിരവധി കോളേജുകൾ മെക്കേളെയുടെ ഔപചാരിക വിദ്യാഭ്യാസ പദ്ധതി നിലവിൽ വരുവോളം ഇവിടെ ഉണ്ടായിരുന്നു. ഇവിടുത്തെ പുരാതന വിദ്യാലയങ്ങളിലെല്ലാം നാടിന്റെ നാനാ ഭാഗത്തു നിന്നുമെത്തിയ വിദ്യാർത്ഥികളെക്കൊണ്ടു നിറഞ്ഞിരുന്നു. സർവ്വകലാശാലകളിൽ നിന്നും, കോളേജുകളിൽ നിന്നും പഠിച്ച് നാടിന്റെ വിവിധ ഭാഗങ്ങളിലെത്തിയവർ നമ്മുടെ ധർമ്മവ്യവസ്ഥയുടെയും അഖണ്ഡസങ്കല്പത്തിന്റെയും അംബാസിഡർമാരായിരുന്നു. ഒപ്പം ഹുയാൻസാങ്ങും, ഫാഹിയാനുംപോലെയുള്ള വിദേശികൾ നമ്മുടെ "വസുധൈവകുടുംബക" സങ്കല്പത്തിന് ചരിത്രസാക്ഷികളാവുകയും ചെയ്തു.

രാജ്യത്തിനും, രാജാവിനും, സൈന്യത്തിനുമതീതമായ ഒരു ശക്തി ഹിന്ദുഭൂമിയിൽ വ്യാപിച്ചിരുന്നു. ഭാരതീയർ ചരിത്രാരംഭകാലം മുതൽ തന്നെ ശക്തിയെ ആരാധിച്ചിരുന്നു. നമ്മുടെ രാഷ്ട്രത്തിന്റെ വിവിധ ഭാഗങ്ങളിലായി നിലകൊള്ളുന്ന 51 ശക്തിപീഠങ്ങൾ ഈ സത്യത്തിലേക്കല്ലേ വിരൽ ചൂണ്ടുന്നത്. സതീദേവിയുടെ ഭൗതിക ശരീരത്തിന്റെ ഭാഗങ്ങൾ നിപതിച്ചതായി നിരൂപിക്കപ്പെടുന്ന ഈ ശക്തിപീഠങ്ങൾ നാം മാതൃത്വത്തിനും സ്ത്രീശക്തിക്കും കല്പിച്ചിരുന്ന പവിത്രതകൂടി ചൂണ്ടികാണിക്കുന്നു. സെമറ്റിക് മതസമൂഹങ്ങൾ അടുത്ത കാലംവരെ സ്ത്രീകൾക്ക് ആത്മാവില്ല എന്ന് വിശ്വസിച്ചിരുന്നപ്പോൾ സ്ത്രീയും പുരുഷനും ഭേദമില്ല എന്നു വിളിച്ചറിയിച്ചുകൊണ്ടു അർദ്ധനാരീസങ്കല്പം രൂപപ്പെടുത്തിയിരുന്നു. ഈ ശക്തിയാരാധനയായിരുന്നു അഖണ്ഡ ഭാരതത്തെ സചേതനമാക്കി മാറ്റിയതിനുപിന്നിലെ മറ്റൊരു രഹസ്യം.

പിന്നെ നമുക്കെവിടെയാണ് പാളിച്ച സംഭവിച്ചത്? അഹിംസാമന്ത്രം ബുദ്ധ ഭഗമാവൻ ഉരുവിട്ടതിനെ നാം തെറ്റായ വീക്ഷണകോണിലൂടെ നോക്കികണ്ടു. അഹിംസ ദുർബലന്റെ മന്ത്രമല്ലായിരുന്നു. മഹാനായ അശോക ചക്രവർത്തി അഹിംസാമന്ത്രം ഉരുക്കഴിച്ചത് അദ്ദേഹത്തിന്റെ സൈനീക ശക്തി ഉത്തരോത്തരം വർദ്ധിപ്പിച്ചുകൊണ്ടായിരുന്നു. ശ്രീശങ്കരന്റെ "മായ" യെ നാം നിത്യജീവിതത്തിൽ നിന്നൊ



Scanned with CamScanner

ളിച്ചോടാനുള്ള ഉപാധിയാക്കിമാറ്റിയതുപോലെ ബുദ്ധന്റെ അഹിംസ നമ്മുടെ ദൗർബല്യത്തെ മറച്ചുപിടിക്കാനുള്ള ശൂർപ്പമാക്കി മാറ്റി. ചുരുക്കത്തിൽ ശക്തിബോധം നശിച്ച/അന്യമായ ഒരു ജനതയായി നാം ചുരുങ്ങി. അങ്ങനെ അഖണ്ഡ ഭാരതത്തിന്റെ പല ഭാഗങ്ങളും ദുർബലന്മാരെക്കൊണ്ട് നിറഞ്ഞു. ഇങ്ങനെയുള്ള പ്രദേശങ്ങൾ പരധർമ്മാനുഷ്ഠാനികളുടേയും ആയിമാറി. അങ്ങനെ അഖണ്ഡ ഭാവത്തിനു ശൈഥില്യം സംഭവിക്കുകയും ചെയ്തു.

ചുരുക്കത്തിൽ സംസ്കൃതം നമുക്ക് മൃതഭാഷയായി. നമ്മുടെ സർവ്വകലാശാലകൾ മണ്ണടിഞ്ഞു. ശങ്കരനെപ്പോലെയുള്ള ഋഷിമാർ നമുക്കന്യരുമായി. അനുകരിക്കാൻ വിശിഷ്ട മാതൃകകളില്ലാത്ത ഒരു സമൂഹമായി നാം ചുരുങ്ങി. അങ്ങനെ അശക്തന്റെ അഹിംസാമന്ത്രം അർത്ഥശൂന്യമായ അധരവ്യായാമമായി അധഃപതിച്ചു. ഇനി നമുക്ക് വീണ്ടും ശക്തിപൂജ തുടങ്ങാം. ശക്തിയാർജ്ജിക്കാം. അങ്ങനെ ഒരിക്കൽകൂടി നമുക്ക് അഖണ്ഡഭാരതമെന്ന സ്വപ്നം യാഥാർത്ഥ്യമാക്കാം. നമുക്ക് ഒരുമിച്ച് മന്ത്രിക്കാം. "ഉത്തിഷ്ഠത ജാഗ്രത പ്രാപ്യവരാൻ നിബോധത "(കഠോപനിഷത്ത്)

## 2. സ്വാതന്ത്ര്യസമരത്തിൽ ഗീതയുടെ സ്വാധീനം

ഭാരതത്തിനു പ്രതിസന്ധികളെയും പ്രശ്നങ്ങളെയും നേരിടേണ്ടിവന്നിട്ടുള്ളപ്പോഴൊക്കെ ഭഗവദ്ഗീത അതിന്റെ ചരിത്രപരമായ കടമ നിർവ്വഹിച്ചിട്ടുണ്ട്. ബൗദ്ധജൈനധർമ്മങ്ങളുടെ അപചയം, മുസ്ലീം ആക്രമങ്ങൾ, പാശ്ചാത്യ അധിനിവേശം എന്നിങ്ങനെ ഒട്ടനവധി വലുതും ചെറുതുമായ പ്രതിസന്ധിഘട്ടങ്ങളെ തരണം ചെയ്യുവാനും അവ ഉയർത്തിയ വെല്ലുവിളികളെ അതിജീവിക്കാനും ഭാരതാംബയുടെ വീരപുത്രന്മാർക്കു പീയുഷം പകർന്നു നൽകിയതു ശ്രീമദ്ഭഗവദ്ഗീതയായിരുന്നു. ഭഗവദ്ഗീതയുടെ ജന്മം തന്നെ ഭാരതം നേരിട്ട ഏറ്റവും വലിയെ പ്രതിസന്ധിഘട്ടത്തിലായിരുന്നു. ധർമ്മം സംരക്ഷിക്കാൻ പ്രതിബദ്ധരായിരുന്ന പാണ്ഡവസേനയിലെ വില്ലാളിവീരൻ അർജ്ജുനൻ വിഷാദരോഗഗ്രസ്തനായി തേർത്തളത്തിൽ തളർന്നിരുന്നപ്പോഴാണു ഭഗവദ്ഗീത പിറന്നുവീണത്. സമ്പൂർണ്ണ ജീവിതതത്ത്വശാസ്ത്രമായ ഭഗവത്ഗീത അന്നുമുതൽ ഇന്നുവരെയും അതിന്റെ ചരിത്രപരമായ ധർമ്മം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു.

നാം പാശ്ചാത്യസാമ്രാജ്യശക്തികൾക്കെതിരെ നടത്തിയ ഐതിഹാസികസമരത്തിൽ ഭഗവദ്ഗീത ഒരു ഊർജ്ജ സ്രോതസ്സായി പ്രവർത്തിച്ചു. തിലകൻ മുതൽ, പ്രശസ്തരായവരും അല്ലാത്തവരും ഒട്ടനവധി സ്വാതന്ത്ര്യസമര സേനാനികൾ തങ്ങളുടെ സമരവീര്യം



Scanned with CamScanner

നുകർന്നതും ഗീതയിൽ നിന്നായിരുന്നു.. അവർക്കു ഗീത ഒരു വിഷമ ഘട്ടതരണ നിർവ്വഹണ സൂക്തമായിരുന്നു. അദ്വൈതാമൃതവർഷിണി യായ ഗീത തങ്ങളുടെ സ്വാതന്ത്രസമരത്തിൽ എത്ര സ്വാധീനം ചെലു ത്തിയിരുന്നു എന്നതാണ് ഈ ലഘുപഠനത്തിന്റെ കേന്ദ്രബിന്ദു.

ഭാരതത്തെ ഏകമായി ദർശിച്ച ശങ്കരാചാര്യർ, വിശിഷ്ടാദ്വൈ തദർശനം ഭാരതത്തിനു കാഴ്ചവച്ച രാമാനുജാചാര്യർ, ഹിന്ദുസ്വരാജ് സങ്കല്പത്തിനു ബിജാവാപം ചെയ്ത ജ്ഞാനേശ്വരസ്വാമികൾ, ഇസ്ലാ മിക ഭരണത്തിനെതിരെ ഹിന്ദുത്വത്തിന്റെ മൃഗേന്ദ്രഭാവത്തെ തൊട്ടു ണർത്തിയ മധുസൂദന സരസ്വതി സ്വാമികൾ, സനാതനഹിന്ദുധർമ്മ ത്തിന്റെ മഹത്ത്വം പാശ്ചാത്യലോകത്തിനു കാണിച്ചുകൊടുത്ത വിവേ കാനന്ദസ്വമികൾ തുടങ്ങി, ദേശഭക്തിയും ആദ്ധ്യാത്മികതയും ഒരുമി ച്ചുയർത്തിക്കാണിച്ച മഹർഷി അരവിന്ദൻ വരെയുള്ള സന്യാസി പര മ്പരക്ക് ഉൾക്കാഴ്ച നല്കിയതു ഭഗവദ്ഗീതയാണ്. ലോകമാന്യതില കൻ, വീരസവർക്കർ, മഹാത്മാഗാന്ധി, നേതാജി സുഭാഷ്ചന്ദ്രബോസ് തുടങ്ങിയ സ്വാതന്ത്ര്യസമരകർമ്മയോഗികൾക്കു ദിശാബോധം നൽകി യതും ഭഗവദ്ഗീതയാണ്.

നമ്മുടെ സ്വാതന്ത്ര്യസമരത്തിന്റെ ഗതിയെ മാറ്റിമറിച്ച വ്യക്തി യായിരുന്നു ബാലഗംഗാധര തിലകൻ. വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ഹിന്ദുധർമ്മത്തിന്റെ മഹത്ത്വം മനസ്സിലാക്കിയ തിലകൻ ദേശീയ സമരത്തെ ഹിന്ദു നവോത്ഥാനത്തിന്റെ ഭാഗമായി കണ്ടിരുന്നു. 1970 ൽ കോൺഗ്രസ്സിലുണ്ടായ പിളർപ്പിനുശേഷം ബ്രിട്ടീഷുകാർ തിലകനെ രാജ്യദ്രോഹിയായി ചിത്രീകരിച്ച് കുറ്റവിചാരണ ചെയ്ത് ആറ് വർഷത്തെ കഠിനതടവുശിക്ഷ നൽകി മിയാൻമാറിലെ മണ്ടാലെ ജയി ലിലടച്ചു. മണ്ടാലെ ജയിലിലെ വാസക്കാലത്തു ഭഗവദ്ഗീത സ്വാദ്ധ്യായം ചെയ്യാൻ സാധിച്ച തിലകൻ ഒരു പുതിയ വ്യക്തിയായി മാറി. ജയി ലിലെ പരിമിതമായ സൗകര്യങ്ങൾ ഭഗവദ്ഗീത സാധന ചെയ്യാനുള്ള അവസരങ്ങളാക്കി മാറ്റിയ തിലകൻ ഒരു പുതിയ വ്യക്തിത്വത്തിന്റെ ഉടമയായിത്തീരുകയായിരുന്നു. ഗീതയുടെ സന്ദേശം സ്വാതന്ത്ര്യസമ രത്തിൽ പ്രതിഫലിപ്പിക്കാൻ സജ്ജനായിത്തീരുകയായിരുന്നു. ഈ ജയിൽവാസക്കാലത്ത് അദ്ദേഹം രചിച്ച 'ഗീതാരഹസ്യം' ഭഗവദ്ഗീത യ്ക്കുണ്ടായ ആദ്യത്തെ വിപ്ലവാത്മകമായ ഭാഷ്യമായിരുന്നു. ഇതു ദേശീയസമരത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കുകയും, പിന്നീട് മുന്നോട്ടു വന്ന ഗാന്ധിജി ഉൾപ്പെടെയുള്ള, ഒട്ടനവധി സ്വാതന്ത്ര്യസമരനായക ന്മാരിൽ ഗീതയുടെ സന്ദേശം പകരുകയും ചെയ്തു. ഭഗവദ്ഗീത നിർദ്ദേ ശിക്കുന്ന 'ലോകസംഗ്രഹ' (ഗീത 3-25)മായിരുന്നു അദ്ദേഹത്തിന്റെ ആദർശം. ഈ ലോകസംഗ്രഹത്തിനുവേണ്ടിയുള്ള യജ്ഞമായിരുന്നു അദ്ദേഹത്തിന്റെ സ്വാതന്ത്ര്യസമരപ്രവർത്തനങ്ങൾ.



Scanned with CamScanner

സ്വാതന്ത്ര്യസമരത്തിൽ സജീവമായ താൽപര്യം വച്ചു പുലർത്തിയിരുന്ന മറ്റൊരു കർമ്മയോഗിയായിരുന്നു മഹർഷി അരവിന്ദൻ. ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരെ ഗൂഢാലോചന നടത്തിയതിനു ബംഗാളിലെ അലിപ്പൂർ ജയിലിലടയ്ക്കപ്പെട്ടപ്പോഴാണ് അദ്ദേഹത്തിന് ഭഗവദ്ഗീത സാധന ചെയ്യാൻ കഴിഞ്ഞത്. ഇത് അദ്ദേഹത്തിന് പുതിയൊരു അനുഭവവും വഴിത്തിരിവുമായി മാറി. ഗീത മനുഷ്യജീവിതത്തിലെ ഭൗതികവും ആദ്ധ്യാത്മികവുമായ ഏതുതരം പ്രശ്നങ്ങൾക്കുമുള്ള മറുപടിയാണെന്നു മനസ്സിലാക്കിയ അദ്ദേഹത്തിനു ഹിന്ദു നവോത്ഥാനത്തെയും ദേശീയമോചന ദൗത്യത്തെയും ഒന്നായികാണാൻ കഴിഞ്ഞു എന്നത് സ്വാതന്ത്ര്യസമര ചരിത്രത്തിലെ ഒരു പുതിയ അദ്ധ്യായമായിത്തീർന്നു.

വീരസവർക്കർ, സുഭാഷ് ചന്ദ്രബോസ്, ആചാര്യവിനോബാഭാവേ, തുടങ്ങിയ നിരവധി സ്വാതന്ത്ര്യസമരനായകന്മാരിൽ ഭഗവദ്ഗീതയുടെ സ്വാധീനം അതുല്യമായിരുന്നു. വീരസവർക്കറും സുഭാഷ്ചന്ദ്രബോസും ഗീത സാധന ചെയ്തിരുന്നില്ലെങ്കിലും ഗീതയുടെ സ്വാധീനം അവരിൽ വളരെ പ്രകടമായിരുന്നു. ഹിന്ദു ദേശീയവാദിയായിരുന്ന സവർക്കർ നമ്മുടെ വേദങ്ങളിലും പുരാണങ്ങളുമടക്കമുള്ള എല്ലാ പ്രാചീനഗ്രന്ഥങ്ങളെയും മനുഷ്യരാശിയുടെ വിജയയാത്രയിലെ വഴിവിളക്കുകളായ ചരിത്രഗ്രന്ഥങ്ങളായിക്കരുതുകയും ആദരിക്കുകയും ചെയ്തിരുന്നു. ദേശീയസമരത്തിൽ സവർക്കർക്കു പറയാനുണ്ടായിരുന്നത് ശ്രീകൃഷ്ണന്റെ വാക്കുകൾ തന്നെയായിരുന്നു - ക്ലൈബ്യം മാസ്മഗമഃ പാർത്ഥ (ഗീത 2-3). സുഭാഷ് ചന്ദ്രബോസിലും ഭഗവദ്ഗീതയുടെ സ്വാധീനം പ്രകടമായിരുന്നു.

മഹാത്മാഗാന്ധിക്കു തന്റെ ധർമ്മയുദ്ധത്തിനു ശക്തി പകർന്നു നൽകിയതു ഭഗവദ്ഗീതയായിരുന്നു. ഗാന്ധിജി തിലകനിൽ നിന്നാണു തന്റെ കർമ്മപദ്ധതിയുടെ ബാലപാഠങ്ങൾ അഭ്യസിച്ചത്. തിലകനെ ഗീത എത്രമാത്രം സ്വാധീനിച്ചിരുന്നുവെന്നു മുകളിൽ സൂചിപ്പിച്ചുവല്ലോ. ഗാന്ധിജിക്കും തന്റെ കർമ്മ ധർമ്മമണ്ഡലത്തിൽ ദിശാബോധം പകർന്നുനൽകിയതു ഭഗവാൻ കൃഷ്ണന്റെ വാക്കുകളാണ്. ഇരുപതാമത്തെ വയസ്സിൽ ഗീതയുമായി പരിചയപ്പെട്ട ഗാന്ധിജിക്കു പിന്നീട് ഭഗവാന്റെ വാക്കുകൾ വഴികാട്ടിയും പ്രചോദനവും വെളിച്ചവുമായിരുന്നു. സ്വജീവിതം തന്നെ യജ്ഞമായി കരുതിയ അദ്ദേഹത്തിൽ കർമ്മയോഗത്തിലെ ഒമ്പതു മുതൽ പതിനാറുവരെയുള്ള യജ്ഞവിഷയമായ ശ്ലോകങ്ങൾ ചെലുത്തിയ സ്വാധീനം വളരെ വലുതായിരുന്നു. ഗാന്ധിജി, തന്റെ ആത്മകഥയിൽ, ഭഗവദ്ഗീത തന്നിൽ ഉണ്ടാക്കിയ സ്വാധീനത്തെക്കുറിച്ച് അർത്ഥശങ്കയ്ക്കിടമില്ലാത്തവിധം പറയുന്നുണ്ട്.

ഗാന്ധിജിയുടെ രാഷ്ട്രസങ്കല്പത്തിന്റെ കേന്ദ്രബിന്ദു രാമരാജ്യ സങ്കല്പമാണല്ലോ. ഭഗവദ്ഗീതയിലെ ലോകസംഗ്രഹസന്ദേശം ഈ



Scanned with CamScanner

ക്ഷേമരാഷ്ട്രസങ്കല്പത്തിനു പിന്നിലുമുണ്ട്. ജനങ്ങളുടെ യോഗവും ക്ഷേമവും ഉറപ്പാക്കുന്ന ഒരു വ്യവസ്ഥിതിയിലേ സ്വാതന്ത്ര്യം പൂർണ്ണമാകൂ എന്നു വിശ്വസിച്ച മഹാത്മാവിൽ ഗീത ചെലുത്തിയ സ്വാധീനം അളവറ്റതാണ്. കേവലം ഭരണമാറ്റത്തിലൂടെ മാത്രം സ്വാതന്ത്ര്യം പൂർണ്ണമാകില്ല എന്നു മനസ്സിലാക്കുവാൻ ഗാന്ധിജിക്കു കരുത്തേകിയത് ഗീത നൽകിയ ധർമ്മബോധമാണ് എന്നു നിസ്സംശയം പറയാൻ കഴിയും.

സ്വാതന്ത്ര്യസമരം അതിന്റെ പരമകാഷ്ഠയിലെത്തിയപ്പോഴേക്കും ഭഗവദ്ഗീത സ്വാതന്ത്ര്യസമരത്തിന്റെ മന്ത്രമായിക്കഴിഞ്ഞിരുന്നു. വള്ളത്തോളിനെപ്പോലെയുള്ള കവികൾ സ്വാതന്ത്ര്യസമരകാലത്തു രചിച്ച കവിതകളിൽ കൃഷ്ണനും ഗീതയുമൊക്കെ നിറഞ്ഞു നിൽക്കുന്നതിനു കാരണമിതാണ്. (ഗീതയ്ക്കു മാതാവായ ഭൂമിയേ ദൃഢമിതു-മാതികിയൊരു കർമ്മയോഗിയെ പ്രസവിക്കൂ തുടങ്ങിയ വരികൾ ദ്രഷ്ടവ്യം) ഗീതയെ അവഗണിച്ചുകൊണ്ട് ഈ രാജ്യത്ത് ഒരു മുന്നേറ്റവും സൃഷ്ടിക്കാൻ സാധ്യമല്ല എന്നതാണു ചരിത്രം നമുക്ക് നൽകുന്ന പാഠം. ഏതാണ്ട് ആയിരം വർഷം നീണ്ടുനിന്ന വിവിധ വൈദേശിക ഭരണങ്ങളും സ്വാതന്ത്ര്യാനന്തരഭാരതത്തിലെ അമ്പതുകൊല്ലത്തെ ഭൗതികവാദസംരംഭങ്ങളും ഇവിടെ പരാജയപ്പെട്ടതിനു കാരണം ഈ അവഗണനയാണ് - ഭാരതാമൃത സർവ്വസ്വമായ ഭഗവദ്ഗീതയോടു കാണിച്ച അവഗണന.

## 3. തകരുന്ന കേരളത്തിനൊരു കൃഷ്ണ ചികിത്സ

ഭഗവദ്ഗീത ആദ്ധ്യാത്മികവും ഭൗതികവുമായ ദർശനങ്ങളുടെ സമന്വയിക്കലാണ്. അതുകൊണ്ടുതന്നെ ഇതൊരു സമ്പൂർണ്ണജീവിത ശാസ്ത്രമാണ് എന്നുപറയാം. മഹാഭാരതത്തിലെ പതിനെട്ടു പർവ്വങ്ങളിൽ ആറാമത്തേതായ ഭീഷ്മ പർവ്വത്തിലെ 25 മുതൽ 42 വരെയുള്ള പതിനെട്ട് അദ്ധ്യായങ്ങളിലായി പ്രതിപാദിക്കുന്ന 701 ശ്ലോകങ്ങളെയാണ് ഭഗവദ്ഗീത എന്നുവിളിക്കുന്നത്. കുരുക്ഷേത്ര യുദ്ധത്തിനിടയിൽ സ്വധർമ്മത്തെപ്പറ്റി സംശയാലുവായിത്തീർന്ന്, വിഷാദരോഗഗ്രസ്തനായി തീർന്ന അർജ്ജുനന് ഭഗവാൻ കൃഷ്ണൻ ഉപദേശിച്ചു കൊടുത്ത സമ്പൂർണ്ണ ജീവിതശാസ്ത്രമാണ് ഭഗവത്ഗീത.

അൻപത്തി രണ്ടു നൂറ്റാണ്ടുകൾക്ക് മുമ്പ് ഇതികർത്തവ്യഥാമൂഢനായി തീർന്ന വീരന് ഭഗവാൻ പകർന്നുകൊടുത്ത അമൃതവചനത്തിന് കാലം കഴിയുംതോറും തിളക്കം വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

"ന കാംക്ഷേ വിജയംകൃഷ്ണ, ന ച രാജ്യം സുഖാനിച
കിം നോ രാജ്യേന ഗോവിന്ദ കിം ഭോഗൈർ ജീവിതേന വാ" (I-32)



Scanned with CamScanner

എന്നു പറയുന്ന പാർത്ഥനെ കർമ്മനിരതനാക്കുവാൻ നടത്തുന്ന കൃഷ്ണചികിത്സ (psychological treatment) യാണ് അദ്വൈതാമൃത വർഷിണിയായ ഭഗവത്ഗീത. കൃഷ്ണനിൽ നിന്ന് ഗീതോപദേശം കിട്ടിയ അർജ്ജുനൻ കർമ്മനിരതനാവുകയും, "എന്നിലെ യോദ്ധാവ് ഉണർന്നു കഴിഞ്ഞു. എന്റെ ആശയകുഴപ്പങ്ങളും തീർന്നു" എന്നു പ്രഖ്യാപിക്കുകയും ചെയ്തു.

"നഷ്ടോ മോഹഃ സ്മൃതിർലബ്ധാ ത്വത്പ്രസാദാത്മയാച്യുത" (XVIII-73) എന്നു പറഞ്ഞ അർജ്ജുനന് കൗരവ (അധർമ്മ) സംഹാരം സാധിക്കുകയും ചെയ്തു.

ഭഗവത്ഗീതയുടെ പ്രസക്തി കുരുക്ഷേത്രം കൊണ്ട് മാത്രം അവസാനിക്കുന്നില്ല. കാരണം സമഗ്ര ജീവിത ദർശനമാണ് ഗീത വാഗ്ദാനം ചെയ്യുന്നത്. കേരളം പോലെ പ്രതിസന്ധികളിൽ നിന്ന് പ്രതിസന്ധികളിലേക്ക് നീങ്ങുന്ന ഒരു ദേശത്തിന് ഗീതയല്ലാതെ മറ്റെന്താണ് ഒരു പോംവഴി? ചട്ടമ്പിസ്വാമികളിലൂടെ തുടക്കം കുറിച്ച് ശ്രീനാരായണ ഗുരുവിലൂടെ, അയ്യങ്കാളിയിലൂടെ, മന്നത്തു പത്മനാഭനിലൂടെ, കേളപ്പനിലൂടെ കേരളക്കരയിൽ വീശിയടിച്ച നവോത്ഥാനപ്രസ്ഥാനങ്ങൾ ഇക്കഴിഞ്ഞ നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ എത്തിയപ്പോൾ ഭൗതികവാദത്തിന്റെ നീരാളിപിടുത്തത്തിലമർന്നുപോയി. ഭൗതിക വാദം സൃഷ്ടിച്ച നിരശാബോധം യുവചേതനയെ പരധർമ്മാനുഷ്ഠാനികളാക്കി തീർത്തു. ഫലം, കേരളം ഒരു മാതൃക (കേരള മോഡൽ) മാത്രമായി തീർന്നു. ദുരന്തങ്ങളുടെ മാതൃക. കൂട്ട ആത്മഹത്യകൾ, പീഢനങ്ങൾ, വൈകൃതങ്ങൾ മദ്യദുരന്തങ്ങൾ എല്ലാം നിത്യസംഭവങ്ങളായി തീർന്നിരിക്കുന്നു. അപമൃത്യു ഇന്ന് പത്രങ്ങൾക്ക് വാർത്താപ്രാധാന്യം കുറഞ്ഞ ഒരിനമായി തീർന്നിരിക്കുന്നു. മദ്യം വിഷമാണ് എന്നു പറഞ്ഞ അചാര്യന്റെ നാട്ടിൽ രണ്ടുതരം മദ്യങ്ങൾ നിർലോഭം ഒഴുകുന്നു. നല്ലമദ്യവും, വിഷമദ്യവും. കുടിവെള്ളം ലഭ്യമല്ലാത്ത സ്ഥലങ്ങളിൽപോലും മദ്യം സുലഭമായിരിക്കുന്നു. ചുരുക്കത്തിൽ നിരാശയും, തൊഴിലില്ലായമയും, ഭൗതികവാദവും ഒന്നുചേർന്നു സൃഷ്ടിച്ച ഭീകരാന്തരീക്ഷത്തിൽ കേരളത്തിന്റെ യുവത്വം ദിശാബോധം നഷ്ടപ്പെട്ടവരായി.

ഭാരതത്തിലെ ഇതര സമൂഹങ്ങൾക്ക് കേരളം ഒരു പാഠം (മാതൃകയല്ല) ആയി മാറി. കേരള മാതൃകയുടെ പൊള്ളത്തരങ്ങളിലേക്ക് നോബൽ സമ്മാനം നേടിയ പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞനായ അമർത്യാസെൻ നടത്തിയ രൂക്ഷമായ വിമർശനം ആരുടെയും കണ്ണുതുറപ്പിക്കാൻ പര്യാപ്തമായിരുന്നു. ബുദ്ധികൊണ്ടും, കായബലംകൊണ്ടും ആർക്കും പിന്നിലല്ലാത്ത കേരളത്തിന്റെ യുവജനങ്ങളെ നേർവഴിക്ക് നയിക്കാൻ ആർക്കാണ് ഇനിയും കഴിയുക? തീർച്ചയായും അതിനുള്ള ഉത്തരമാണ് ഇവിടുത്തെ ഗീതാസ്വാദ്ധ്യായ സമിതികൾ.



Scanned with CamScanner

ഇതൊരു പരീക്ഷണ യജ്ഞത്തിന്റെ ഭാഗമല്ല. മറിച്ച് നൂറ്റാണ്ടുകളിലൂടെ നമ്മുടെ മനീഷികൾ നമുക്ക് കാട്ടിത്തന്ന പാഠമാണ് – ഗീതാസ്വാദ്ധ്യായം.

ഭഗവത്ഗീത ചലനരഹിതമായിത്തീർന്ന നമ്മുടെ സമൂഹത്തെ എന്നും കർമ്മനിരതമാക്കിയിട്ടുണ്ട്. ബൗദ്ധ സമൂഹം ജീർണ്ണിച്ചപ്പോൾ ശങ്കരാചാര്യർ ആ ജീർണ്ണതയിൽ നിന്ന് നമ്മുടെ സമൂഹത്തെ കരകയറ്റി. ഇന്ന് നാം അറിയപ്പെടുന്ന ഗീതാ ഭാഷ്യകാരന്മാരിൽ പ്രഥമഗണനീയനാണ് ആചാര്യപാദർ. ശ്രീ സുകുമാർ അഴിക്കോട് പറയുന്നു. "ഇന്ത്യയുടെ ഏറ്റവും വലിയ തകർച്ച, മറ്റൊരു ശങ്കരനേയും കാക്കശ്ശേരിയേയും സൃഷ്ടിക്കാൻ കഴിയുന്നില്ല എന്നുള്ളതാണ്" (ഭാരതീയത പുറം 52) എന്ന്. തീർച്ചയായും ഇതു ശരിതന്നെ: ഭൗതിക വാദം സൃഷ്ടിച്ച പുതിയ തലത്തിൽ നിൽക്കുന്ന നമ്മുടെ യുവത്വത്തിന് ശ്രീശങ്കരനെ ഉൾക്കൊള്ളാനുള്ള ചില അപൂർവ്വ ശ്രമങ്ങൾക്ക് ചരിത്രപരമായ കാരണങ്ങളാൽ സമൂഹത്തിന്റെ പൂർണ്ണവിശ്വാസം ആർജ്ജിക്കുവാനും കഴിഞ്ഞില്ല. ആചാര്യപാദർക്ക് കാലഘട്ടത്തിന്റെ വെല്ലുവിളികളെ മനസ്സിലാക്കാനും അതിനെ നേരിടാനും കഴിഞ്ഞു എന്ന് നടരാജഗുരു സ്വാമികൾ പറയുന്നു. മാത്രമല്ല ആ ഉദ്ദേശ്യത്തോടുകൂടിത്തന്നെയാണ് ആചാര്യപാദർ ഗീതാഭാഷ്യം രചിച്ചതെന്നതും അദ്ദേഹം പറയുന്നു. ഗീതാഭാഷ്യകാരനെന്ന നിലയിൽ ആചാര്യരുടെ പ്രാധാന്യം അനുപമവും, മാതൃകാപരവും, സമഗ്രവുമാണ്.

തുടർന്ന് ഭഗവത്ഗീത ഭാരതീയ ജീവിതത്തെ എത്രമാത്രം സ്വാധീനിച്ചു/ആകർഷിച്ചു എന്നുള്ളതിന് തെളിവാണ് സന്യാസിശ്രേഷ്ഠന്മാരായ രാമാനുജൻ, മാധവാചാര്യൻ, ജ്ഞാനേശ്വരൻ തുടങ്ങിയവർ ഭഗവത്ഗീതക്കു രചിച്ച ഭാഷ്യങ്ങൾ.

മഹാരാഷ്ട്രത്തിൽ നവോത്ഥാനത്തിന് തുടക്കം കുറിച്ച സന്യാസിശ്രേഷ്ഠനാണ് ജ്ഞാനേശ്വരൻ. അദ്ദേഹം തെളിയിച്ച പാതയിലൂടെ ചരിച്ച ഗുരുപരമ്പരയിലെ ദാർശികനായ പോരാളിയായിരുന്നു ഛത്രപതി ശിവജി. തീവ്രമായ ദേശീയ വികാരം ഭാരതീയന്റെ മനസ്സിൽ ആളിക്കത്തിച്ച ശിവജിയിലും ഗീതയുടെ സ്വാധീനം പ്രകടമായിരുന്നു.

ഭാരതത്തിന്റെ മധ്യകാലഘട്ടം ഉയർത്തിച്ച ഇസ്ലാമിക മൗലികവാദത്തിന്റെ വെല്ലുവിളികളെ നേരിടുവാൻ ഹൈന്ദവ സമൂഹത്തെ തയ്യാറാക്കുന്നതിലും ഗീത വഹിച്ച പങ്ക് അദ്വിതീയമത്രെ. ഹൈന്ദവ സമൂഹത്തിന് തികച്ചും അപരിചിതമായിരുന്ന മതഭ്രാന്തും, അസഹിഷ്ണുതയും ഒരു കൊടുങ്കാറ്റുപോലെ ഇവിടെ വീശിയടിച്ചപ്പോൾ സാമാന്യ ഹിന്ദുജനത കണ്ട ആചാര്യനാണ് ശ്രീ മധുസൂദനാനന്ദ സരസ്വതികൾ. അദ്ദേഹവും ഗീത ഉപദേശിച്ച മാർഗ്ഗത്തിലൂടെത്തന്നെ ഹിന്ദുത്വത്തെ രക്ഷിച്ചു.

അക്കാലത്ത് മുസ്ലീം തീവ്രവാദികൾ സന്യാസിമാരെയും ഹിന്ദു ഭക്തന്മാരെയും ആക്രമിക്കുകയും, കൊലപ്പെടുത്തുകയും, കുംഭമേള



Scanned with CamScanner

യുൾപ്പെടെയുള്ള എല്ലാ ഹിന്ദു ഉത്സവങ്ങളും രക്തച്ചൊരിച്ചിലിൽ കലാശിപ്പിക്കുകയും, ചെയ്തിരുന്നു. ഈ മുസ്ലീം പാതകങ്ങൾക്കെതിരെ മുൻപോട്ടു വന്ന വ്യക്തിയാണ് മധുസൂദന സരസ്വതികൾ. അദ്ദേഹത്തിന് ഈ പ്രശ്നം അക്ബർ ചക്രവർത്തിയെ ധരിപ്പിക്കാൻ കഴിഞ്ഞു. മതരപരമായ കാരണങ്ങളാൽ തീവ്രവാദികൾ അക്ബറിന്റെ രാജ്യത്തെ നിയമവ്യവസ്ഥകൾക്ക് പുറത്തായതുകൊണ്ട് അവരെ നിയന്ത്രിച്ചു നിലക്കുനിർത്താൻ കഴിയില്ല എന്ന വസ്തുത മധുസൂദന സരസ്വതികളെ അറിയിച്ച അക്ബർ ചക്രവർത്തി ഇവരെ നിലക്കുനിർത്താൻ വേണ്ടി ഹിന്ദുക്കളും ഒരു സംഘത്തെ ഉണ്ടാക്കിയാൽ അവരെയും രാജ്യത്തെ നിയമവ്യവസ്ഥയ്ക്കു പുറത്താക്കിത്തരാം എന്നു പറഞ്ഞു. ചക്രവർത്തിയുടെ വാഗ്ദാനം സ്വീകരിച്ച സരസ്വതികൾ ക്ഷത്രിയ/രജപുത്രയുവാക്കളെ സംഘടിപ്പിച്ച് ആയോധന കല പഠിപ്പിച്ച് നാഗസന്യാസി പരമ്പരയ്ക്ക് രൂപം കൊടുത്ത് ഹിന്ദുവിന്റെ മാനം രക്ഷിച്ചു. അദ്ദേഹം ഗൂഢാർത്ഥ ദീപിക എന്ന പേരിൽ ഗീതക്ക് ഭാഷ്യം രചിച്ച് യുവാക്കളിൽ എത്തിക്കാൻ കഴിഞ്ഞു. ഈ ഗീതയിലൂടെ ആയിരുന്നു ആയുധമേന്തിയ (നാഗ) സന്യാസി സമൂഹത്തെ സൃഷ്ടിച്ച് ഹിന്ദുമതത്തെ അദ്ദേഹം രക്ഷിച്ചത്.

ഭഗവത്ഗീതക്ക് ഭാഷ്യം രചിച്ചില്ലെങ്കിലും അതിന്റെ പ്രാധാന്യം ഗ്രഹിച്ച വ്യക്തിയായിരുന്നു സ്വാമി വിവേകാനന്ദൻ. ഭാരതത്തിന്റെയും, ഹിന്ദു സംസ്കാരത്തിന്റെയും, ഹൈന്ദവ അദ്ധ്യാത്മികതയുടേയും യശസ്സ് പാശ്ചാത്യ ലോകത്തിനു കാണിച്ചു കൊടുത്ത സ്വാമികൾ ഭഗവദ്ഗീതയെ ആഴത്തിൽ പഠിച്ച ഒരു ഭാരതീയനായിരുന്നു. വിവേകാനന്ദ സ്വാമികളിൽ നിന്നും ഭഗവത് ഗീതയിൽ നിന്നും ആവേശം ഉൾക്കൊണ്ടവരായിരുന്നു തിലകൻ, മഹർഷി അരവിന്ദൻ, ഗാന്ധിജി എന്നീ സ്വാതന്ത്ര്യ സമരനായകന്മാർ. “ഉത്തിഷ്ഠിതാ ജാഗ്രതാ” എന്ന ഗീതാവചനം വിവേകാനന്ദൻ മുതൽ ഗാന്ധിജി വരെയുള്ള മനീഷികളിൽ സൃഷ്ടിച്ച ചലനം എത്രമാത്രമായിരുന്നു എന്ന് മനസ്സിലാക്കണമെങ്കിൽ സ്വാന്ത്ര്യസരമകാലഘട്ടത്തിന്റെ ചരിത്രം ഒന്നു പരിശോധിച്ചു നോക്കിയാൽ മതിയാകും.

ഭീരുത്വത്തിന്റെ നിഴലിൽ കഴിഞ്ഞിരുന്ന നമ്മുടെ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തെ തിലകൻ സജീവമാക്കിയത് ഗീതാഭാഷ്യരചനയിലൂടെയായിരുന്നു. ഹിന്ദുത്വത്തിന്റെ ഉയർത്തെഴുന്നേല്പിലൂടെയല്ലാതെ രാഷ്ട്രസ്വാതന്ത്ര്യം സാധ്യമല്ല എന്നു മനസ്സിലാക്കിയ തിലകൻ ഗണേശോത്സവവും, ശിവജി ഉത്സവവും ആരംഭിച്ച് ഹിന്ദുദേശീയതയെ തട്ടിയുണർത്തി. ശിവജിയിൽ ഗീതയിലെ കർമ്മയോഗിയെ കണ്ടെത്തിയ അദ്ദേഹം ഒരു ജനതയ്ക്കു മാർഗ്ഗദർശനം നൽകുവാനുള്ള സത്ത/ശക്തി ഗീതയിൽ കണ്ടെത്തി. “ഗീതാരഹസ്യം”രചിച്ചു.



Scanned with CamScanner

അൻപത്തിരണ്ടു നൂറ്റാണ്ടുകളായി ഹിന്ദു സമൂഹത്തെ കർമ്മോത്സുകരാക്കിക്കൊണ്ടിരിക്കുന്ന ഗീതയ്ക്ക് കേരളീയ സമൂഹത്തിലും ഇന്നും പ്രസക്തിയുണ്ട്. അനുകരിക്കുവാൻ വിശിഷ്ടമാതൃകകളില്ലാത്ത (ഉണ്ടെങ്കിൽത്തന്നെയും) ഒരു സമൂഹമായി മാറിയ കേരളം, ഭൗതികവാദത്തിന്റെയും, വർഗ്ഗസംഘർഷത്തിന്റെയും, ഉപഭോഗസംസ്കാരത്തിന്റെയും ഉന്മാദം പകരുന്ന കഥകളിൽ ആകൃഷ്ടരായി. ഉപഭോഗത്തിനുവേണ്ടിയുള്ള ചൂഷണം നമ്മുടെ പദാവലിക്ക് അപരിചിതമായിരുന്നു. നാം ദോഹനം ചെയ്തിരുന്ന സ്ഥലത്ത് ചൂഷണം എത്തി. അതുകൊണ്ട് നമ്മുടെ സാമൂഹിക സന്തുലിതാവസ്ഥയുടെ താളം തെറ്റി. നാം സ്വധർമ്മം മറന്ന് പരധർമ്മം ആചരിക്കുന്നു. പരധർമ്മം ആചരിച്ച ഒരു സമൂഹത്തിന് ഇതിലധികം അപചയമുണ്ടാകാനില്ല. അതുകൊണ്ടാണ് ഭഗവാൻ പറഞ്ഞത്.

"ശ്രേയാൽ സ്വധർമ്മോ വിഗുണഃ പരധർമ്മാത് സ്വനുഷ്ഠിതാത്" (III-35)

പരധർമ്മാനുഷ്ഠാനത്തിന്റെ ഫലമോ, മുമ്പു സൂചിപ്പിച്ചതുപോലെ ദിശാബോധം നഷ്ടപ്പെട്ട ഒരു സമൂഹത്തിന്റെ രൂപപ്പെടലിന് കേരളം സാക്ഷിയാകേണ്ടിവന്നു.

"തേഷാം നിത്യാഭിയുക്താനാം യോഗക്ഷേമം വഹാമ്യഹം" (IX - 22)

ഇതാണ് ഗീതയുടെ ലക്ഷ്യം. അതുതന്നെയാണ് ഭാരതീയന്റെ പണ്ടുമുതലുള്ള സാമൂഹ്യവീക്ഷണവും. അതുകൊണ്ട് പരധർമ്മം ഉപേക്ഷിച്ച് സ്വധർമ്മം അനുഷ്ഠിക്കുവാനുള്ള അവസരം ഇപ്പോഴും നഷ്ടപ്പെട്ടിട്ടില്ലാത്ത കേരളത്തിന്റെ യുവത്വത്തെ ഭഗവത്ഗീത ധന്യമാക്കട്ടെ. ഇവിടെ യോഗേശ്വരനായ കൃഷ്ണനും ധനുർധരനായ പാർത്ഥനും ഐശ്വര്യത്തിനും വിജയത്തിനുമായി ഒത്തുചേരട്ടെ.

"യത്ര യോഗേശ്വരഃ കൃഷ്ണോയത്രപാർത്ഥോ ധനുർധരഃ
തത്രശ്രീർ വിജയോഭൂതിർ ധ്രുവാ നീതിർമതിർ മമ" (XVIII- 78)

## 4. ജാതീയതക്കെതിരേയുള്ള പ്രസ്ഥാനങ്ങളും ദേശീയതയും

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തെ നാലഞ്ചുദശകകാലത്ത് കേരളം സാമൂഹ്യനവോത്ഥാനപ്രസ്ഥാനങ്ങളുടെ നാടായി മാറി. ഈ മാറ്റങ്ങൾക്ക് നേതൃത്വം നൽകിയത് ചട്ടമ്പി സ്വാമികൾ, ശ്രീനാരായണഗുരു എന്നീ സന്യാസി ശ്രേഷ്ഠന്മാരും, അയ്യങ്കാളി, പാണ്ഡിറ്റ് കറുപ്പൻ, മന്നത്തുപത്മനാഭൻ, കേളപ്പജി തുടങ്ങിയ ഋഷിതുല്യരായ വ്യക്തികളായിരുന്നു. പത്തൊൻപതാം നൂറ്റാണ്ടിൽ കേരളത്തിലൂടെ സഞ്ചരിച്ച വിവേകാനന്ദസ്വാമികൾ ഇവിടുത്തെ പ്രാകൃതമായ സാമൂഹിക വ്യവസ്ഥിതിയുടെ രൂപം കണ്ടിട്ട് ഈ നാടിനെ ഭ്രാന്താലയം എന്ന് വിശേഷിപ്പിച്ചു. എന്നാൽ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം കുറി



Scanned with CamScanner

ച്ചപ്പോഴേയ്ക്കും ഈ നാട് സാമൂഹ്യ അനീതികൾക്കെതിരെയും അനാചാരങ്ങൾക്കെതിരേയുമുള്ള വലുതും ചെറുതുമായ നിരവധി ബഹുജനപ്രസ്ഥാനങ്ങൾക്ക് നേതൃത്വം കൊടുത്തു എന്നത് ശ്രദ്ധേയവും പഠനാർഹവുമായ ഒരു വിഷയമാണ്.

വിവേകാനന്ദസ്വാമികളുടെ പരാമർശനം കേരളത്തിന്റെ മനസ്സാക്ഷിയെ തട്ടിയുണർത്തുക മാത്രമല്ല മറിച്ച് കേരളത്തിന്റെ യുവത്വത്തെ സടകുടഞ്ഞെഴുന്നേൽപിക്കാനുതകുന്ന പ്രേരകശക്തിയായി മാറുകയും ചെയ്തു. ഈ മാറ്റങ്ങൾക്കു പിന്നിൽ പ്രവർത്തിച്ച നിരവധി വ്യക്തിത്വങ്ങളിൽ ചിലരാണ് മുകളിൽ സൂചിപ്പിച്ച ആചാര്യന്മാർ. ഈ ആചാര്യന്മാർ കേരളത്തെ സുബോധമുള്ള മനുഷ്യരുടെ നാടാക്കുന്നതിനുവേണ്ടിയായിരുന്നു ബഹുജനപ്രസ്ഥാനങ്ങൾക്ക് രൂപം നൽകിയത്.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ കേരളം ദർശിച്ച നവോത്ഥാനം ജാതിയതക്കതീതമായ ദേശീയതയുടെ ഉയർത്തെഴുന്നേൽപ്പിനെ സഹായിച്ചു. വിവിധ സമൂഹങ്ങൾ ജാതീയമായി സംഘടിപ്പിക്കുകയും സാമൂഹിക അസമത്വങ്ങൾക്കെതിരെ ജനാധിപത്യാടിസ്ഥാനത്തിൽ നടത്തിയ പൊരുതലുകൾ ഭാരത ജനതനടത്തിയ പൊതുസമരത്തെ ഗണ്യമായി സഹായിച്ചു എന്ന് എ.ആർ. ദേശായി അഭിപ്രായപ്പെടുന്നു. (ഇന്ത്യൻ ദേശീയതയുടെ സാമൂഹ്യപശ്ചാത്തലം) ജാതിയുടെ മൃഗീയവും കിരാതവുമായ ഭാവങ്ങൾ മലയാള മനസ്സിന് ദൃശ്യമാക്കിക്കൊടുക്കുന്നതിൽ വിവേകാനന്ദന്റെ പങ്ക് എത്രമാത്രം വലുതായിരുന്നു എന്ന് കേരളത്തിന്റെ സാമൂഹിക ഘടനയ്ക്കുതന്നെ വിപ്ലവാത്മകമായ മാറ്റങ്ങൾക്കിടനൽകിയ ജനകീയ പ്രസ്ഥാനങ്ങളുടെ ചരിത്രം പരിശോധിച്ചാൽ മതിയാകും. ആർ. സുഗതൻ പറയുന്നു. ഭ്രാന്താലമായ കേരളത്തെ ഉണർത്തുവാനുള്ള മന്ത്രം ഉരുക്കഴിച്ചത് വിവകാനന്ദനായിരുന്നു. ഭ്രാന്താലയമായിരുന്ന തൊഴുത്തിനെ ശുദ്ധീകരിക്കുവാനുള്ള വേലയാണ് പിന്നത്തെ കേരളം കണ്ടത് (കേരള കൗമുദി, 18962 ജനുവരി 22)

കേരളത്തിന്റെ അക്കാലത്തെ സാമൂഹികവ്യവസ്ഥിതി ഉച്ചനീചത്വങ്ങളുടെ ആകത്തുകയായിരുന്നു. ജാതികൾ തമ്മിലുള്ള ബന്ധങ്ങളിൽ നിലനിന്നിരുന്നത്രതന്നെ ഉച്ചനീചത്വങ്ങളും അനാചാരങ്ങളും എല്ലാ ജാതിക്കുള്ളിലും നിലനിന്നിരുന്നു എന്നത് കേരളത്തിന്റെ തനതായ ഒരു സവിശേഷതയായിരുന്നു. അതുകൊണ്ടുതന്നെ എല്ലാ ബഹുജനപ്രസ്ഥാനങ്ങൾക്കും ആഭ്യന്തരവും ബാഹ്യവുമായ ഉച്ചനീചത്വങ്ങൾക്കെതിരെ പട പൊരുതേണ്ടിവന്നു. ഇതായിരുന്നു നമ്പൂതിരി മുതൽ ധീവരൻവരെ എല്ലാ ജാതികളും സംഘടിക്കുവാനുള്ള പശ്ചാത്തലം. അനാചാരങ്ങൾക്കെതിരേയുള്ള ആന്തരികവും ബാഹ്യവുമായ പടപൊരുതലുകൾക്കിടയിലും ഈ ബഹുജനപ്രസ്ഥാനങ്ങൾക്ക് ദേശീ

യതയുടെ സ്വഭാവം ആർജ്ജിക്കുവാൻ കഴിഞ്ഞു. കാരണം എല്ലാ ബഹു ജന പ്രസ്ഥാനങ്ങളും ഹിന്ദുത്വത്തിന്റെ മാനബിന്ദുക്കൾക്കനുസൃതമായി ചിട്ടപ്പെടുത്തിയവ ആയിരുന്നു. ഗാന്ധിജിയും ശ്രീനാരായണഗുരുവും തമ്മിൽ 1925 മാർച്ച് 15ന് ശിവഗിരിയിൽ കണ്ടുമുട്ടിയപ്പോൾ നടന്ന സംഭാഷണമദ്ധ്യേ അർത്ഥശങ്കക്കിടനൽകാത്തവിധം ശ്രീനാരായണ ഗുരു ഗാന്ധിജിയോടു പറഞ്ഞു ആദ്ധ്യാത്മിക മോക്ഷ പ്രാപ്തിക്ക് ഹിന്ദു മതം ധാരാളം പര്യാപ്തം തന്നെ എന്ന് ശ്രീനാരായണഗുരു ഉൾപ്പെ ടെയുള്ള എല്ലാ നവോത്ഥാനനായകന്മാർക്കും ഹിന്ദുത്വത്തെ സംബ ന്ധിയായി ഒരു വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നതായി കാണാൻ കഴിയും. അതുകൊണ്ട്തന്നെ ജാതീയ സംഘടനകൾ സംഘടിപ്പിച്ച ബഹുജനമുന്നേറ്റങ്ങൾക്ക് ജനസാമാന്യത്തിന്റെ ഇടയിൽ ദേശീയ ബോധം വളർത്തുവാൻ സാധിച്ചു.

കേരളത്തിലെ ജാതിവ്യവസ്ഥിതി സൃഷ്ടിച്ച സാമൂഹികാന്തരീ ക്ഷത്തെ പാശ്ചാത്യക്രിസ്ത്യൻ മിഷണറിസംഘങ്ങൾ ചൂഷണം ചെയ്തിരുന്നു. (മിഷണറി രജിസ്റ്ററുകൾ 1814 മുതലുള്ളവ കാണുക) ഇതിന് ഏറ്റവും അധികം ഇരയായി തീർന്നിട്ടുള്ളത് ഈഴവർ മുതൽ തുടങ്ങുന്ന പിന്നോക്ക ജാതിക്കാരായിരുന്നു. ഇവരുടെ ക്രിസ്തുമത ത്തിലേക്കുള്ള ഒഴുക്ക് ദേശീയതയ്ക്ക് വെല്ലുവിളിയായിത്തീരുമെന്ന് ശ്രീനാരായണഗുരുവുൾപ്പെടെയുള്ള വ്യക്തിത്വങ്ങൾ മനസ്സിലാക്കി യിരുന്നു. ദേശീയതയെ സംരക്ഷിക്കുന്നതോടൊപ്പം ദേശീയത ഒരു സാർവ്വത്രികവികാരമാക്കിമാറ്റുന്നതിലും ഇവരുടെ പങ്ക് നിസ്തു ലമാണ്. ഒരു ചെറിയ വിഭാഗത്തിൽ മാത്രം ഒതുങ്ങി നിന്നിരുന്ന ദേശീ യതയെ മതപരിഷ്കരണ പ്രസ്ഥാനങ്ങളിലൂടെയാണ് സമസ്ത സമൂ ഹങ്ങളിലും എത്തിച്ചത് എന്ന് എ.ആർ. ദേശായി വ്യക്തമാക്കുന്നു. (ഇന്ത്യൻ ദേശീയതയുടെ സാമൂഹിക പശ്ചാത്തലം പുറം 386) സ്ഥാനം ഒഴിയുന്ന തിരുവിതാംകൂർ ദിവാൻ പി. രാജഗോപാലാചാരിക്ക് ശിവ ഗിരിയിൽ വച്ച് സമർപ്പിച്ച് മംഗളപത്രത്തിൽ അർത്ഥശങ്കക്കിടമില്ലാത്ത വിധം ഇങ്ങനെ പറയുന്നു. “ഈ സ്ഥാപനം നമ്മുടെ പുരാതനവും ശ്രേഷ്ഠവുമായ ഹിന്ദുമതത്തെ പുലർത്തുന്നതിനും, പശ്ചിമതീരങ്ങ ളിൽ ഹിന്ദുക്കളിൽ പിന്നോക്കം നിൽക്കുന്ന വർഗ്ഗക്കാരുടെ മതാന്തര ത്തിലേക്കുള്ള ഭയങ്കരമായ പ്രവാഹത്തെ നിരോധിക്കുന്നതിനുമായി ഉദ്ദേശിച്ച് ഏർപ്പെടുത്തിയിട്ടുള്ളതും ഇതിനെ മുൻനിറുത്തിയിട്ടുള്ളതും ഞങ്ങളുടെ ശ്രമങ്ങൾ എങ്ങും വ്യാപിപ്പിച്ച് ഫലപ്രദമായി വന്നുകൊ ണ്ടിരിക്കുന്നതുമാകുന്നു” (വിവേകാദയം, 1089 മേടം – ഇടവം / 1914 മെയ്)

ഇക്കാലഘട്ടത്തിൽ കേരളത്തിൽ ഉദയം ചെയ്ത എല്ലാ സമു ദായ സംഘടനകളും ദേശീയതക്കു നേരെ പാശ്ചാത്യ മിഷണറിമാർ ഉയർത്തിയിരുന്ന വെല്ലുവിളികളെ ശക്തമായിത്തന്നെ നേരിട്ടിരുന്നു.



Scanned with CamScanner

അതൊടൊപ്പം ജാതിയെ ഒരു തിന്മയായി കരുതുകയും ഹിന്ദുത്വമുഖ്യധാരയിൽ എല്ലാ സമാജങ്ങളെയും ഒരുമിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുകയും ചെയ്തിരുന്നു. വി.ടി ഭട്ടതിരിപ്പാടു മുതൽ മന്നത്തു പത്മനാഭൻ വരെയും, ശ്രീനാരായണഗുരു മുതൽ പണ്ഡിറ്റ് കറുപ്പൻ വരെയും എല്ലാവരും ജാതി എന്ന തിന്മയെപ്പറ്റി ഒരുപോലെ ബോധവാന്മാരുമായിരുന്നു. പേരിൽപോലും ജാതി ഉണ്ടാവാൻ പാടില്ല എന്ന ബോധം അവരിൽ രൂഢമൂലമായിരുന്നു. ജനകീയ പ്രസ്ഥാനങ്ങൾ / സമുദായ സംഘടനകൾ ഇവ സൃഷ്ടിച്ച പുതിയ അന്തരീക്ഷത്തിന്റെ പ്രത്യക്ഷ ഉദാഹരണമായിരുന്നു കോൺഗ്രസ്സുകാരനല്ലാത്ത മന്നത്തു പത്മനാഭൻ വൈക്കം സത്യാഗ്രഹത്തിനനുകൂലമായി നയിച്ച സവർണ്ണജാഥ. ഇത് സാമൂഹിക ചിന്തകൾക്കപ്പുറമുള്ള ഹൈന്ദവ നവോത്ഥാനത്തിനു ഭാഗമായാണ് (ടി. പി. സുധാകരൻ, വൈക്കം സത്യാഗ്രഹം, കേരളവും സ്വാതന്ത്ര്യസമരവും) അന്നത്തെ ഹൈന്ദവ സമൂഹങ്ങളിൽ സാമൂഹികാവശതകൾ മൂലം ബുദ്ധിമുട്ടനുഭവിച്ചിരുന്ന എല്ലാ വിഭാഗങ്ങളുടെയും സമൂഹിക സമത്വത്തിനുവേണ്ടിയുള്ള സമരങ്ങളും ഉത്പതിഷ്ണുക്കളായ സവർണ്ണ ഹിന്ദുക്കളുടെ സഹകരണവും സാന്നദ്ധ്യവും ഏറെ ഉണ്ടായിരുന്നു എന്നത് ദേശീയ ബോധത്തിന്റെ വളർച്ചയുടെ ഫലമായിരുന്നു. വിശാലമായ ഒരു ഹിന്ദു സാമൂഹ്യ ഘടനയുടെ രൂപപ്പെടലിനുള്ള അന്തരീക്ഷം അക്കാലത്ത് കേരളത്തിൽ സംജാതമായിരുന്നു. അതുകൊണ്ട് പില്ക്കാലത്ത് മന്നവും, ആർ. ശങ്കറും യോജിച്ച് ഹിന്ദുമഹാമണ്ഡലം രൂപീകരിച്ചു. ഇതിനെ കേരളചരിത്രത്തിലെ ഒരു നാഴികക്കല്ലായി കാണാം. ഈ ഹിന്ദു ഐക്യത്തിന്റെ അലകൾ ആർ. ശങ്കറിന്റെ കാലം മുഴുവൻ നിലനിന്നിരുന്നു എന്നതും ശ്രദ്ധേയമാണ്.

ജാതിഭേദമാണ് നൂറ്റാണ്ടുകളായി ഹിന്ദു സമൂഹത്തെ വിഘടിപ്പിച്ചു നിർത്തിയിരിക്കുന്ന അധമശക്തിയെന്ന് എല്ലാ നവോത്ഥാന നായകന്മാരും ഒരുപോലെ മനസ്സിലാക്കിയിരുന്നു. അതുകൊണ്ടാണ് "ജാതിഭേദം പോകണം സോദരത്വമുണ്ടാകണമെന്ന്" ഗുരുദേവൻ പറഞ്ഞത്. ശ്രീശങ്കരന്റെ ദർശനം തന്നെയാണ് ഗുരുദേവന്റെയും ദർശനമെന്ന് ഗുരുദേവൻ തന്നെ നടരാജഗുരുക്കളോട് പറഞ്ഞിട്ടുള്ളതായി അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. "ഭൗതികതയും ആദ്ധ്യാത്മികതയും സമന്വയിപ്പിക്കുന്ന ഒരു അദ്വൈത ദർശനം. അതിന്റെ ഉറവിടം ഭാരതമാണ്. ആ ദർശനത്തിന്റെ ഏറ്റവും തിളക്കമാർന്ന വക്താവാണ് ശ്രീനാരായണ ഗുരുദേവൻ" (പി. പരമേശ്വരൻ ദിശാബോധത്തിന്റെ ദർശനം). ഇക്കാലഘട്ടത്തിൽ നിലവിൽവന്ന എല്ലാ സാമുദായിക പ്രസ്ഥാനങ്ങളും തങ്ങളുടെ സമുദായാംഗങ്ങളിൽ ഹിന്ദുത്വബോധം വളർത്തുന്നതിന് എല്ലാവരും ഒരുപോലെ ശ്രമിച്ചിരുന്നതായി കാണാം. (സി.



Scanned with CamScanner

കേശവൻ, ജീവിതസമരം). ആദ്ധ്യാത്മികയുടെ അടിവേരുകൾ തേടുമ്പോഴും ഹിന്ദുത്വമെന്ന (സനാതനധർമ്മമെന്ന) ദേശീയത എല്ലാ ആചാര്യന്മാരിലും സ്ഫുരിച്ചിരുന്നതായി കാണാൻ കഴിയും.

സമുദായ സംഘടനകളുടെ ജന്മത്തിലൂടെ കേരളത്തിൽ ഒരു സംയുക്തഹൈന്ദവ മുന്നേറ്റത്തിന്റെ അന്തരീക്ഷം സംജാതമായി. ജാതി അതിരുകൾക്കും അപ്പുറത്ത് അതിവിശാലമായ സനാതനധർമ്മത്തിന്റെ അതിരുകളിലേക്ക് തങ്ങളുടെ അനുയായികളെ ആനയിക്കുന്നതിൽ ആചാര്യന്മാർ നേടിയ ഒരു വിജയമായിരുന്നു ഇത്. നായകന്മാരിൽ അനേകം പേർ ശ്രീനാരായണഗുരുവിന്റെ ശിഷ്യത്വം സ്വീകരിച്ചതും, ശ്രീനാരായണഗുരുവിന്റെ സംരംഭങ്ങളിൽ ഉല്പതിഷ്ണുക്കളായ നായന്മാരുടെ സഹകരണം ലഭിച്ചിരുന്നതും ഈ അവസരത്തിൽ ശ്രദ്ധേയമാണ്. ഈ സംയുക്ത ഹൈന്ദവ മുന്നേറ്റത്തിൽ ചട്ടമ്പിസ്വാമികളുടെ സ്വാധീനവും സ്മരണീയമാണ്. ടി.കെ. മാധവനും, മന്നത്ത് പത്മനാഭനുമായി ഉണ്ടായിരുന്ന ആത്മബന്ധം ഈ മുന്നേറ്റത്തിന്റെ വേഗതയെ ത്വരിതപ്പെടുത്തിയിരുന്നു. ടി.കെ. മാധവന്റെ അകാലചരമം ഹിന്ദുഐക്യത്തെ പ്രതികൂലമായി ബാധിച്ചിരുന്നില്ലേ എന്ന ചോദ്യം ഇപ്പോഴും അവശേഷിക്കുന്നു. മന്നത്തെയും, ടി.കെ. മാധവനെയും രാമ-ലക്ഷ്മണന്മാരായി കേരള സമൂഹത്തിനു കാണാൻ കഴിഞ്ഞു എന്നതും സാമുദായിക സംഘടനകൾ ഹൈന്ദവ പ്രസ്ഥാനങ്ങളായി കഴിഞ്ഞിരുന്നു എന്നതിന്റെ തെളിവും കൂടിയാണ്. ജാതി സംഘടനകളുടെ വിശാലമായ ഐക്യത്തിനുള്ള അന്തരീക്ഷം ഇവിടെ സംജാതമായിരുന്നു. ഹിന്ദുത്വബോധത്തിന്റെ വളർച്ച ഇതേ നിലയിൽ തുടരാൻ കഴിഞ്ഞിരുന്നെങ്കിൽ ജാതിരഹിത ഹിന്ദു സമൂഹത്തിന്റെ വളർച്ചയെ സാധൂകരിച്ചേനെ.

ശ്രീനാരായണ ഗുരുവും, അയ്യങ്കാളിയും, പണ്ഡിറ്റ് കറുപ്പനും, ആശാനും തുടങ്ങി ഒട്ടനവധിയായ സാമൂഹ്യ പരിഷ്കർത്താക്കളുടെ നിരന്തരമായ ശ്രമം കൊണ്ട് കേരളത്തിലെ പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾ വളരെ വേഗം ഒരു പരിഷ്കൃത സമുദായത്തിനുവേണ്ടതെല്ലാം നേടിയെടുത്തു (പി.കെ. ഗോപാലകൃഷ്ണൻ, കേരളത്തിന്റെ സാംസ്കാരിക ചരിത്രം, പുറം 512) കഴിഞ്ഞ നൂറ്റാണ്ടിന്റെ രണ്ടാമത്തെ ദശകം പിന്നിടുമ്പോൾ പിന്നോക്കക്കാരായ വിദ്യാർത്ഥികൾ കലാലയങ്ങളുടെ എല്ലാ ശ്രേണികളിലും ഗണ്യമായി വർദ്ധിച്ചിരുന്നു. നൂറു വർഷക്കാലം ക്രിസ്ത്യൻ മിഷണറിമാരുടെ ശ്രമഫലമായി ഉണ്ടായതിനേക്കാൾ അധികം പുരോഗതി സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനഫലമായി പത്തുകൊല്ലം കൊണ്ട് നേടാൻ കഴിഞ്ഞു (പി.കെ. ഗോപാലകൃഷ്ണൻ) ഈ മാറ്റങ്ങൾ ജാതി വ്യവസ്ഥിതിയുടെ കാഠിന്യം കുറച്ചുവെങ്കിലും ജാതി ഒരു സ്വാഭാവിക ഘടനയായിതന്നെ ഇന്നും തുടരുന്നു. ഇത് ചരിത്രപരമായ കാര്യങ്ങളാലാവാം. എങ്കിലും



Scanned with CamScanner

വളരെ പ്രബലമായ രാജനൈതിക കാരണങ്ങളും ഈ പ്രതിഭാസത്തിൽ ദർശിക്കാൻ കഴിയും. കേരളത്തിലെ ജാതീയ ഉച്ചനീചത്വങ്ങൾക്കെതിരേ സമരം നയിച്ച ആചാര്യന്മാർ സ്വപ്നം കണ്ടിരുന്ന ജാതിരഹിത ഹിന്ദു സമൂഹം ഇന്ന് എവിടെ എത്തിനില്ക്കുന്നു എന്ന് പരിശോധിക്കുന്നത് നന്നായിരിക്കും.

ശ്രേണികളായി രൂപപ്പെട്ട സാമൂഹിക നവോത്ഥാന പ്രസ്ഥാനങ്ങളിൽ ജനസംഖ്യാപരമായി മുൻതൂക്കമുള്ള നായന്മാരുടെയും ഈഴവരുടെയും പ്രസ്ഥാനങ്ങൾക്ക് കേരളത്തിന്റെ മാറ്റങ്ങൾക്ക് നേതൃത്വം നൽകുവാൻ കഴിഞ്ഞു എന്നത് സ്വാഭാവികമത്രെ. അതിലധികമായി നേതൃത്വം നൽകിയ ആചാര്യന്മാരുടെ ധിഷണാശക്തിയുടെ സ്വാധീനവും ഉണ്ട്. മറ്റ് സമുദായങ്ങൾ സംഘടനാപരമായും ആശയപരമായും ഈ രണ്ടു സമൂഹങ്ങളുടെ നവോത്ഥാനമാതൃക പിൻതുടർന്നിരുന്നു. താരതമ്യേന ജനസംഖ്യാപരമായി ചെറുതായിരുന്ന പല സമൂഹങ്ങളുടെയും പ്രസ്ഥാനങ്ങൾക്ക് വഴികാട്ടിയായി നിന്നിരുന്നത് ശ്രീനാരായണഗുരുവായിരുന്നു എന്ന് സൂക്ഷ്മമായി പരിശോധിച്ചാൽ മനസ്സിലാക്കാം. ശ്രീശങ്കരനിൽ നിന്ന് ഒട്ടും ഭിന്നമല്ല തന്റെ ദർശനം എന്ന് നാരായണഗുരുതന്നെ വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ട് കേരളത്തിൽ ഉളവായ എല്ലാ ഹൈന്ദവ നവോത്ഥാന പ്രസ്ഥാനങ്ങൾക്കും ശങ്കരദർശനത്തിന്റെ പിൻബലമുണ്ടായിരുന്നു. ഈ സത്യം വിരൽ ചൂണ്ടുന്നത് ദേശിയതയും നവീകരണവും കേരളത്തിന്റെ കാര്യത്തിൽ ഭിന്നമല്ലെന്നു തന്നെയാണ്.

ഇരുപതാം നൂറ്റാണ്ടിൽ രൂപംകൊണ്ട ജാതീയ ഉച്ചനീചത്തങ്ങൾക്കെതിരേയുള്ള കേരളത്തിലെ ബഹുജനപ്രസ്ഥാനങ്ങൾ ഹിന്ദു സമൂഹത്തിന്റെ സമഗ്രമായ ഏകീകരണത്തിനുള്ള അന്തരീക്ഷം സൃഷ്ടിച്ചിരുന്നു. (കൃഷ്ണചൈതന്യ, കേരള) ഈ അവസ്ഥ ഈ നൂറ്റാണ്ടു മുഴുവൻ നിലനിന്നില്ല എന്നു മാത്രമല്ല ഇതിന് ഭംഗം നേരിട്ടതായും കാണാൻ കഴിയും. തുടക്കത്തിൽ അദ്ധ്യാത്മികതയിലും ദേശീയതയിലും ഊന്നിനിന്ന പ്രസ്ഥാനങ്ങളിൽ പ്രത്യേകിച്ച് ഈഴവ പ്രസ്ഥാനങ്ങളിൽ ഭൗതിക വാദത്തിന്റെ വക്താക്കൾക്ക് സ്ഥാനം ലഭിച്ചു എന്നത് മുരടിപ്പിന്റെ തുടക്കമായിരുന്നു. എന്ന് പിൽക്കാലചരിത്രം പരിശോധിച്ചാൽ മനസ്സിലാകും. സഹോദരൻ അയ്യപ്പനെപ്പോലെയുള്ളവർ പ്രചരിപ്പിച്ചുവന്ന ചിന്താഗതികൾ അവരുടെ വിപ്ലവ (കമ്മ്യൂണിസ്റ്റ്) പ്രവണതകൾക്ക് ശക്തിവർദ്ധിപ്പിച്ചു. (ഇ.എം.എസ്സിന്റെ ആത്മകഥ പു 173) വളരപ്പെട്ടെന്ന് കമ്മ്യൂണിസ്റ്റുകൾക്ക് ഈഴവ സമൂഹത്തെ രാഷ്ട്രീയവൽക്കരിച്ച് വോട്ടു ബാങ്കുകളാക്കി മാറ്റാൻ കഴിഞ്ഞു എന്നത് ജാതി രാഷ്ട്രീയത്തിലെ മുഖ്യമായി വഴിത്തിരിവായി മാറി. ജാതീയതയല്ല വർഗ്ഗമാണ് യാഥാർത്ഥ്യമെന്നു വിശ്വസിച്ചിരുന്ന കമ്മ്യൂണിസ്റ്റുകൾ അധി



Scanned with CamScanner

കാരത്തിനോടുള്ള അടങ്ങാത്ത ആസക്തിയിൽ വർഗ്ഗസംഘർഷത്തെ ജാതി പ്രീണനമാക്കി മാറ്റി. പുതിയ രാഷ്ട്രീയാന്തരീക്ഷം വോട്ടുബാങ്കുകൾ സൃഷ്ടിക്കലാണ് എന്നു മനസ്സിലാക്കിയ ഇതരജാതികളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഇവരുടെ ചുവടുകൾ മാറ്റി ചവിട്ടിതുടങ്ങി. ഇത് ജാതിയെ നിഷേധിക്കാതെ തന്നെ ഹിന്ദുഐക്യം എന്ന ലക്ഷ്യത്തിനേറ്റ ആഘാതമായിരുന്നു. വൈക്കം, ഗുരുവായൂർ സത്യാഗ്രഹങ്ങളിൽ ഇത്തരം ഒരു ഐക്യത്തിന്റെ അടിയൊഴുക്കുകൾ രൂപപ്പെടുകയും, അത് പിന്നീട് ഹിന്ദുമഹാമണ്ഡലത്തോളമെത്തുകയും ചെയ്തിരുന്നതാണ്. ഈ ശ്രേഷ്ഠമായ സങ്കല്പത്തിന് വിരുദ്ധമായ സാഹചര്യങ്ങളാണ് ഇന്ന് നിലവിലിരിക്കുന്നത്.

പുതിയ രാഷ്ട്രീയാന്തരീക്ഷം കേരളത്തിന്റെ കാര്യത്തിൽ അദ്ധ്യാത്മികയുടെയും ഭൗതികതയുടെയും വഴിപിരിയലിനിടയാക്കി. ഭൗതികാദ്ധ്യാത്മിക മേഖലകൾ തമ്മിലുള്ള വൈരുദ്ധ്യം ഭാരതീയ പാരമ്പര്യത്തിന്റെ ഭാഗമല്ല. (എം.ജി.എസ്സ്. നാരായണൻ, ചരിത്രത്തിൽ ഭാരതീയമായ കാഴ്ചപ്പാട്) ഈ വഴിപിരിയൽ വിശിഷ്ടങ്ങളായ അദ്ധ്യാത്മിക മാതൃകകളെ യുവതലമുറയ്ക്ക് അന്യമാക്കുക മാത്രമല്ല യുവാക്കളിൽ ദിശാബോധം നശിപ്പിക്കുകയും ചെയ്തു. സ്വന്തം ആത്മീയ ഭദ്രത കൈമോശം വന്ന ഒരുരാഷ്ട്രത്തിന് യാതൊരു ഭാവിയുമില്ലെന്ന് ചരിത്രം പഠിപ്പിക്കുന്നു. (പി. പരമേശ്വരൻ, ദിശാബോധത്തിന്റെ ദർശനം). യൂറോപ്പിലെ മതനവീകരണ പ്രസ്ഥാനങ്ങൾക്ക് ഏതാണ്ട് സമാനമായിരുന്ന കേരളത്തിലെ നവോത്ഥാന പ്രവർത്തനങ്ങൾക്ക് കൈമോശം വന്നത് യൂറോപ്പിന് ഉണ്ടാക്കാൻ കഴിഞ്ഞ വ്യവസായ വിപ്ലവം തന്നെയായിരുന്നു. അതിന്റെ കാരണം കേരളത്തിന് അതിന്റെ ആത്മീയഭദ്രത കൈവിട്ടുപോയതുതന്നെ ആകാം.

ജാതിക്കുള്ള പ്രസക്തി ഒരു നൂറ്റാണ്ടിനു ശേഷവും കേരളത്തിൽ നിലനില്ക്കുന്നു. അതുകൊണ്ടുതന്നെ ജാതി സമൂഹ ജീവിതത്തിൽ ഇന്നും സജീവമായിതന്നെ തുടരുന്നു. രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക കാരണങ്ങൾ ജാതീയതയെ കേരളത്തിൽ സജീവമാക്കിത്തീർത്തിരിക്കുന്നു. തെക്കൻ ഭാരതത്തിൽ അറുപതുകളിൽ സജീവമായിത്തീർന്ന ജാതി വികാരം രാഷ്ട്രീയവൽക്കരിക്കപ്പെട്ടെങ്കിലും അവ ദേശീയ വിരുദ്ധമല്ല എന്ന് ചരിത്രം തെളിയിച്ചു. ഡി.എം.കെ., ടി.ഡി.പി, എ.ഐ.എ.ഡി.എം.കെ., പി.എം.കെ. മുതലായ കക്ഷികളുടെ ചരിത്രം ഉദാഹരിക്കപ്പെടാവുന്നതാണ്. കേരളത്തിലും ജാതിസംഘടനകൾ ഇന്നും ദേശീയവിരുദ്ധവും, ഹിന്ദുവിരുദ്ധവുമല്ല എന്നതും ആശാവഹമത്രെ. ഭാരതത്തിൽ പൊതുവിൽ ജാതിസംഘടനകൾ സാമ്പത്തിക, വിദ്യാഭ്യാസ വളർച്ചയെ ഗണ്യമായി സഹായിക്കുന്നു എന്നതും പരക്കെ അംഗീകരിക്കപ്പെട്ട സത്യമാണ്. ജാതിസംഘടനകൾ പര



Scanned with CamScanner

സ്പരം കലഹിക്കുന്ന പ്രവണത ഉണ്ടാകാതെ നോക്കിയാൽ ഒരു പക്ഷെ ഇവയുടെ പ്രവർത്തനം ഹിന്ദുത്വത്തിന് ശക്തിപകർന്നേക്കാം. കാരണം ഈ സംഘടനകളിൽ ഹിന്ദുത്വത്തിന് ഇപ്പോഴും ഉള്ള മുൻതൂക്കം തന്നെ.

## 5. നേതൃത്വം തേടുന്ന കീഴാള സ്വത്വബോധം

പത്തൊൻപതാം നൂറ്റാണ്ട് കേരളത്തെ പൊതുവിലും, പ്രത്യേകിച്ച് തിരുവിതാംകൂറിനെയും സംബന്ധിച്ചിടത്തോളം ഒരു വഴിത്തിരിവിന്റെ (Turning Point)കാലഘട്ടമായിരുന്നു. ഇക്കാലഘട്ടം ഭാരതത്തെ ആകമാനം ഒരു നൂതനപ്പിറവിയുടെ (Renaisance) അവസ്ഥയിലേയ്ക്ക് നയിച്ചപ്പോൾ കേരളം മൊത്തത്തിൽ ഒരുതരം സുഷുപ്തിയിലാണ്ടു പോയി. യൂറോപ്പിൽ നവോത്ഥാനം വ്യപിച്ചപ്പോൾ ജർമ്മനി കേരളത്തിന്റേതിനു സമാനമായ ഒരവസ്ഥയിലായിരുന്നു. പിന്നീട് ജർമ്മനി മതനവീകരണപ്രസ്ഥാനത്തിന്റെ കേളികൊട്ടു നടത്തിയതുപോലെ കേരളം അടുത്ത നൂറ്റാണ്ടിൽ സമൂഹപരിഷ്കരണ പ്രസ്ഥാനങ്ങളുടെ പണിപ്പുരയായി മാറി. ആയിരത്തി എണ്ണൂറുകളിലെ കേരളം കൊളോണിയൽ മാതൃകകളുമായി താദാത്മ്യം പ്രാപിക്കുന്നതിനുള്ള തത്രപ്പാടിലായിരുന്നു. ഇത് ഏതാണ്ടൊരു ലേബർ പെയിൻ ഘട്ടമായിരുന്നു. ഈ നാടിനെ സംബന്ധിച്ചിടത്തോളം അന്ന് തിരുവിതാംകൂറിലും, കൊച്ചിയിലും, മലബാറിലും രൂപപ്പെട്ടുവന്ന പുതിയ രാഷ്ട്രീയാന്തരീക്ഷം കൊളോണിയൽ ആധിപത്യത്തിന് വ്യവസ്ഥാപിതമാർഗ്ഗങ്ങളിലൂടെ പുതിയ സമ്പ്രദായങ്ങളും, മാതൃകകളും സാർവ്വത്രികമാക്കാനും കഴിഞ്ഞു.

സാർവ്വത്രികമായിക്കഴിഞ്ഞ കൊളോണിയൽ സമ്പ്രദായങ്ങളോടൊപ്പം ക്രിസ്ത്യൻ മിഷനറി പ്രവർത്തനവും ശക്തിയാർജ്ജിച്ചപ്പോൾ അതിനു വിധേയപ്പെടേണ്ടിവന്ന ജനവിഭാഗങ്ങളിൽ ഒരു പുതിയ തിരിച്ചറിവിന്റേതായ അവസ്ഥാവിശേഷം രൂപപ്പെട്ടു. പത്തൊൻപതാം നൂറ്റാണ്ടിൽത്തന്നെ കേരളത്തിന്റെ മലബാർ പ്രദേശങ്ങൾ പൂർണ്ണമായും സാമ്രാജ്യവ്യവഹാരത്തിന്റെ ഭാഗമായിത്തീർന്നു. ഇതിലൂടെ ഇവിടെ പുത്തൻ സാമ്പത്തിക-സാമൂഹിക-രാഷ്ട്രീയ-വ്യവസ്ഥകൾ രൂപം പ്രാപിച്ചു. പോസ്റ്റൽ സമ്പ്രദായം, ഹജ്ജൂർ കച്ചേരികൾ, പള്ളിക്കൂടങ്ങൾ, റോഡുകൾ, വാർത്താവിനിമയ സമ്പ്രദായങ്ങൾ എല്ലാംകൂടി ഈ നൂതനവ്യവഹാര ക്രമത്തെ മലബാറികളുടെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റി. പുതിയ വ്യവഹാരത്തിന്റെ അവിഭാജ്യഘടകമായിരുന്നു മിഷണണറി പ്രവർത്തനം മലബാറിലെ ഈ മാറ്റത്തെ അളവറ്റ നിലയിൽ സഹായിച്ചിരുന്നു.

തിരുവിതാംകൂറിലെ ഭരണാധികാരിയായിരുന്ന റാണി ഗൗരിലക്ഷ്മിഭായിയുടെ ദൗർബല്യങ്ങളെ മുതലെടുത്തുകൊണ്ട് കേണൽ



Scanned with CamScanner

മൺറോ മിഷനറിമാരുടെ സഹായത്തോടെ തിരുവിതാംകൂറിന്റെ കൊളോണീകരണത്തിനു തുടക്കമിട്ടു. ഇതിനുവേണ്ടി അലോപ്പതി വൈദ്യവും, വിദ്യാഭ്യാസവും മിഷണറിമാരുടെ കൈകളിൽ ഏൽപ്പി ച്ചുകൊടുക്കയും ചെയ്തു. ഇതിനു സമാനമായ അന്തരീക്ഷം കൊച്ചി രാജ്യത്തു ചിട്ടപ്പെടുത്തിയെടുക്കുന്നതിൽ ബ്രിട്ടീഷ് മേൽക്കോയ്മ വിജ യിച്ചു. മിഷൻ പ്രവർത്തനങ്ങളുടെ വിജയത്തിന് എൺപതു ശതമാന ത്തിലധികം വരുന്ന കീഴാളജനതകളുടെ സാക്ഷരത ഒരനിവാര്യഘട കവുമായിരുന്നു. അതുകൊണ്ട് സാർവ്വത്രികസാക്ഷരത എന്ന ആശയം പ്രായോഗികതലത്തിലെത്തിക്കുന്നതിനുള്ള ശ്രമത്തിലായിരുന്നു പത്തൊൻപതാം നൂറ്റാണ്ടിൽ ഇവിടെ പ്രവർത്തിച്ചിരുന്ന എല്ലാ മിഷ ണറി സമൂഹങ്ങളും. ഗുണ്ടർട്ടു മുതൽ ബെയിലിവരെയുള്ള എല്ലാ മിഷ ണറിമാരും ഇംഗ്ലീഷുപഠനത്തിനു തീരെ ചെറിയ പരിഗണന മാത്രമേ നൽകിയിരുന്നുള്ളൂ. ബൈബിളിനെ ഇവിടുത്തെ കീഴാളസമൂഹങ്ങൾക്ക് പരിചയപ്പെടുത്തുക എന്നതായിരുന്നു അവരുടെ മുഖ്യമായ കാര്യപ രിപാടി. അതുകൊണ്ടായിരുന്നു മലയാള (ഗദ്യം) ഭാഷയെ വ്യവഹാര ഭാഷയും, അച്ചടിഭാഷയും ആക്കുന്നതിനുള്ള യജ്ഞത്തിന് ആദ്യമേ തന്നെ തുടക്കം കുറിച്ചത്. തുടർന്ന് മലയാളഗദ്യം എഴുതാനും വായി ക്കാനും ജനസാമാന്യത്തെ തയ്യാറാക്കുന്നതിനുവേണ്ടി നിരവധി പരോ ക്കിയൽ (എലിമെന്ററി) സ്കൂളുകളുടെ സ്ഥാപനവും നടത്തിപ്പുമായി രുന്നു അവരുടെ മുഖ്യശ്രദ്ധ.

തുടക്കത്തിൽ ക്രിസ്തുമതപ്രവർത്തനത്തിന് പല വിപ്ലവകരമായ ആശയങ്ങളെയും ജനഹൃദയങ്ങളിലെത്തിക്കാൻ കഴിഞ്ഞു. അടിമവ്യ വസ്ഥിതിക്കെതിരായ വികാരം, ജാതിയുടെ പേരിലുള്ള അസമത്വത്തെ വെല്ലുവിളിക്കാനുള്ള ചങ്കൂറ്റം. സാമൂഹ്യനീതിക്കുവേണ്ടി പോരാടാനുള്ള ത്വര തുടങ്ങിയ നവീനവിപ്ലവാശയങ്ങളെക്കുറിച്ചുള്ള ബോധം ഇവ സമസ്ത ജാതികളിലും അങ്കുരിപ്പിക്കുന്നതിൽ മിഷ ണറി സമൂഹങ്ങൾ വിജയം വരിച്ചു എന്നു പറയുന്നതിൽ വലിയ തെറ്റി ല്ലെന്നു തോന്നുന്നു. ഒപ്പം അനുദിനമെന്നോണം ശുഷ്കമായിക്കൊ ണ്ടിരിക്കുന്ന ഹിന്ദുജനസംഖ്യയെക്കുറിച്ചുള്ള ആശങ്കയും സമൂഹ ത്തിലെ ചില ക്രാന്തദർശികളിൽ ജനിക്കുകകയും ചെയ്തു. അത്തര ത്തിലുള്ള ഒരു ജ്ഞാനോദ്ദീപനമായിന്നു നമുക്ക് ചട്ടമ്പിസ്വാമികളിൽ ദർശിക്കാൻ കഴിയുന്നത്. സ്വാമികളുടെ രംഗപ്രവേശം ഒരു പുതിയ സന്യാസപരമ്പരയ്ക്കു രൂപം നൽകി. ആ പരമ്പരയിലെ ഏറ്റവും വലിയ വിപ്ലവകാരിയായ ഋഷിശ്രേഷ്ഠനായിരുന്നു ശ്രീനാരായണഗുരു. ശ്രീനാ രായണനിലൂടെ ഒരുകാലത്ത് ഭ്രാന്താലമായിരുന്ന കേരളം നേടിയത് സമസ്ത കീഴാളസമൂഹങ്ങളുടെ മോചനമായിരുന്നു. എന്നാൽ ഇത്ത രമൊരു മോചനം ഇവിടെ ഒരു കീഴാള-മേലാള സംഘർഷത്തിന്



Scanned with CamScanner

ഇടനൽകിയില്ലെന്നു മാത്രമല്ല മറിച്ച്, തീവ്രമായ ഒരു ഹിന്ദുത്വബോധം സമസ്ത ഹൈന്ദവജാതികളിലും സൃഷ്ടിക്കാനും കഴിഞ്ഞു. അതുകൊണ്ടുതന്നെ കേരളം ചെറുതും വലുതുമായ നിരവധി ജാതിനവീകരണ പ്രസ്ഥാനങ്ങളുടെ ഈറ്റില്ലമായിത്തീരുകയും ചെയ്തു.

കേരളത്തിൽ ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ തുടക്കം ഹിന്ദുനവീകരണ പ്രസ്ഥാനങ്ങളുടെ പിറവിയോടുകൂടി ആയിരുന്നു എന്നുപറയുന്നതിൽ അപാകതയില്ല. എല്ലാ നവീകരണ പ്രസ്ഥാനങ്ങളും സനാതനധർമ്മത്തിന് ഊന്നൽ നൽകിയിരുന്നതുകൊണ്ട് ഇവിടെ ഒരു ഹിന്ദു ഐക്യം എന്ന ആശയം രൂപപ്പെടുത്തുന്നതിന് ഇടനൽകി. ചരിത്രപരമായ കാരണങ്ങളാൽ ഹിന്ദു ഐക്യം എന്ന സ്വപ്നം ഇന്നും "തിരുനക്കര" തന്നെ നില്ക്കുന്നു.

സ്വാതന്ത്ര്യാനന്തരകാലഘട്ടത്തിൽ ശ്രീനാരായണഗുരു, ഡോ. പൽപ്പു, കുമാരനാശാൻ, അയ്യങ്കാളി മുതലായവർ തുടങ്ങിവച്ച പ്രസ്ഥാനങ്ങൾക്കുണ്ടായ ക്രാന്തദർശികളായ നേതൃത്വപരമ്പരകളുടെ അഭാവം മൂലം ഈ പ്രസ്ഥാനങ്ങൾക്ക് പുതിയ ലക്ഷ്യങ്ങൾ കണ്ടെത്തുന്നതിനോ അത് നേടുന്നതിനോ കഴിയാതെ പോവുകയും ചെയ്തു. സാമൂഹ്യനീതിക്കുവേണ്ടി യത്നിച്ച പ്രസ്തുത പ്രസ്ഥാനങ്ങൾ ലക്ഷ്യം കൈവരിച്ചതിനുശേഷം തുടങ്ങേണ്ട സാമ്പത്തികനീതിക്കുവേണ്ടിയുള്ള സമരരംഗത്തേക്കു കടക്കാൻ കഴിയാതെപോയതും പിൽകാല നേതൃത്വനിരയുടെ ഉൾക്കാഴ്ചയുടെ അഭാവമോ, വൈകല്യമോ ആണ്. ഇത് കമ്മ്യൂണിസ്റ്റ് ആശയങ്ങൾക്ക് കീഴാളസമൂഹങ്ങളിൽ നല്ല വേരോട്ടം ലഭിക്കുന്നതിനിടനൽകി. ഇത് കേരളത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ-ചരിത്രത്തിലെ ഒരു പുതിയ അദ്ധ്യായത്തിന്റെ തുടക്കമായിരുന്നില്ലേ?

ഇരുപതാം നൂറ്റാണ്ടിൽ കേരളത്തിലാരംഭിച്ച നവീകരണയത്നങ്ങൾ സമൂഹവ്യവസ്ഥിതിയുടെ നവീകരണ/പുനഃക്രമീകരണത്തിൽ മാത്രമായിരുന്നു ഊന്നൽ നൽകിയിരുന്നത്. ക്ഷേത്രപ്രവേശനവിളംബരത്തോടുകൂടി സാമൂഹ്യസമത്വത്തിനുവേണ്ടിയുള്ള ആവശ്യം അനുക്രമമായി ശമിച്ചു. തുടർന്ന് സാമ്പത്തിക സമത്വത്തിനുവേണ്ടിയുള്ള ത്വര കീഴാളസമൂഹങ്ങളിൽ ശക്തമായിത്തിരുകയും ചെയ്തു. കമ്മ്യൂണിസ്റ്റ് ആശയങ്ങൾക്ക് കിട്ടിയ പ്രചാരണത്തിന്റെ അംഗീകാരമായിരുന്നു ഒരു പരിധിവരെ ഈ മാറ്റത്തിനും കാരണമായിത്തീർന്നത്. ഹിന്ദുനവീകരണപ്രസ്ഥാനങ്ങളുടെ ഒന്നാം നിരയിൽപ്പെട്ട നാരായണഗുരു മുതൽ ആശാൻ വരെയുള്ള ക്രാന്തദർശികളിൽ പലരും ഇക്കാലഘട്ടത്തിൽ സ്വർഗ്ഗപ്രാപ്തരായിക്കഴിഞ്ഞിരുന്നു. രണ്ടാം നിരയിൽപ്പെട്ട നേതാക്കളിൽ മിക്കവരും സാമ്പത്തികനീതിയുടെ അനിവാര്യതയെക്കുറിച്ച് വേണ്ടത്ര ബോധവാന്മാരും ആയിരുന്നില്ല. അതോടൊപ്പം സാമ്പത്തിക നീതിക്കുവേണ്ടിയുള്ള യജ്ഞങ്ങൾ കീഴാളരുടേതുമാത്ര

മായി ചുരുങ്ങുകയും ചെയ്തു. ക്ഷേത്രപ്രവേശന സമരമുൾപ്പെടെയുള്ള സാമൂഹ്യനീതിക്കുവേണ്ടിയുള്ള എല്ലാ പ്രസ്ഥാനങ്ങളിലും സവർണ്ണ ജാതികൾക്കായിരുന്നല്ലോ നെടുനായകത്വം. പക്ഷെ സാമ്പത്തിക നീതിക്കുവേണ്ടിയുള്ള മുറവിളികൾ കീഴാളരുടേതുമാത്രമാവുകയും സവർണ്ണർ അതിനെ ആവുന്നത്ര എതിർക്കുകയും ചെയ്തു. ഈ പ്രത്യേക സാഹചര്യങ്ങളെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾക്കു മുതലാക്കാനും കഴിഞ്ഞു. (ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെ അപചയ കാരണങ്ങളിൽ ഒന്നാണല്ലോ സാമ്പത്തികനീതി ഉറപ്പാക്കുന്നതിനുള്ള നിയമനിർമ്മാണ ശ്രമങ്ങൾ - ചെറിയാൻ ഫിലിപ്പ് കാൽനൂറ്റാണ്ട്)

സംഘടനയും സമരവും സത്യാഗ്രഹവുമൊക്കെ ചിരപരിചിതങ്ങളായിത്തീർന്ന കീഴാളവർഗ്ഗങ്ങളെ സംഘടിപ്പിക്കുന്നതിന് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾക്ക് വലിയ ബുദ്ധിമുട്ടൊന്നും അനുഭവിക്കേണ്ടിവന്നില്ല. നേരേമറിച്ച് കേരളത്തിലേതിനു സമാനമായ സാമൂഹ്യവിപ്ലവങ്ങൾക്ക് സാക്ഷ്യം വഹിക്കാതിരുന്ന ഭാരതത്തിന്റെ ഇതരഭാഗങ്ങളിൽ കമ്മ്യൂണിസം വേരോടിയില്ല എന്ന വസ്തുത വിസ്മരിക്കാനാവില്ല. തിരുവിതാംകൂറിന്റെ കാർഷിക വ്യവസായ മേഖലകളിൽ കമ്മ്യൂണിസം ശക്തിയാർജ്ജിച്ചു. അതിന്റെ ഫലമായുണ്ടായ പുന്നപ്ര-വയലാർപോലുള്ള സായുധസമരങ്ങളിലൂടെ സൃഷ്ടിക്കപ്പെട്ട രക്തസാക്ഷികൾ കീഴാളസമൂഹങ്ങളിൽപെട്ടവരുമായിരുന്നു. ഇത് ഇവരിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവുമായുള്ള ബന്ധം പ്രത്യയശാസ്ത്രത്തേക്കാളുപരി ഉള്ള ഒരു ആത്മബന്ധത്തിനുമിടനൽകി. തൊഴിലും കൂലിയും കണക്കുപറഞ്ഞു നേടാൻ കഴിഞ്ഞ ഈഴവരുൾപ്പെടെയുള്ള കീഴാളവർഗ്ഗങ്ങൾ രാഷ്ട്രീയ-സാമ്പത്തിക-സാമൂഹ്യ മേഖലകളിൽ നിന്നേടത്തുതന്നെ നില്ക്കേണ്ടിവന്നു. കുന്തക്കാർ പത്രോസിനെപ്പോലെയുള്ളവരെ ചരിത്രത്തിൽനിന്നും പോലും നിഷ്കാസനം ചെയ്ത (കെ.വി. പത്രോസ്, കുന്തക്കാരനും ബലിയാടും, ജി. യദുകുലകുമാർ) ഈ സത്യം കീഴാളസമൂഹങ്ങൾ മനസ്സിലാക്കാൻ അഞ്ചുപതിറ്റാണ്ടുകളെടുത്തു. ചരിത്രത്തിന്റെ ദൃഷ്ടിയിൽ ഇതൊരു ഹ്രസ്വകാലഘട്ടം മാത്രമാണെങ്കിലും കീഴാളസാമൂഹിക മുന്നേറ്റത്തെ സംബന്ധിച്ചിടത്തോളം വന്ധ്യവും ആശയറ്റതുമായ സംവത്സരങ്ങളുടേതാണ്.

കള്ളുചെത്തുവ്യവസായവുമായി ബന്ധപ്പെട്ട രണ്ടുസമൂഹങ്ങളാണ് തമിഴ്നാട്ടിലെ നാടാനും കേരളത്തിലെ ഈഴവനും. എന്നാൽ നാടാനെ ഇന്ന് ലോകം തിരിച്ചറിയുന്നത് വ്യവസായികളും വ്യപാരികളുമടങ്ങുന്ന ഒരു ഉപരിവർഗ്ഗമായാണ്. എന്നാൽ സാംസ്കാരിക-സാമ്പത്തിക-വിദ്യാഭ്യാസ രംഗത്ത് കേരളത്തിലെ ഇതര ഉപരിസമൂഹങ്ങളോട് കിടപിടിക്കാൻ കഴിയുന്ന ഈഴവരെ പുറംലോകം അറിയുന്നത് കള്ളുചെത്തുകാരായാണ്. ഏതാണ്ട് മുക്കാൽ കോടിയിലധികം വരുന്ന



Scanned with CamScanner

ഈഴവരിലെ ഏതാനും ആയിരം വരുന്നവരാണ് ചെത്തുതൊഴിലാളികൾ. ഇത് ഒരു പ്രതിഷ്ഠാപനപ്രക്രിയയാണ്. അതുകൊണ്ടുതന്നെ ഈഴവരുടെ പ്രശ്നം ചെത്തുതൊഴിലാളികളുടെ പ്രശ്നമായി ലഘൂകരിക്കപ്പെട്ടു. ഒരു സമൂഹത്തിലെ ഏതാനും ചിലരുടെമാത്രം തൊഴിൽ കണക്കിലെടുത്ത് ആ സമൂഹത്തെ സമൂലമായി വായിക്കുന്നതിന് ഇടയായത് ഒരുപക്ഷേ, ആ സമൂഹം വെറും വോട്ട്ബാങ്ക് ആയി അധഃപതിച്ചതുകൊണ്ടാവാം. ചെത്തുതൊഴിലാളി യൂണിയൻ നേതൃത്വം കയ്യാളുന്നവർക്ക് ഇത്തരമൊരു സമ്പൂർണ്ണവൽക്കരണം അനിവാര്യമായിരുന്നേക്കാം. അതുകൊണ്ട് ശ്രേഷ്ഠമായ ഒരു സമൂഹത്തിന് അവരുടെ ശരിയായ സ്വത്വം ലോകസമക്ഷം അവതരിപ്പിക്കുന്നതിന് കഴിയാതെ പോയി. അക്കാരണം കൊണ്ടുതന്നെ ഇന്നവർ കമ്മ്യൂണിസ്റ്റ് തമ്പ്രാക്കളുടെ അടിയാളന്മാരുമായി. വറച്ചട്ടിയിൽ നിന്ന് എരിതീയിലേക്കെന്നു പറഞ്ഞതുപോലെ ബ്രാഹ്മണ്യത്തിന്റെ കീഴാളർ കമ്മ്യൂണിസത്തിന്റെ കീഴാളരായി മാറി. 11.1 ശതമാനം വരുന്ന പട്ടികജാതി-വർഗ്ഗങ്ങളും 25 ശതമാനം വരുന്ന ഈഴവരും ഒത്തുചേർന്നു രൂപപ്പെടുന്ന കീഴാളസമൂഹം നമ്മുടെ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ വോട്ടുബാങ്കുകളായി പരണമിച്ച് കേരളത്തിന്റെ ആദ്ധ്യാത്മികതയിലൂന്നിയ നവീകരണപ്രസ്ഥാനങ്ങളിൽ നിന്ന് ബഹുകാതം അകലെനിന്നിരുന്ന ഭൗതികവാദ പ്രസ്ഥാനങ്ങൾക്കു അവയെ ഹൈജാക്ക് ചെയ്യാൻ കഴിഞ്ഞതുകൊണ്ടാണ്. പക്ഷെ, ഈ സത്യം അവർക്കു ദഹിക്കാൻ അഞ്ചുപതിറ്റാണ്ടുകൾ വേണ്ടിവന്നു.

ഈഴവസമൂഹത്തിന്റെ നേതൃത്വം ശ്രീ. വെള്ളാപ്പള്ളി നടേശനിൽ എത്തിയപ്പോൾ അഞ്ചുപതിറ്റാണ്ടുകളുടെ ബാലൻസ്ഷീറ്റ് ഒരു വ്യവസായിയുടെ മുൻപിലെത്തുകയായിരുന്നു. ഇത് ഒരു പുതിയ തിരിച്ചറിവിന് ഇടനൽകി. സി.പി.എം. ന് ഏറ്റവും കൂടുതൽ രക്തസാക്ഷികളെ സംഭാവന ചെയ്തതു ഈഴവ സമുദായമാണ്........... ഈഴവനെ ഉയരാൻ സമ്മതിക്കുന്നില്ല .................. മലബാർ പ്രദേശത്ത് ഞങ്ങൾക്കൊരു കുടിപള്ളിക്കൂടം പോലുമില്ല. (മലയാളം വാരിക, 2003 മെയ് 6) ഇങ്ങനെ പോകുന്നു പുതിയ തിരിച്ചറിവുകൾ. മാർകിസ്റ്റു പാർട്ടി ആരുമായി സംഘർഷത്തിലേർപ്പെട്ടാലും രണ്ടുവശത്തും രക്തസാക്ഷിത്വം വരിക്കുന്നത് തീയ്യൻ / ഈഴവൻ തന്നെയല്ലേ? ഇത് ഒരു ജനതയുടെ സ്വത്വബോധം ചോർന്നുപോയതുകൊണ്ടാവാം.

ജന്മിത്വത്തിന്റെ / ബ്രാഹ്മണ്യത്വത്തിന്റെ പിടിയിൽ നിന്നും മോചനം നേടിയ കീഴാളസമൂഹങ്ങൾ സോഷ്യലിസ്റ്റ്/മാർക്സിസ്റ്റ് നവജന്മിത്ത/ബ്രാഹ്മണ്യത്തിന്റെ പിടിയിലമരുകയായിരുന്നുവെന്ന് പിൽക്കാലസംഭവങ്ങൾ സൂചിപ്പിക്കുന്നു. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ നാരായവേരായ രക്തസാക്ഷികളുടെ 90 ശതമാനത്തെയും സംഭാവന നൽകിയ



Scanned with CamScanner

കീഴാളവർഗ്ഗങ്ങൾക്ക് രാഷ്ട്രീയ നേതൃത്വം എന്നും പുളിക്കുന്ന മുന്തിരി മാത്രമായതിന്റെ ചരിത്രമാണ് നമ്മുടെ മുമ്പിലവശേഷിക്കുന്നത്. ഗൗരിയമ്മയെ അച്യുതാനന്ദനെക്കൊണ്ടു വെട്ടിനിരത്തിച്ചു. പിന്നീട് ഏതാണ്ടു ഭരണമുറപ്പായപ്പോൾ അച്ച്യുതാനന്ദനെ മാരാരിക്കുളത്തു വെട്ടിനിരത്തി. ഭരണം ഇല്ലാതായപ്പോൾ നേതാവിനെ മലമ്പുഴയിൽ വിജയതിലകം ചാർത്തി. അങ്ങനെപോകുന്നു കീഴാളചരിത്രം. ഒരു ആവർത്തനം പോലെ.

ജന്മിത്വത്തിന്റെ കൈകളിൽ നിന്ന് (നാല്പതുകളിലാരംഭിച്ച് വിപ്ലവജ്വരം വ്യവസായ സംരംഭകരെ ഒന്നൊന്നായി വെട്ടിനിരത്തുന്നതിൽ നന്നെ വിജയിച്ചുവെന്ന് കാലം പറയുന്നു. അതുകൊണ്ട് വ്യവസായ തൊഴിലാളികൾ എന്നൊരു വർഗ്ഗം ഇവിടെ ഇല്ലാതായിരക്കുന്നു.) മോചിതരായ കീഴാളജനതയെ ഹിന്ദുമുഖ്യധാരയിൽ നിന്നുകറ്റുന്നതിൽ വിജയിച്ച കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് അൻപതുവർഷകാലം നമ്മുടെ നവോത്ഥാന/നവീകരണ നായകനായ ശ്രീനാരായണഗുരുവിനെ നാല്ക്കവലകളിലെ കണ്ണാടിക്കൂടുകളിൽ മാത്രമായി ചുരുക്കാൻ കഴിഞ്ഞു. അതുകൊണ്ട് കീഴാളവർഗ്ഗങ്ങളിലെ ഹിന്ദുത്വബോധം ലഘൂകരിച്ച് വർഗ്ഗബോധം വളർത്തുന്നതിന് കഴിഞ്ഞു. ഫലം കീഴാളവർഗ്ഗങ്ങളുടെ സാദ്ധ്യതകൾ സംവരണംകൊണ്ട് ചെന്നെത്താവുന്നിടത്തുമാത്രമായി ചുരുങ്ങി/ചുരുക്കി. മുഖ്യമന്ത്രി മുതൽ വി.സി. വരെയുള്ള സ്ഥാനങ്ങൾ അവർക്ക് നഷ്ടമായി. ജീവിതം മുഴുവൻ ചെത്തുതൊഴിലാളിയായി. ഷാപ്പുടമയായില്ല, പാടത്ത് പണിയെടുത്തവന് അഞ്ചു സെന്റ് കുരയുംകൊണ്ടു തൃപ്തിയടേണ്ടിവന്നു. ഉയർന്നപദവികളും, സമ്പത്തിന്റെ സ്രോതസ്സുകളും രാഷ്ട്രീയ മേലാളന്മാരും ന്യൂനപക്ഷങ്ങളും പങ്കുവച്ചു. ട്രേഡ് യൂണിയൻ നേതാക്കന്മാർ ധനികരും, തൊഴിലാളികൾ അത്താഴപ്പട്ടിണിക്കാരുമായി. നഷ്ടപ്പെട്ട അവസരങ്ങളെക്കുറിച്ച് കീഴാളർക്ക് ചിന്തിക്കാൻ അവസരം ലഭിച്ചില്ല/ കൊടുത്തില്ല.

ശ്രീ. വെള്ളാപ്പള്ളി നടേശന്റെ എസ്സ്.എൻ.ഡി.പി. നേതൃത്വത്തിലേക്കുള്ള ഉയർച്ചയിൽ ആദ്യമൊന്നും അപകടം കണ്ടെത്താൻ കഴിയാതിരുന്ന മാർക്സിസ്റ്റ് നേതൃത്വം പിന്നീടദ്ദേഹത്തെ വരുതിക്കു നിർത്താൻ നടത്തിയ ശ്രമങ്ങളെല്ലാം പാളിപ്പോയി, അതാണല്ലോ മാർകിസ്റ്റുകളെ ഏകപക്ഷീയമായ വെട്ടിനിരത്തലിന് മലബാറിൽ പ്രേരിപ്പിച്ചത്.

ഈ തിരിച്ചറിവ് ഈഴവരിൽ മാത്രമായി ഒതുങ്ങുന്നില്ല. വയനാടുജില്ലയിലെ ജനസംഖ്യയുടെ 17 ശതമാനം വരുന്ന വനവാസികൾ ആ ജില്ലയുടെ രാഷ്ട്രീയ-സാമ്പത്തിക മണ്ഡലങ്ങളിൽ അന്യവൽക്കരിക്കപ്പെട്ടത് ഈ നവരാഷ്ട്രീയ ബ്രാഹ്മണ്യത്തിന്റെ കളികൾ മൂലമാണ് എന്ന തിരിച്ചറിവ് ഇന്നവരിൽ പ്രബലമായിരിക്കുന്നു. അതുകൊണ്ടാ



Scanned with CamScanner

യിരിക്കാം കേരളത്തിലെ മുന്നേകാൽ ലക്ഷം വനവാസികൾ പുതിയ സമവാക്യങ്ങൾക്ക് രൂപം നൽകിയിരിക്കുന്നത്. ചുരുക്കത്തിൽ വനവാസി നേതൃത്വം സി.കെ. ജാനുവിലെത്തിയതും പുതുതായി രൂപപ്പെട്ട ഈ സ്വത്വബോധമല്ലാതെ മറ്റെന്തുകൊണ്ടാണ്?

ഇന്ന് കീഴാളജാതികൾ രാഷ്ട്രീയതമ്പുരാക്കന്മാരെക്കാൾ ഊന്നൽ നൽകുന്നത് സ്വന്തം ജാതിതമ്പുരാക്കന്മാർക്കാണ് എന്നത് ശ്രദ്ധേയമായ ഒരു മാറ്റത്തിന്റെ തുടക്കം മാത്രമാണ്. എന്നും വിവേചനം അനുഭവിക്കാൻ വിധിക്കപ്പെട്ട ഹതഭാഗ്യരാണ് ഇവിടുത്തെ അവശക്രൈസ്തവർ. അറുപതുകളിൽ റവ. വി.ജെ. സ്റ്റീഫന്റെ നേതൃത്വത്തിലാരംഭിച്ച ചെറുത്തുനിൽപ് സ്വത്വബോധം നേടിയ ആദ്യ കീഴാള വർഗ്ഗസമരമായിരുന്നു. (അവസാനിക്കാത്ത അവഗണനകൾ, പോൾ ചിറക്കരോട്, മാതൃഭൂമി ആഴ്ചപ്പതിപ്പ്, ജൂൺ 20-26-1982). തുടർന്നുള്ള കാലഘട്ടത്തിൽ വിമോചന ദൈവശാസ്ത്ര പ്രസ്ഥാനങ്ങളും ദളിത്പ്രസ്ഥാനങ്ങളും ഉൾപ്പെടെയുള്ള നിരവധി തീഷ്ണമായ സമരങ്ങളെ കേരളത്തിലെ സവർണ്ണക്രൈസ്തവ നേതൃത്വം നേരിടേണ്ടിവന്നു. (പോൾ ചിറക്കരോട്, ദളിത് ക്രൈസ്തവർ കേരളത്തിൽ).

പിൽക്കാലത്ത് പുലയമഹാസഭയും, സാംബവമഹാസഭയും, അരയമഹാസഭയുമൊക്കെ സ്വന്തം തട്ടകങ്ങളിൽ നേതൃത്വം തേടിത്തുടങ്ങി. ഇതൊക്കെ നൽകുന്ന സന്ദേശങ്ങൾ ഈ പുതിയ തിരിച്ചറവിന്റേതാണ്.

കീഴാളജനതകളുടെ ഉയർത്തെഴുന്നേൽപ്പ് ഒറ്റപ്പെട്ട തുരുത്തുകളായി പരിണമിക്കാതെ നോക്കേണ്ടിയിരിക്കുന്നു. സമഗ്രമായ കൂട്ടായ്മയ്ക്ക് വേദി തയ്യാറായില്ലെങ്കിൽ കഴിഞ്ഞകാലദുരന്തങ്ങളിലേക്കു തന്നെ തിരിച്ചുപോകേണ്ടിവരും. ഈ കീഴാളമുന്നേറ്റങ്ങൾ ഒരു കൂട്ടായ്മയായി തീരണമെങ്കിൽ അതിനെല്ലാംകൂടി സ്വീകാര്യമായ ആശയവും നേതൃത്വവും അനിവാര്യമാണ്. സ്വീകാര്യമായ ആശയത്തിന് ഹിന്ദുത്വം പര്യാപ്തമാണ്. സത്യസന്ധവും ആത്മാർത്ഥവുമായ ഒരു നേതൃത്വത്തിന്റെ അഭാവമാണ് അവശേഷിക്കുന്നത്. അത് രൂപപ്പെടുമോ എന്നതാണ്. സമീപഭാവിയിൽ കീഴാളസമൂഹം നേരിടുന്ന യഥാർത്ഥ ചോദ്യം.

## 6. ഇരുമ്പ് പഴുത്തിരിക്കുമ്പോൾ അടിച്ചുപരത്താൻ മറക്കരുത്

ഹിന്ദു എന്നത് ഇന്നാടിന്റെ ദേശീയതയുടെ പേരാണ്. ആ ദേശീയത പൈതൃകമായിട്ടുള്ളവരാണ് ഹിന്ദുക്കൾ. സഹസ്രാബ്ദങ്ങളിലൂടെ രൂപ്പെട്ടതാണ് ഈ ദേശീയത. ഇതിന് ഇതിന്റെ തനതായ അനുഷ്ഠാനപദ്ധതികളും ജീവിതവ്യവസ്ഥയുമുണ്ട്. ലോകത്തുള്ള ഇതരദേശീയ സമൂഹങ്ങളിൽ വേറിട്ടൊരു അഭേദവും(identity)മുണ്ട്. 755 വർഷത്തെ തുടർച്ചയായ വൈദേശികാധിനിവേശത്തിന് ഈ മഹത്തായ ദേശീയ



Scanned with CamScanner

തയുടെ കായത്തിന് ചില്ലറ പോറലുകളേല്പ്പിക്കാൻ കഴിഞ്ഞുവെങ്കിലും ഇതിനെ ശിഥിലമാക്കാൻ കഴിഞ്ഞില്ല. അതിനു കാരണം ഈ ദേശീയ തയുടെ സന്തതികളിൽ ആഴത്തിൽ വേരോടിയിരുന്ന ഹിന്ദുബോധം ഒന്നുതന്നെയായിരുന്നു. ഈ ദേശീതയുടെ അവിഭാജ്യ ഘടകമാണ് കേരളവും. പുരാണങ്ങളിലും, ഇതിഹാസങ്ങളിലും കാളിദാസനെപ്പോ ലെയുള്ളവരുടെ കൃതികളിലും കേരളം പരമാർശിക്കപ്പെടുന്നുണ്ട്. ശങ്ക രാചാര്യരെപോലെയുള്ള അംശാവതാരങ്ങളെ സംഭാവന നൽകി കൊണ്ട് കേരളം ഹിന്ദുദേശീയതയുടെതന്നെ അവിഭാജ്യാംശമാണെന്നു തെളിയിച്ചതാണല്ലോ! ഈ നാട് നിരവധി ഹിന്ദുജാതികളുടെ ഒരു സമൂഹമാണെങ്കിലും പ്രതിസന്ധികളിലുണ്ടായപ്പോഴൊക്കെയും എല്ലാം മറന്ന് ഒന്നായിട്ടുണ്ട്.

അതുപോലെ ഭാരതം 20-ാംനൂറ്റാണ്ടിന്റെ എഴുപതുകളിൽ തുടങ്ങി നെഹ്റു കുടുംബത്തിന്റെ ഭരണത്തിനെതിരെ ശക്തമായി പ്രതികരി ച്ചുതുടങ്ങിയരിക്കുന്നു. പിന്നീട് എൺപതുകളിൽ ആ പ്രക്രിയ പൂർണ്ണ മായപ്പോൾ ഡെൽഹിയിലെ ചുവപ്പുകോട്ടയിൽ സ്വാതന്ത്ര്യദിന പതാ കകൾ ഉയർത്തിയത് നെഹ്റുകുടുംബാംഗങ്ങളല്ലാത്തവരുമായി മാറി. ഈ മാറ്റങ്ങളൊന്നും ഇരുപതാം നൂറ്റാണ്ടിലെ കേരളം കാണാതെ പോയി. ഇതൊരു ചരിത്രാവർത്തനം മാത്രമല്ലേ? കഴിഞ്ഞ നൂറ്റാണ്ട് അവസാനിക്കുന്നതിനുമുമ്പുതന്നെ ഭാരതം നെഹ്റു കുടുംബത്തിന്റെ തിരോധാനത്തിനും സാക്ഷിയാകേണ്ടിവന്നു. ഇപ്പോൾ ഈ കുടുംബ ത്തിന്റെ പാരമ്പര്യം അവകാശപ്പെട്ടു നടക്കുന്ന വിദേശവനിതയ്ക്ക് ഭാരതം എന്ന് എഴുതാനറിയാമെന്നു തോന്നുന്നില്ല. ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ കേരളം ഇപ്പോൾ ഒരു തിരിച്ചറിവിന്റെ പാതയിലെത്തി യിരിക്കുന്നു. കഴിഞ്ഞകാലങ്ങളിൽ സംഭവിച്ചതുപോലെ കേരളം നെഹ്റു കുടുംബവാഴ്ചയുടെ അവസാനകണ്ണിയും പൊട്ടിക്കാനുള്ള തയ്യാറെടുപ്പിലാണ്. കേരളത്തിലെ പൊതു തെരഞ്ഞെടുപ്പിന്റെ അന്ത രീക്ഷം ഇത്തരമൊരു സൂചനയാണ് നൽകുന്നത്. കോൺഗ്രസ്സിലെ പടലപിണക്കങ്ങളും മാർക്സിസ്റ്റ് പാർട്ടിയിലെ വെട്ടിനിരത്തലുകളും ഈ നിഗമനത്തെ സാധൂകരിക്കുന്നു. ചുരുക്കത്തിൽ ദേശീയ അടിയൊ ഴുക്കുകൾക്കനുസൃതമായി നീങ്ങാനുള്ള തയ്യാറെടുപ്പിലാണിന്ന് നമ്മുടെ കേരളം.

14-ാം ലോകസഭാ തെരഞ്ഞെടുപ്പിലെ കേരളത്തിന്റെ നിലപാ ടിനെ ഭാരതം മൊത്തത്തിൽ ഉറ്റുനോക്കുന്നുണ്ട്. മുമ്പ് സൂചിപ്പിച്ചതു പോലെ കേരളം പലപ്പോഴും പലകാര്യങ്ങൾക്കും മാതൃകയായിരുന്ന തുപോലെ ഹിന്ദു ഉയിർത്തെഴുന്നേൽപ്പിന്റെ മാതൃകയാകുന്നത് കാണാ നാണ് ഭാരതം മൊത്തത്തിൽ ആഗ്രഹിക്കുന്നത്. കേരളം ആദ്യന്തിക മായി ഹിന്ദുചിന്താപദ്ധതിയുടെ ഭാഗമാണ് എന്ന് ചരിത്രം തെളിയിച്ചി



Scanned with CamScanner

ട്ടുണ്ട്. ജാതിവ്യവസ്ഥയുടെ ആധ്യാത്മികതയുടെ ഒക്കെ കാര്യത്തിൽ കേരളം വളരെ പതുക്കെമാത്രമേ പ്രതികരിച്ചിട്ടുള്ളൂ. പക്ഷേ പ്രതികരിച്ചപ്പോൾ അത് വളരെ ശക്തവുമായിരുന്നു.

സ്വാതന്ത്ര്യാനന്തര കേരളത്തിന്റെ ഇന്നലെകളിൽ ഹിന്ദു അപമാനിതരാകുന്നതായിട്ടാണ് കാണാൻ കഴിയുന്നത്. ഇവിടെ അവൻ സമസ്തമേഖലകളിലും ഒറ്റപ്പെട്ടുകൊണ്ടിരിക്കുന്നു. ശബരിമല മുതൽ കൊട്ടിയൂർ ക്ഷേത്രം വരെയുള്ള നിരവധി സന്ദർഭങ്ങളിലൊക്കെ ഹിന്ദു അപമാനിക്കപ്പെട്ടു. രാമസിംഹ, ദയാസിംഹവധംമുതൽ മാറാട്ടെ സംഭവം വരെ നിരവധി ആക്രമണങ്ങളെ ഹിന്ദു നിസ്സഹായനായി നേരിടേണ്ടിവന്നിട്ടുണ്ട്. ഇവിടെയൊക്കെ ഹിന്ദുവിൽ അവന്റെ ഹിന്ദുത്വബോധത്തെക്കാളധികം ജാതിബോധമാണ് അവനെ നിയന്ത്രിച്ചത്. എന്തിനധികം പറയണം. ഹിന്ദു ആക്രമണങ്ങളെ നേരിടേണ്ടിവന്നപ്പോഴൊന്നും അവനുവേണ്ടി സംസാരിക്കാൻ കേരളത്തിന്റെ നിയമസഭകളിൽ ആരുമുണ്ടായിരുന്നില്ല. അവിടെ ഹിന്ദുക്കൾ ഇല്ലാഞ്ഞിട്ടല്ല, മറിച്ച് ഉള്ളവൻ ഹിന്ദുതാല്പര്യങ്ങളേക്കാളധികം ഇതരമതസ്ഥരുടെ താൽപര്യങ്ങളോടൊപ്പം നിലകൊണ്ടതുകൊണ്ടാണിങ്ങനെ സംഭവിച്ചത്. ഹിന്ദുവിനെതിരായി സംസാരിക്കുന്നത് പുരോഗമനത്തിന്റെ പ്രതീകമായി ഇന്നും നിലകൊള്ളുന്നു.

പലപ്പോഴും ഹിന്ദുവികാരത്തെക്കാളധികം ജാതിവികാരങ്ങൾ സൃഷ്ടിക്കുന്നതിൽ ഇവിടം ഭരിക്കുന്നവർ വിജയിച്ചിട്ടുണ്ട്. ജാതിയുടെ തട്ടകങ്ങളിൽ ഹിന്ദുവിനെ തളയ്ക്കപ്പെടുമ്പോൾ ഇവിടെ ഹിന്ദു അശക്തനാകുന്നു. ഇതല്ലേ സത്യം ? വളരെ പരിമിതമായ അവസരങ്ങളിൽ ഹിന്ദു ഉണർന്നിട്ടുണ്ട്. വിസ്മരിക്കുന്നില്ല. അന്നൊക്കെ ഹിന്ദു വിജയിച്ചിട്ടുണ്ട്. ശബരിമല ശാസ്താവിന്റെ പൂങ്കാവനത്തിൽ കുരിശു മുളച്ചപ്പോഴും, മാറാട്ടെ കടപ്പുറത്ത് ഹിന്ദുവിന്റെ രക്തം ഒഴുകിയപ്പോഴും അത്തരമൊരു ഹിന്ദുവികാരം ഉണർന്നിരുന്നു. ഈ സന്ദർഭങ്ങളിലൊക്കെ ഇവിടുത്ത് സാംസ്കാരികായകന്മാരും മാധ്യമങ്ങളും ഹിന്ദുവിരുദ്ധസമീപനങ്ങളായിരുന്നു സ്വീകരിച്ചിരുന്നതെങ്കിലും സംഘടിത ഹിന്ദുശക്തിയുടെ മുമ്പിൽ പ്രതിലോമശക്തികൾ ഒന്നൊന്നായി മുട്ടുമടക്കേണ്ടിവന്നു.

കേരളത്തിന്റെ ആയിരംവർഷത്തെ ചരിത്രം പരിശോധിച്ചാൽ ഹിന്ദു ഏറ്റവുമധികം വെല്ലുവിളികൾ നേരിടുന്ന സമയമാണിപ്പോഴെന്ന് മനസ്സിലാക്കാം. ഹിന്ദുവിന്റെ നിലനിൽപ്പുതന്നെ ചോദ്യം ചെയ്യപ്പെട്ടിരിക്കുന്ന ഒരു കാലഘട്ടമാണ് ഇന്നത്തേത്. സമസ്തമേഖലകളിലും ഹിന്ദു തകർച്ചയുടെ വിളുമ്പിലാണ്. സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ രംഗങ്ങളിൽ നിന്ന് ഹിന്ദു ഇന്നല്ലെങ്കിൽ നാളെ നിഷ്കാസിതനാകും, സംശയമില്ല. അനുദിനമെന്നോണം ശുഷ്കമായിക്കൊണ്ടിരിക്കുന്ന ഹിന്ദുജനസംഖ്യയും അനാവശ്യമായ ജാതിമത്സരങ്ങളും



Scanned with CamScanner

ഒത്തുചേരുമ്പോൾ ഈ പ്രക്രിയ അനായാസം പൂർത്തീകരിച്ചേക്കാം.

ജനാധിപത്യവ്യവസ്ഥിതിയിലെ ഏറ്റവും പ്രധാന്യമർഹിക്കുന്ന ഒരു പ്രക്രിയയാണ് പൊതുതെരഞ്ഞെടുപ്പുകൾ. ഇവിടെയാണ് ഒരു സമൂഹം അവരുടെ ഭാവി എങ്ങനെയായിരിക്കണമെന്ന് തീരുമാനിക്കേണ്ടത്. ഭാരതം അതിന്റെ 14-ാമത്തെ പൊതുതെരഞ്ഞെടുപ്പിനോട് അടുക്കുകയാണ്. കേരളം ഭാരതത്തിന്റെ മുഖ്യധാരയോടൊപ്പം, വളരെ താമസിച്ചാണെങ്കിലും, ചേരാൻ പോകുന്ന അവസരം. ഇവിടെ സോഷ്യലിസത്തിന്റെയോ മുതലാളിത്തത്തിന്റെയോ നിലനിൽപ്പിനെക്കാളധികം ഇന്നലെവരെ ഹിന്ദുവിന്റെ വോട്ടുകൾ വാങ്ങി ജയിച്ചവർ ഹിന്ദുവിനോട് കാണിച്ച വഞ്ചനയ്ക്കും നന്ദികേടിനുമെതിരെ പ്രതികരിക്കേണ്ട അവസരം. മക്കൾ രാഷ്ട്രീയത്തിന്റെ തിരിച്ചുവരവ്, അത് കേരളത്തിലായാലും കേന്ദ്രത്തിലായാലും തടയപ്പെടാനുള്ള അവസരമാണിത്. ജാതിക്കതീതമായി ഹിന്ദു ഒന്നാണെന്ന് നാളെ ഈ നാടുഭരിക്കുന്നവനെ മനസ്സിലാക്കിക്കൊടുക്കേണ്ട അവസരം. അങ്ങനെ ഹിന്ദുക്കളുടെ നിരവധി പ്രശ്നങ്ങൾ അക്കമിട്ടു പറയേണ്ടസമയം. ഇരുമ്പ് പഴുത്തിരിക്കുമ്പോൾ വേണം അടിക്കാൻ. തെരഞ്ഞെടുപ്പുകൾ അങ്ങിനെ അടിക്കാൻ പറ്റിയ അവസരങ്ങളാണ്, ജനാധിപത്യപ്രക്രിയയിൽ.

കരയുന്ന കുഞ്ഞിനേ പാലുകിട്ടു എന്ന ചൊല്ല് എല്ലാ കാലത്തും പ്രസക്തമാണ്. ഇവിടെ ഹിന്ദുവിന്റെ ശബ്ദം രാഷ്ട്രീയപാർട്ടികൾ കേൾക്കണം. അല്ലെങ്കിൽ കേൾപ്പിക്കണം. ഈ തെരഞ്ഞെടുപ്പ് കേരളത്തിൽ ത്രികോണമത്സരമാണ് ഉണ്ടാക്കാൻ പോകുന്നത്. ഹിന്ദുത്വബോധത്തിന്റെ ഒരു ചെറിയ ഉയിർത്തെഴുന്നേൽപ്പുപോലും രാഷ്ട്രീയ കണക്കുകൂട്ടലുകളുടെ താളം തെറ്റിച്ചേക്കാം. പക്ഷേ ഈ യാഥാർത്ഥ്യം സാമൂഹ്യവ്യവസ്ഥിതിയുടെ എല്ലാ മണ്ഡലങ്ങളിൽ നിന്നും നിഷ്കാസിതമായിക്കൊണ്ടിരിക്കുന്ന (ഹിന്ദു) സമൂഹം മനസ്സിലാക്കണം.

അയിത്തത്തിനെതിരെയും ക്ഷേത്രപ്രവേശനത്തിനുവേണ്ടിയുമൊക്കെ ജാതിപരിഗണനകൾക്കതീതമായി ചിന്തിക്കാൻ കഴിഞ്ഞ ഹിന്ദുമനസ്സിന് ഇപ്പോൾ സംജാതമായിരിക്കുന്ന പ്രതിസന്ധിയെ തരണം ചെയ്യുന്നതിനും സാധിക്കും. പക്ഷേ അതിനു കഴിയണമെന്നുണ്ടെങ്കിൽ ഹിന്ദുസമൂഹത്തിന് അവർ നേരിട്ടുകൊണ്ടിരിക്കുന്ന ദുരന്തത്തിന്റെ ആഴവും പരപ്പും ബോധ്യമാവണം. അതിനുള്ള ബോധവൽക്കരണമാണിന്നിന്റെ ആവശ്യം. 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഇത്തരമൊരു സന്ദിഗ്ധതയെ കേരളത്തിലെ ഹിന്ദുസമൂഹം നേരിട്ടിരുന്നു. അതുകൊണ്ട് ചില ഹിന്ദുജാതികളുടെ പരധർമ്മത്തിലേക്കുള്ള പരിവർത്തനത്തെ തടയിടാനും ഹിന്ദു ഐക്യ ആശയം രൂപീകരിക്കാനും കഴിഞ്ഞു. അത് ഹിന്ദുമഹാമണ്ഡലത്തോളമെത്തിയെന്ന് വിസ്മരിക്കാവതല്ല.



Scanned with CamScanner

## 7. ശ്രീനാരായണഗുരുദേവൻ മലയാളിയുടെ മനസ്സിനെ തൊട്ടറിഞ്ഞ തേജസ്വി

കേരളം കഴിഞ്ഞ നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ സാമൂഹ്യ, ആദ്ധ്യാത്മിക, ആർത്ഥിക, മണ്ഡലങ്ങളിൽ വിപ്ലവകരമായ ചില ചലനങ്ങൾ സൃഷ്ടിച്ചുകൊണ്ട് ലോകശ്രദ്ധയാകർഷിച്ചിരുന്നു. ഈ മാറ്റങ്ങൾക്ക് നാന്ദികുറിക്കുന്നതിനും കുറേ വർഷങ്ങൾക്കുമുമ്പ് സ്വാമി വിവേകാനന്ദൻ ഈ നാടിനെ ഭ്രാന്താലയമെന്ന് വിശേഷിപ്പിച്ചതിനു കാരണം പ്രസ്തുത കാലഘട്ടത്തിൽ (അതിനു മുൻപും) ഇന്നാട്ടിലെ സാമൂഹികബന്ധങ്ങൾ നിർണയിക്കുവാനുപയോഗിച്ചിരുന്ന ഏകകങ്ങൾ സ്ഥിരബുദ്ധിയില്ലാത്ത ഒരു സമൂഹത്തിന്റെ തന്നെയായിരുന്നു. ഈ സാമൂഹികബന്ധം പിൽക്കാലത്ത് രൂപപ്പെട്ടുവെങ്കിലും അത് ഒരു തുടർതരംഗമോ അല്ലെങ്കിൽ നാലാംതരംഗമായോ കഴിഞ്ഞ നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ അനുഭവവേദ്യമല്ലാതായിമാറി. ഈ മാറ്റങ്ങൾക്ക് നേതൃത്വം നൽകിയ വ്യക്തിത്വത്തെക്കുറിച്ചും അതോടൊപ്പം കേരളനവോത്ഥാനത്തിനുണ്ടായ അപചയത്തെക്കുറിച്ചും അന്വേഷിക്കുന്നത് നന്നായിരിക്കുമെന്ന് കരുതുന്നു.

കേരളത്തിന്റെ ഇരുപതാം നൂറ്റാണ്ടിനുമുമ്പുള്ള ചരിത്രം കാഴ്ചവെയ്ക്കുന്നത് ഒട്ടും രസകരമായ സാമൂഹികബന്ധങ്ങളുടെ കഥയല്ല. ഇക്കാലഘട്ടത്തിലെ ഇവിടുത്തെ സാമൂഹിക വ്യവഹാരത്തിന് ആധാരം യുക്തിഹിനവും തികച്ചും പൈശാചികവുമായ അയിത്ത സങ്കല്പത്തിലധിഷ്ഠിതമായ സാമൂഹിക ബന്ധങ്ങളായിരുന്നു. ഏതാണ്ട് അറുപത്തിനാലിലധികം വരുന്ന തൊഴിൽ ഗണങ്ങൾ അഥവാ ജാതികൾ പരസ്പരം അസ്പൃശ്യത വച്ചു പുലർത്തിയിരുന്നു. ഇവിടെ സ്വജാതികൾക്കുള്ളിൽപോലും പക്ഷപാതപരമായ ശ്രേണികളെ സൃഷ്ടിച്ചുകൊണ്ടുള്ള സാമൂഹിക ബന്ധങ്ങളുടെ ഉടമകളായിരുന്നു. ഒരു വിരോധാഭാസമെന്നതുപോലെ തോന്നുമാറ് അസ്പൃശ്യരായ ജാതികളുമായി സംബന്ധം പോലുള്ള വിവാഹബന്ധങ്ങളിലേർപ്പെടുവാൻ തയ്യാറാകുന്നവരെക്കൂടി കണ്ടിട്ടാവാം, ഒരുപക്ഷേവിവേകാനന്ദസ്വാമികൾ കേരളിയന്റെ സമനില തെറ്റിയതായി സന്ദേഹിച്ചത്. (സംബന്ധം പോലുള്ള വിവാഹസമ്പ്രദായങ്ങൾ അഥവാ വെപ്പാട്ടികളെ നിലനിർത്തുന്നരീതി നമ്പൂതിരിയേതര ജാതികളിലും നിലനിന്നിരുന്നു) ഇത്തരം യുക്തിഹീനവും ഭ്രാന്തവുമായ സാമൂഹിക ബന്ധങ്ങളെ കടപുഴക്കുന്നതിന് ആദിശങ്കരൻ ഉരുവിട്ട അദ്വൈതമന്ത്രം ഉരുക്കഴിച്ചുകൊണ്ട് മുൻപോട്ടു വന്ന കർമ്മയോഗിയായിരുന്നു ശ്രീനാരായണൻ. ഗുരുദേവന്റെ അവതാരത്തിന്റെ 150-ാം വർഷത്തിൽ അദ്ദേഹം തന്റെ കർമ്മമണ്ഡലത്തിൽ അതുല്യനായതിനെക്കുറിച്ചുള്ള ഈ അന്വേഷണം കേരളത്തിന്റെ അര



Scanned with CamScanner

നൂറ്റാണ്ടുകാലത്തെ സാമൂഹിക വളർച്ചയുടേയും തളർച്ചയുടേയും ചരിത്രഗതിയെക്കുറിച്ചുള്ള ഒരു ശരിയായ ഉൾക്കാഴ്ചക്കുതകും എന്നു കരുതട്ടെ.

കഴിഞ്ഞ നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധം കേരളത്തിന്റെ ഹിന്ദുനവോത്ഥാനകാലമായിരുന്നല്ലോ. ഒരു സഹസ്രാബ്ദത്തിലധിക കാലമായിട്ട് മലയാളിയുടെ മനസ്സിൽ അടിഞ്ഞുകൂടിയ പാപക്കറ കഴുകിവൃത്തിയാക്കപ്പെട്ടതും ഇക്കാലയളവിലായിരുന്നു എന്നത് നിഷേധിക്കാനാവാത്ത ഒരു സത്യമാണ്. ഈ ശുദ്ധീകരണ പ്രക്രിയയിൽ ശ്രീനാരായണന്റെ നെടുനായകത്വം ആർക്കാണ് നിഷേധിക്കാൻ കഴിയുക. ശ്രീ ശങ്കരന്റെ അദ്വൈതമതത്തെ സാധാരണ മലയാളികൾക്ക് ഗ്രാഹ്യമാക്കുക എന്ന മഹത്തായ കർത്തവ്യം നിർവഹിക്കുന്നതിന് അദ്ദേഹത്തിനു കഴിഞ്ഞു. സൃഷ്ടിയും സൃഷ്ടാവും തമ്മിലുള്ള അഭേദ്യമായ ബന്ധത്തിന്റെ (അദ്വൈതം) ആഴങ്ങളിലേക്ക് മലയാളി മനസ്സിനെ കൊണ്ടെത്തിക്കാനദ്ദേഹം കണ്ടെത്തിയ മന്ത്രമായിരുന്നു. ഒരു ജാതി, ഒരു മതം ഒരു ദൈവം എന്നുള്ളത് ഇതിലൂടെ ഈശ്വരാധിഷ്ഠിതമായ മനുഷ്യനും മനുഷ്യനും തമ്മിലുള്ള ഏകത്വം അഥവാ അഭേദ്യമായ ബന്ധം നിർവചിക്കുകയായിരുന്നു അദ്ദേഹം ചെയ്തത്. ഒരു ജാതിയും ഒരു ദൈവവും വ്യക്തമായ അദ്വൈതനിർവചനമായിരിക്കുമ്പോൾത്തന്നെ ആ ഒരു മതം അന്യന്റെ മതനിഷേധമല്ല എന്നും വ്യക്തമാണ്. 'ഒരു മതം' അന്യന്റെ മതനിഷേധമല്ല എന്നു വ്യക്തമാണ് പലമതസാരവും ഏകം എന്ന ഗുരുവിന്റെ കണ്ടെത്തൽ ഇതിന് മതിയായ തെളിവാണ്.

ഈ കണ്ടെത്തലിനെ കുമാരനാശാൻ മിതവാദി പത്രത്തിലെഴുതിയ പ്രസിദ്ധമായ "മതപരിവർത്തന രസവാദം" എന്ന കത്തിൽ "ഒരു മതം എന്ന സ്വാമികളുടെ സിദ്ധാന്തവും മേൽപ്രകാരം സാരനിർണ്ണയം ചെയ്തു സിദ്ധിക്കുന്ന ഏകത്വത്തെ ആസ്പൃതീകരിച്ചുള്ളതാകുന്നു" എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗുരുവിന്റെ വിപ്ലവകരമായ ഈ സിദ്ധാന്തം കറകളഞ്ഞ ഹിന്ദുത്വത്തിന്റെ സനാതന ധർമ്മത്തിന്റെ ഉല്പന്നമാണെന്നതിന് വേറെ തെളിവുകൾ ആവശ്യമില്ല.

ഹിന്ദുവിന്റെ അനൈക്യം (ജാതികളായുള്ള ഭിന്നത) മുതലാക്കി അക്കാലഘട്ടങ്ങളിൽ മിഷണറിമതങ്ങൾ കൂട്ടമായിത്തന്നെ ഹിന്ദുജാതികളെ സ്വധർമ്മം ഉപേക്ഷിക്കുവാൻ പ്രേരിപ്പിച്ചിരുന്നു എന്നത് ഒരു ചരിത്രസത്യമാണ്. മിഷണറിമതങ്ങൾ ഇവിടെ ഏറെ സജീവമാകുന്നത് പത്തൊൻപതാം നൂറ്റാണ്ടിലായിരുന്നു. 1820ൽ തിരുവിതാംകൂറിൽ ഹിന്ദുക്കൾ, കൃസ്ത്യാനികൾ, മുസ്ലീംങ്ങൾ എന്നീ മതസ്ഥർ യഥാക്രമം 83; 12.4; 4.6 ശതമാനം വീതമായിരുന്നു എന്നാൽ 1901 ൽ ഇത് യഥാക്രമം 69.2; 23.6; 6.5 ശതമാനം വീതം ആയി മാറിയതായി ടി.കെ.വേലുപിള്ള തിരുവിതാംകൂർ സ്റ്റേറ്റ് മാന്വലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഏതാണ്ട്



Scanned with CamScanner

ഏട്ടുദശാബ്ദങ്ങൾക്കുള്ളിൽ ക്രിസ്ത്യൻ ജനസംഖ്യ ഇരട്ടിയായപ്പോൾ ഈഴവർ പോലുള്ള ഹിന്ദുജാതികളുടെ സംഖ്യാശോഷണവും ഒപ്പം ചാലിയാർ, ചെട്ടികൾ മുതലായവരുടെ വംശനായവുമായിരുന്നു സംഭവിച്ചത്.

സി.എം. ആഗുർ എഴുതിയ തിരുവിതാംകൂറിന്റെ സഭാചരിത്രം എന്ന ചരിത്രത്തിൽ പറയുന്നു. 1816 ൽ 301 പള്ളികളും 19,524 ക്ഷേത്രങ്ങളുമാണ് തിരുവിതാംകൂറിലുണ്ടായിരുന്നതെന്ന്. അദ്ദേഹം തുടർന്ന് പറയുന്നു 1891ൽ ഇത് യഥാക്രമം 1116 (പള്ളികൾ) ഉം, 9364 (ക്ഷേത്രങ്ങൾ) ഉം ആയി മാറിയെന്ന്. അതുപോലെ വില്ല്യം ലോഗൻ (മലബാർ മാമ്പൽ) 1871, 1881 കാനേഷുമാരി കണക്കുകളുടെ അടിസ്ഥാനത്തിൽ മലബാറിലെ പിന്നോക്ക ഹിന്ദുക്കളുടെ ജനസംഖ്യയിൽ 34.63 ശതമാനം കുറഞ്ഞപ്പോൾ മാപ്പിളമാരുടെ സംഖ്യ ക്രമാതീതമായി വളരുന്നതായി സൂചിപ്പിച്ചിരുന്നു. എന്നാൽ ശ്രീനാരായണഗുരുവിന്റെ പ്രഭാവം നിറഞ്ഞുനിന്ന നാല്പതുകളിൽ ഹിന്ദുജനസംഖ്യ സ്ഥിരത പ്രാപിച്ചിരുന്നതായി 1941, 1951 കാനേഷുമാരി കണക്കുകൾ സൂചിപ്പിക്കുന്നു. ഹിന്ദുവിന്റെ കേരളത്തിലെ വംശനാശത്തിനെ ഫലപ്രദമായി നേരിട്ടത് ഗുരു ഉയർത്തിക്കാട്ടിയ ധർമ്മസംഹിതയായിരുന്നു എന്നതിലേക്കല്ലാതെ മറ്റെന്തിലേക്കാണ് ഈ കണ്ണുകൾ വിരൽ ചൂണ്ടുന്നത്.

കേരളത്തിന്റെ മണ്ണിൽ അദ്ധ്യാത്മികതയിൽ അധിഷ്ഠിതമായ സമത്വത്തിന്റെ സമവാക്യം രചിച്ചത് ഗുരുവായൂരായിരുന്നു. ഭൗതികതയിലൂന്നിയ സമത്വസങ്കല്പങ്ങൾ ചീട്ടുകൊട്ടാരം പോലെ തകർന്നടിഞ്ഞ ഇക്കാലഘട്ടത്തിൽ ഗുരുവിന്റെ മഹത്വം ഏറെ വ്യക്തമാണ്. മതം മനുഷ്യനന്മയ്ക്കുള്ള ഉപാധിയാണ് അല്ലാതെ മതങ്ങളുടെ തടിച്ചുക്കൊഴുക്കലിനുള്ള ഇരകളല്ല മനുഷ്യൻ എന്ന ഗുരുവിന്റെ തിരിച്ചറിയലായിരുന്നു "മതമേതായാലും മനുഷ്യൻ നന്നായാൽ മതി" എന്ന ആഹ്വാനം. ഈ ആഹ്വാനത്തിലൂടെ മതം മാറ്റത്തിന്റെ അർത്ഥരാഹിത്യംകൂടി വ്യക്തമാക്കുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ഇത്തരം ഒരു വിശാല വീക്ഷണം ഒരു സനാതനിക്കല്ലാതെ മറ്റാർക്കാണുണ്ടാകുക. മഹാകവി രവീന്ദ്രനാഥടാഗൂർ നാരായണഗുരുവിലെ അദ്ധ്യാത്മികതയുടെ ആഴവും പരപ്പും അനുഭവിച്ചറിഞ്ഞ വ്യക്തിയായിരുന്നു. അദ്ദേഹം പറയുന്നതുകൂടി ശ്രദ്ധിക്കുക. "ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഞാൻ സഞ്ചരിക്കുകയുണ്ടായി. ഈ യാത്രകളിലൊക്കെ നിരവധി ഋഷിമാരുമായും വിശുദ്ധന്മാരുമായും ഒക്കെ ഇടപഴകുവാനുള്ള ഭാഗ്യം ലഭിച്ചിട്ടുണ്ട്. എന്നാൽ മലയാളത്തിലെ സ്വാമി നാരായണഗുരുവിനേക്കാൾ ആദ്ധ്യാത്മികതയിൽ മഹത്വമുള്ളവനായ ഒരാളെ കണ്ടുമുട്ടുവാൻ കഴിഞ്ഞില്ല എന്ന സത്യം തുറന്നുസമ്മതിക്കേണ്ടിരിക്കുന്നു"

നാരായണഗുരു മലയാളികളുടെ ആത്മാവിനെ തൊട്ടറിഞ്ഞ ഋഷിവര്യനായിരുന്നു. ജാതിമതഭേദമന്യേ മലയാളി ഗുരുവിനെ സ്നേഹി



Scanned with CamScanner

ക്കുകയും ചെയ്തിരുന്നതുകൊണ്ടാണ് ജാതിയുടെ അതിർവരമ്പുകളെ ഭേദിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിക്കാൻ കേരളം തയ്യാറായത്.

എന്തിനധികം പറയണം, ക്രിസ്ത്യൻ മിഷണറിമാർ 1812 മുതൽ 1901 വരെയുള്ള 9 ദശകങ്ങൾ പരിശ്രമിച്ചിട്ട് കേരളത്തിന്റെ സാക്ഷരത 11.14 ശതമാനത്തിലെത്തിക്കാനേ കഴിഞ്ഞുള്ളൂ. അതിൽ സ്ത്രീകളുടെ സാക്ഷരത കേവലം 3.15 ശതമാനമായിരുന്നു. എന്നാൽ ജ്ഞാന മാർഗ്ഗത്തെ കർമ്മപഥത്തിലെത്തിച്ച ഗുരുവിന് 1903 (എസ്.എൻ.ഡി.പി യുടെ സ്ഥാപനം) മുതൽ 1928 (ഗുരുവിന്റെ സമാധി) വരെയുള്ള രണ്ടര ദശകത്തിനിടയിൽ കേരളത്തിന്റെ സാക്ഷരത 21.34 ശതമാനത്തിലെ ത്തിയെന്നത് നാരായണഗുരുവിന്റെ സാമൂഹിക പ്രസക്തിയുടെ അള വുകോലായി കാണുന്നതിൽ അപാകതയുണ്ടെന്ന് കരുതുന്നില്ല. ഒപ്പം ഇവിടത്തെ സ്ത്രീ സാക്ഷരത 11.99 ശതമാനമായി എന്നത് ഗുരു ഉയർത്തിയ നവോത്ഥാന പ്രസ്ഥാനങ്ങളുടെ സാമൂഹിക പ്രസക്തി എത്രമാത്രമായിരുന്നു എന്നു മനസ്സിലാക്കാനവസരം നൽകുന്നു!

അദ്ദേഹം തൊട്ടുണർത്തിയ ഹിന്ദുമനസ്സ് ശക്തമായി മുന്നേറി യതുകൊണ്ടായിരുന്നു ഹിന്ദുമഹാമണ്ഡലം അഥവാ ഹിന്ദുഐക്യം എന്ന സമവാക്യം പില്ക്കാലത്ത് ഇവിടെ രൂപപ്പെട്ടത്. കാലത്തിന്റെ കുത്തൊഴുക്കിൽ പലതും നമുക്ക് നഷ്ടമായെങ്കിലും ഇന്നും മലയാളി ഹിന്ദുക്കളുടെ മനസ്സിൽ മങ്ങാതെ ഹിന്ദുഐക്യം എന്ന ആശയം ജിവിക്കുന്നത് ശ്രീനാരായണനിൽ കൂടെയാണ്.

ഫ്രഞ്ച് നോവലിസ്റ്റ് റൊമയിൽ റൊളാണ്ടി (1866-1944) ന്റെ അഭി പ്രായത്തിൽ "ഗുരു പ്രചരിപ്പിച്ചത് ജ്ഞാന മാർഗ്ഗത്തിന്റെ കർമ്മപഥമാ യിരുന്നു. അത് ജീവസ്സുറ്റ ജനവികാരവുമായിരുന്നു. ഇതിലധികമായി ഒരു സാമൂഹിക ആവശ്യത്തിന്റെ നിരവേറ്റലുമായിരുന്നു. മർദ്ധിത വർഗ്ഗ ങ്ങളുടെ ഉദ്ധാരണത്തിന് ഇത് ഏറെ സഹായകമാവുകയുംചെയ്തു."

ചുരുക്കത്തിൽ സനാതന ഹിന്ദുത്വത്തിൽക്കൂടി മാത്രമേ ഭാരത ത്തിന്റെ സാമൂഹിക, സാമ്പത്തിക പ്രശ്നങ്ങൾക്കുള്ള പരിഹാരം കാണാനാവൂ എന്ന അദ്ദേഹത്തിന്റെ ഉൾക്കാഴ്ചയല്ലേ വിദ്യകൊണ്ടും സംഘടനകൊണ്ടും, വ്യവസായംകൊണ്ടും ഹിന്ദുക്കൾ ശക്തരാകുവാൻ നൽകിയ ആഹ്വാനത്തിന്റെ സാരം. ഗുരുവിൽ നിന്ന് നാം എത്ര അകന്നോ അത്രമാത്രം നാം സങ്കീർണ്ണ സാമൂഹിക, സാമ്പത്തിക പ്രശ്ന ങ്ങൾ സൃഷ്ടിച്ചു. പ്രശ്നങ്ങളെ തരണം ചെയ്യുവാൻ സാധിക്കാത്ത വർ ആത്മഹത്യയിലഭയം കണ്ടു. ഹിന്ദുവിന്റെ പതനത്തിന്റെ ആരംഭ മല്ലേ ഇത്. അതുകൊണ്ട് നമുക്കൊരുമിച്ചു മന്ത്രിക്കാം. ഉത്തിഷ്ഠത ജാഗ്രത പ്രാപ്യവരാൻ നിബോധത!



Scanned with CamScanner

## 8. ഹിന്ദു : അനുപമമായ ജീവിതവ്യവസ്ഥയുടെ ഉടമ

സനാതനമായ ഒരു ധാർമ്മികവ്യവസ്ഥയും അതുസ്വജീവിതചര്യയുടെ ഭാഗമായിരിക്കുന്ന ഒരു ജനതയും ജീവിക്കുന്ന ഭൂമിയാണ് ഭാരതം. ഇവരുടെ സംസ്കാരത്തെയാണ് ഹിന്ദുവെന്നതുകൊണ്ട് വിവക്ഷിക്കുന്നത്. ഈ സംസ്ക്കാരം ഇവിടെ ജനിക്കുമ്പോൾ നിരവധി സംസ്കാരങ്ങൾ ലോകത്തിന്റെ ഇതരഭാഗങ്ങളിൽ ജനിച്ചു ജീവിക്കുന്നു. അവയെല്ലാം ഓരോരോ കാരണങ്ങളാൽ തകർന്നടിഞ്ഞപ്പോഴും ഹിന്ദുസംസ്കാരം ഉത്തരോത്തരം സജീവമായിത്തന്നെ നിലകൊള്ളുന്നുണ്ട്. കഴിഞ്ഞ എണ്ണൂറ്റിപ്പന്ത്രണ്ട് വർഷങ്ങളായിട്ട് ഈ സംസ്കാരവും അതിന്റെ ജനതയും വൈദേശികങ്ങളായ സൈനിക അധിനിവേശങ്ങളേയും പ്രത്യയശാസ്ത്ര ആക്രമണങ്ങളേയും വളരെ വിജയകരമായിത്തന്നെ അതിജീവിക്കുയും ചെയ്തു. ഇതേ കാലഘട്ടത്തിൽ ലോകത്തുള്ള പല സംസ്കാരങ്ങളും സ്വത്വപ്രതിസന്ധിയെ തരണം ചെയ്യാനാകാതെ നിലംപരിശാകുകയാണുണ്ടായത്. എസ്തോണിയാക്കാർ, ഇൻകാകൾ, മേയന്മാർ, ആസ്ടെക്കുകകൾ തുടങ്ങിയവരൊക്കെ ഇതിനുദാഹരണങ്ങളാണ്. ഹിന്ദുവിനെങ്ങനെ പ്രതികൂല സാഹചര്യങ്ങളെ തരണം ചെയ്യാൻ കഴിഞ്ഞു?

തീർച്ചയായും മുകളിൽ ഉയർന്നചോദ്യം ചർച്ചചെയ്യപ്പെടേണ്ടതാണെന്നുതോന്നുന്നു. ഹിന്ദുവിനു പ്രതികൂലസാഹചര്യങ്ങളെ തരണം ചെയ്യാനുള്ള കഴിവിന്റെ നിദാനം അവന്റെ ജീവിതവ്യവസ്ഥയിൽ തന്നെ കാണാവുന്നതാണ്. അതിൽ പരമപ്രധാനമായ അംശം മറ്റു സംസ്കാരങ്ങളോടും ദർശനങ്ങളോടുമുള്ള സമീപനമാണ്. നാം ഇന്ന് ഏറെ പറയുന്ന മതേതരത്വം മതസഹിഷ്ണുതയ്ക്കപ്പുറം എല്ലാറ്റിനെയും ഉൾക്കൊള്ളാൻ അഥവാ ദഹിപ്പിക്കാനുള്ള കെല്പ് അതിലൊന്നാണ്. സഹിഷ്ണുത എന്നു പറയുന്ന സെക്യൂലറിസം സാഹചര്യ ങ്ങളുടെ സമ്മർദം കൊണ്ട് അനുഷ്ഠിക്കാൻ പ്രേരിപ്പിക്കപ്പെടുന്ന ഒരു സാമൂഹ്യ വ്യവസ്ഥ മാത്രമാണ്. ഇതിനൊരു സനാതനസ്വഭാവം ഇത് ഉരുത്തിരിഞ്ഞുവന്ന ദേശങ്ങളിൽ പോലുമില്ല. മതേതരത്വം ആധുനിക കാലഘട്ടത്തിൽ സെമിറ്റിക് സമൂഹങ്ങളുടെ രാഷ്ട്രീയ വ്യവസ്ഥയിൽ രൂപപ്പെട്ടുവന്ന ഒരു ക്രമീകരണം മാത്രമാണ്. ഇതിനെ പ്രശസ്ത ദാർശനികനായ മിഷൽ ഡാനിനോ കാണുന്നതിപ്രകാരമാണ്. " Secularism was born to challege theocracy in the Christian and Islamic world...... Secularism meant keeping the church away from the political power..... This notion of secularism has no application in India..." (മതേതരത്വസങ്കല്പം രൂപപ്പെട്ടത് ക്രിസ്ത്യൻ ഇസ്ലാമിക ലോകത്ത് നിലനിന്നിരുന്ന മതാധിപത്യത്തെ വെല്ലുവിളിക്കുന്നതിനാണ്.... മതേ



Scanned with CamScanner

തരത്വം കൊണ്ട് വിവക്ഷിക്കുന്നത് രാഷ്ട്രീയാധികാരത്തിൽ പള്ളിയെ അകറ്റിനിർത്തുക എന്നതാണ്.... ഈ മതേതരത്വമെന്ന ആശയത്തിന് ഭാരതത്തിൽ ഒരുപയോഗവുമില്ല. Michel Danino, Kali Yuga or The Age of Confusion, p. 27, 28)

എന്നാൽ അപരിചിതങ്ങളായ ആശയങ്ങളോടും ദർശനങ്ങളോടും മുൻവിധിയില്ലാതെ സമീപിക്കാനും വ്യവഹരിക്കാനുമുള്ള ഒരു വലിയ മനസ്സ് ഹിന്ദുവിന് വളരെ പണ്ടു മുതലേ ഉണ്ടായിരുന്നു. വിജ്ഞാനസൃഷ്ടിയിൽ മാത്രം ശ്രദ്ധകേന്ദ്രീകരിച്ചിരുന്ന ഋഷിശ്രേഷ്ഠന്മാർ കാലദേശങ്ങളുടെ മതിൽക്കെട്ടുകളുടെ വിലക്കുകളില്ലാതെ വ്യവഹരിച്ചിരുന്നു. അതായത് ഗലീലിയോക്കോ ക്രിസ്തുവിനോ സോക്രട്ടീസിനോ ഒക്കെ ഉണ്ടായ അനുഭവങ്ങൾ ഇവരെക്കൊളൊക്കെ എത്രയോ ഇരട്ടി തിളങ്ങിനിന്നിരുന്ന നമ്മുടെ ഋഷിമാർക്ക് ഇവിടെ ഉണ്ടായിട്ടില്ലെന്നു ചുരുക്കം. രാജാക്കന്മാരോ (മത) വിശ്വാസികളോ ഒരിക്കലും വൈജ്ഞാനിക സമൂഹങ്ങളെ ഇവിടെ നിയന്ത്രിച്ചിരുന്നില്ല.

പാശ്ചാത്യ സെമിറ്റിക് മതങ്ങൾ എന്നും ശാസ്ത്രത്തിന്റെ വളർച്ചയെയും സാമൂഹ്യപുരോഗതിയെയും സംശയത്തോടെയായിരുന്നു വീക്ഷിച്ചിരുന്നത്. കോപ്പർനിക്കസ്സിനെയും ഗലീലിയോവിനെയും ഹാർവിയെയും ഉൾക്കൊള്ളാൻ അവർക്കു കഴിഞ്ഞിരുന്നില്ല. മറിച്ച് ഇവിടെ ആര്യഭടൻ, ഭാസ്കരാചാര്യർ, ചരകൻ തുടങ്ങിയവരെ അംഗീകരിക്കുകയും ഉൾക്കൊള്ളുകയും ചെയ്തതുകൊണ്ടാണ് ക്രിസ്തുവിന്റെ ജനനത്തിനും മുമ്പുതന്നെ വിശ്വപ്രശസ്തിയാർജിച്ച നിരവധി വിശ്വവിദ്യാലങ്ങൾ ജനിക്കാനിടയായത്. അതുപോലെ ആധുനിക ശാസ്ത്രസാങ്കേതിക വിദ്യകളെപ്പോലും ഉൽക്കൊള്ളാൻ തക്ക ശക്തമായ ഒരു ഭാഷ (സംസ്കൃതം) യിവിടെ വളർന്നുവന്നതും. സമകാലീനത്തിൽപ്പോലും ജനനനിയന്ത്രണത്തെയും ക്ലോണിങ്ങിനെയും എതിർക്കുന്നയാളാണ് ലോകകത്തോലിക്കരുടെ ആത്മീയാധ്യക്ഷനായ പോപ്പ് എന്നുള്ള വസ്തുത വിസ്മരിക്കരുത്. ഖുറാനല്ലാത്ത എല്ലാ ഗ്രന്ഥങ്ങളും 'കാഫറിന്റെ കിത്താബ് ' എന്നു പറഞ്ഞ് വിലപ്പെട്ട വൈജ്ഞാനിക ഗ്രന്ഥങ്ങളെ ചുട്ടുകരിച്ച മധ്യകാലമുസ്ലീം മതഭ്രാന്തന്മാരായ (ഇപ്പോഴും ഈ മനോഭാവം വച്ചു പുലർത്തുന്നവരാണ് ആ സമൂഹത്തെ നിയന്ത്രിക്കുന്നതെന്ന സത്യം വിസ്മരിക്കുന്നില്ല) രാജാക്കന്മാരും ഇപ്പോഴത്തെ പോപ്പും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ടെന്നു കരുതുന്നില്ല.

ഹിന്ദുവിന്റെ വിശാലവീക്ഷണം ഹേതുവായി നിരവധി ഉപാസനാ സമ്പ്രദായങ്ങൾ വളർന്നുവന്നു. ഇവിടെ മതങ്ങൾ ജനിച്ചില്ല. നേരെ മറിച്ച് ഇതര ദേശങ്ങളിൽ മതങ്ങളായിരുന്നു ജനിച്ചത്. മതം (Religion) എന്ന പദം നമുക്ക് ഒരിക്കൽ അന്യമായിരുന്നു. ഇത് (മതം)



Scanned with CamScanner

ഹിംസാത്മക ഇസ്ലാമിന്റെയും കുതന്ത്രാധിഷ്ഠിതമായ ക്രിസ്തുമതത്തിന്റെയും വരവോടെയാണ് സുപരിചിതമാകുന്നത്. ഇതിനുമുമ്പ് ഇവിടെ ജനിച്ചതും ഇവിടെ വന്നതുമായ എല്ലാ ഉപാസനാരീതികളെയും മാർഗങ്ങളായാണ് കണ്ടിരുന്നത്. അങ്ങനെ ക്രിസ്തുമാർഗവും ഇസ്ലാം മാർഗവും ഇവിടെ ക്രിസ്തുമത്തിനും ഇസ്ലാം മത്തിനും മുമ്പ് ഉണ്ടായിരുന്നു. ഋഗ്വേദം തന്നെ "ഏകം സത് വിപ്രാ ബഹുധാ വദന്തി" എന്നു മന്ത്രിച്ചുകൊണ്ടു തുടങ്ങിയ ഒരു വിശാലമായ സഹവർത്തിത്വ പദ്ധതിയുടെ ഭാഗമായിത്തീർന്നവരാണ് ഹിന്ദുക്കൾ. അതുകൊണ്ടാണ് മുകളിൽ സൂചിപ്പിച്ച 'ഉൾക്കൊള്ളൽ'ക്കഴിവ് ഹിന്ദുവിന്റെ പൈതൃകമായത്. സത്യം ഒന്നേയുള്ളൂ, ജ്ഞാനികൾ ആ സത്യത്തിലേക്ക് എത്തിച്ചേരുവാൻ പല മാർഗ്ഗങ്ങൾ കാണിച്ചുതരുന്നു എന്ന വൈദിക (ഋക്) ചിന്താപദ്ധതിയാണ് ഹിന്ദുവിന്റെ സ്വത്വം സംരക്ഷിച്ചത്. മഹാവീരൻ മുതൽ ഗുരുനാനാക്ക് വരെയുള്ള വിപ്രന്മാർ ഉപദേശിച്ചതും ആത്യന്തിക സത്യത്തെ തന്നെയാണ്. ആ സത്യത്തിലെത്തിച്ചേരാൻ കാലഘട്ടത്തിന്റെ നിലവാരമനുസരിച്ചുള്ള വഴികളും അവർ നിർദ്ദേശിച്ചു.

സത്യം ഒന്നേയുള്ളൂ എന്നു പറയുമ്പോൾ ആ സത്യം ഈശ്വരന്റെ ഏകത്വമാണ് എന്ന് ഏതാണ്ട് ആറു സഹസ്രാബ്ദങ്ങൾക്കു മുമ്പു തന്നെ ഹിന്ദു മനസ്സിലാക്കി ആചരിച്ചുപോരുന്നു. എന്നാൽ അസഹിഷ്ണുതയുടെ പ്രത്യയശാസ്ത്ര (ഭൗതികവും ആധ്യാത്മികവും)മായി ഇവിടെയെത്തിയവർ ഹിന്ദുവിന്റെ വിവിധങ്ങളായ ഉപാസനാ സമ്പ്രദായങ്ങളോടുള്ള ഉദാരസമീപനത്തെ ബഹുദൈവവിശ്വാസമായി കണ്ടത് ഹിന്ദുവിന്റെ കുഴപ്പംകൊണ്ടല്ല. മറിച്ച് അങ്ങനെ കാണാൻ ശ്രമിച്ചവന്റെ കുഴപ്പം കൊണ്ടുതന്നെ. ഭാരതീയന്റെ ആധ്യാത്മിക-വൈജ്ഞാനിക പാരമ്പര്യം മുഴുവൻ കുടികൊള്ളുന്നത് വേദങ്ങളിലാണ്. 'പ്രജ്ഞാനം ബ്രഹ്മ' എന്ന് ഋഗ്വേദവും 'അഹം ബ്രഹ്മാസ്മി' എന്ന് യജുർവേദവും 'തത്ത്വമസി' എന്ന് സാമവേദവും 'അയമാത്മാ ബ്രഹ്മ' എന്ന് അഥർവവേദവും അർത്ഥശങ്കയ്ക്കിടനൽകാതെ സിദ്ധാന്തിക്കുന്നത് മനസ്സിലാക്കാത്തവൻ ഹിന്ദുവിനെ ബഹുദൈവവിശ്വാസിയായി കണ്ടു. ലോകത്തിലെ ആദ്യത്തെ ഏകദൈവവിശ്വാസിയായ ഹിന്ദു അതുകൊണ്ടാണ് "ഈശാവാസ്യമിദം സർവം യത്കിഞ്ച ജഗത്യാം ജഗത്" എന്നു മന്ത്രിച്ചത്.

ഇവിടെ ജനിച്ചതും പുറത്തുനിന്നു വന്നതുമായ ഉപാസനാപദ്ധതികളോട് അഭിനിവേശമോ അനാദരവോ കാണിക്കുവാൻ ഹിന്ദു തുനിഞ്ഞില്ല. നീണ്ട 812 സംവത്സരങ്ങളിലെ ആക്രമങ്ങളെയും അവഹേളനങ്ങളെയും അതിജീവിച്ച് ഇന്നു ഭാരതത്തിൽ എൺപത്തഞ്ചു ശതമാനം ജനങ്ങൾ സനാതനങ്ങളായി അവശേഷിക്കുന്നതിന്റെ രഹസ്യം ഇതു തന്നെയാണ്. യൂറോപ്പും മധ്യേഷ്യയും ഒരു കാലത്ത് മതപീഡനങ്ങ



Scanned with CamScanner

ളുടെ കേന്ദ്രങ്ങളായിരുന്നു. ക്രിസ്ത്യാനിയും-യൂദനും-യവനനും-ക്രിസ്ത്യാനിയും-പ്രസ്ത്യാനിയും-കത്തോലിക്കനും- പ്രൊട്ടസ്റ്റന്റുകളും തുടങ്ങി നിരവധി മതസംഘട്ടനങ്ങൾക്ക് ഈ പ്രദേശങ്ങൾ സാക്ഷിയാകേണ്ടിവന്നു. സത്യം ഒന്നേയുള്ളൂ അതിലേക്ക് ജ്ഞാനികൾ പല വഴികൾ ഉപദേശിക്കുന്നു എന്ന് ഋഗ്വേദം പറയുമ്പോൾ സെമിറ്റിക് മതങ്ങൾ 'ഞാനല്ലാതെ നിനക്ക് അന്യദേവന്മാർ ഉണ്ടാകരുത്' എന്ന കടുംപിടുത്തം നടത്തുന്നു. ഈ സമീപനമായിരുന്നു മുകളിൽ സൂചിപ്പിച്ച എല്ലാ മതസംഘട്ടനങ്ങളുടെയും ഹേതു. മതപീഡനങ്ങളാൽ പൊറുതിമുട്ടിയ സമൂഹങ്ങൾ ഭൂമി ഉപേക്ഷിച്ചു പലായനം ചെയ്യേണ്ടിവന്നു. ഇങ്ങനെ മതപീഡനങ്ങൾക്കുവിധേയരായവർക്കെതിരെ ഹിന്ദുഭൂമി അഭയമാവുകയും ചെയ്തു. അഭയംതേടിയെത്തിയവന്റെ രക്തം വീണു ചുവക്കാതിരുന്ന ഒരു തുണ്ടു ഭൂമി ഇന്നീ ലോകത്തുണ്ടെങ്കിൽ അത് ഈ ഹിന്ദുഭൂമിയാണെന്നത് അഭിമാനകരമായ ഒരു കാര്യം തന്നെ.

ഇന്നാട്ടിൽ അഭയം തേടിയെത്തിയ പാർസികളെയും യൂദന്മാരെയും ക്രിസ്ത്യാനികളെയും ഹൈന്ദവസമൂഹം സന്തോഷപൂർവ്വം സ്വീകരിച്ചു എന്നുമാത്രമല്ല ഇവിടെ നിലനിന്നിരുന്ന ജാതിശ്രേണിയിൽ അവരുടെ കർമ്മം നോക്കി അർഹമായ സ്ഥാനവും നൽകി എന്നതും ശ്രദ്ധേയമാണ്. കേരളത്തിലെ യൂദന്മാർക്ക് ക്ഷേത്രമതിൽക്കെട്ടോടു ചേർന്നുതന്നെ ആരാധനാകേന്ദ്രം നിർമ്മിക്കാൻപോലും അവസരം നൽകുകയും ചെയ്തു എന്നതു വിസ്മരിക്കാവതല്ല. ഇങ്ങനെയൊക്കെ പ്രവർത്തിക്കാൻ ഒരു ഹിന്ദുവിനു കഴിഞ്ഞത് ഇതരസമൂഹത്തിൽ നിന്നു വിഭിന്നമായ അവന്റെ (മത) കാഴ്ചപ്പാട് ഒന്നുകൊണ്ടുമാത്രമാണ്. ഈ ഉദാരമനസ്കതയെ പിൽക്കാലത്ത് ഹിന്ദുവിന്റെ ദൗർബല്യമായി കാണാൻ ചില കോണുകളിൽ നിന്നുണ്ടായ ശ്രമങ്ങളെ ഇവിടെ വിസ്മരിക്കുന്നില്ല.

ഓരോ വ്യക്തിയുടെയും കഴിവുകൾക്കനുസൃതമായി അവനു കർമങ്ങൾ നിശ്ചയിച്ചിരുന്ന ഒരു സാമൂഹ്യ വ്യവസ്ഥ ഇവിടെ നിലനിന്നിരുന്നു. പിൽക്കാലത്ത് ഈ വ്യവസ്ഥ ദുഷിക്കുകയും ഒപ്പം ദുർവ്യാഖ്യാനം ചെയ്യുകയും ചെയ്തു എന്നത് ഒരു യാഥാർത്ഥ്യമാണ്.

"ജന്മനാ ജായതേ ശൂദ്രഃ കർമണാ ജായതേ ദ്വിജഃ വേദപാരായണാദ് വിപ്രഭഃ ബ്രഹ്മജ്ഞാനീതി ബ്രാഹ്മണഃ" എന്നാണല്ലോ പ്രമാണം. അതുകൊണ്ട് ഇവിടെ ധർമസംരക്ഷണത്തിന്റെ കാര്യത്തിൽ ഒരു രാജാവിന്റെ സാന്നിദ്ധ്യംപോലും ആവശ്യമുണ്ടായിരുന്നില്ല; ഓരോ വ്യക്തിയും ഗുണങ്ങൾക്കനുസൃതമായ കർമം ചെയ്തുകൊണ്ടുമിരുന്നു. കർമത്തെപ്പറ്റി ഭഗവദ്ഗീത (3 – 35) വ്യക്തമായ ധാരണ പങ്കുവയ്ക്കുന്നുണ്ട്. പരധർമം ശ്രേഷ്ഠമായി അനുഷ്ഠിക്കുന്നതിലും ഭേദം അല്പം ഗുണം കുറഞ്ഞാലും സ്വധർമാനുഷ്ഠാനം തന്നെയാണ്. അക്കാ



Scanned with CamScanner

രണത്താൽ ഹിന്ദുഭൂമിയിൽ നിരവധി രാജ്യങ്ങളുണ്ടായിരുന്നെങ്കിലും എല്ലായിടത്തും ഒരു സംസ്കാരവും ജീവിതവ്യവസ്ഥയും രൂപപ്പെടുത്താൻ കഴിഞ്ഞു.

അങ്ങനെ ഹിന്ദുവിന് എല്ലാകാലത്തും അവന്റെ സംസ്കാരത്തെയും ഉപാസനാ സമ്പ്രദായങ്ങളെയും സ്വയം സംരക്ഷിക്കാൻ കഴിഞ്ഞുവെന്നത് ഏറെ ശ്രദ്ധേയമാണ്. അതുപോലെ അന്യസംസ്കാരങ്ങളുടെ മേലുള്ള കടന്നുകയറ്റത്തെയും ഹിന്ദു വെറുത്തിരുന്നു. "ജനനനീ ജന്മഭൂമിശ്ച സ്വർഗാദപി ഗരീയസീ"എന്നു ശ്രീരാമചന്ദ്രനെകൊണ്ട് പറയിച്ചത് ഇതിനു മതിയായ തെളിവാണ്. ചൂഷണരഹിതവും ദോഹനത്തിന്റേതുമായ ഒരു ജീവിത വ്യവസ്ഥ ഹിന്ദുവിന് രൂപപ്പെടുത്താൻ കഴിഞ്ഞു. അതുകൊണ്ട് "ശതഹസ്തേന സമാഹാര സഹസ്രാഹസ്തേന വീകിര" എന്നും "തേന ത്യേക്തേന ഭുഞ്ജീഥാ മാ ഗൃധഃ കസ്യ സിദ്ധനം" എന്നുമാണ് ഒരു സനാതനഹിന്ദുവിന്റെ ജീവിതവ്യവസ്ഥ

## 9. ജനാധിപത്യവും ഹിന്ദുജീവിത വ്യവസ്ഥയും

രണ്ടാം ലോകമഹായുദ്ധം കോളനിവാഴ്ചയുടെ അന്ത്യത്തിന്റെ ആരംഭംകൂടി ആയിരുന്നു. രണ്ട് ലോകമഹായുദ്ധങ്ങൾക്കും നേതൃത്വം നൽകിയിരുന്നവർ തന്നെയായിരുന്നു കൊളോണിയലിസ്റ്റത്തിന്റെ വക്താക്കളും. ദേശീയ സമൂഹങ്ങളുടെ സ്വയം നിർണ്ണയാവകാശവും ജനാധിപത്യ സംരക്ഷണവുമായിരുന്നു ഇക്കൂട്ടർ ഗോദയിലുയർത്തിയ ന്യായീകരണവും. എന്തുതന്നെയായിരുന്നാലും യുദ്ധവിജയം കോളനിയുടെ മോചനം എന്ന ആശയം അംഗീകരിക്കാൻ ഇവരെ നിർബന്ധിതരുമാക്കി. രണ്ടാംലോക മഹായുദ്ധത്തിന്റെ ചുക്കാൻ പിടിച്ചിരുന്ന നവ കൊളോണിയൽ ശക്തിയായ അമേരിക്കയുടെ സാമ്പത്തിക താൽപര്യങ്ങളുടെ സംരക്ഷണത്തിന് ഇത്തരമൊരു രാഷ്ട്രീയ പുനഃക്രമീകരണം അനിവാര്യവുമായിരുന്നു. അതുകൊണ്ടുതന്നെ രണ്ടാം ലോക മഹായുദ്ധകാലത്ത് അമേരിക്ക ഭാരതമുൾപ്പെടെയുള്ള രാജ്യങ്ങളുടെ മോചനത്തിന് വേണ്ടി കോളനി വാഴ്ച നടത്തിയിരുന്ന രാജ്യങ്ങളുടെ മേൽ സമ്മർദ്ദം ചെലുത്തിയുമിരുന്നു.

കോളനി വാഴ്ചയിൽ നിന്ന് മോചിതമായ ഒട്ടുമിക്ക രാജ്യങ്ങളും ജനാധിപത്യ ഭരണക്രമം സ്വീകരിച്ചുവെങ്കിലും ചുരുങ്ങിയ കാലയളവിനുള്ളിൽ അവകളിൽ ഒട്ടുമുക്കാലും ഏകാധിപത്യ വ്യവസ്ഥയിലേക്കോ, സൈനിക ഭരണത്തിലേയ്ക്കോ ചേക്കേറിയതായി ചരിത്രം പറയുന്നു. എന്നാൽ സാമ്പത്തികവും സാക്ഷരതാപരവുമായി ഏറെ പിന്നോക്കം നിന്ന ഭരണം അരനൂറ്റാണ്ടിലധിക (58 കൊല്ലം) മായി ജനാധിപത്യ വ്യവസ്ഥയെ കാത്തു സൂക്ഷിക്കുന്നതിൽ വിജയിക്കുക മാത്രമല്ല ഇനിയും ജനാധിപത്യ വ്യവസ്ഥയ്ക്ക് ഇന്നാട്ടിൽ ശക്തവും ശോഭനവുമായ ഒരു ഭാവിയുണ്ടെന്ന് തെളിയിക്കുകയും ചെയ്തിരിക്കുന്നു.



Scanned with CamScanner

ഭാരതത്തേക്കാൾ സാമ്പത്തിക, സാമൂഹിക മണ്ഡലങ്ങളിൽ മുന്നോക്കക്കാരായിരുന്ന പല രാജ്യങ്ങളിലും ഇന്ന് ഏകാധിപതികളോ, സൈനിക നേതൃത്വമോ ആണ് ഭരണം നിയന്ത്രിക്കുന്നത്. പെട്രോളിയം ഉൽപ്പാദനം കൊണ്ട് സമ്പത്ത് കുമിഞ്ഞുകൂടിയിരിക്കുന്ന മധ്യപൂർവ്വേഷ്യൻ രാജ്യങ്ങളിൽ ഒന്നിനുപോലും ജനാധിപത്യവ്യവസ്ഥയെ പൂർണ്ണമായി ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടില്ല. നമ്മോടൊപ്പം സ്വാതന്ത്ര്യം നേടിയ പാക്കിസ്ഥാനിലോ, ബംഗ്ലാദേശിലോ, മിയാന്മാറിലോ ജനാധിപത്യ സംസ്കാരം അതിന്റെ അർത്ഥതലത്തിൽ പൂർണ്ണമായി വേരോടിയിട്ടില്ല. ഒട്ടുമിക്ക ആഫ്രിക്കൻ രാജ്യങ്ങളും ജനാധിപത്യത്തിന്റെ ഭാഷ എന്നേ ഉപേക്ഷിച്ചിരിക്കുന്നു. ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽ പലതിലും ജനാധിപത്യ സംസ്കാരം രൂഢമൂലമായിട്ടില്ല. ചുരുക്കത്തിൽ തൊഴിലാളി സർവ്വസൈന്യാധിപത്യത്തിന്റെ പേരിലായാലും, മുതലാളിത്ത വ്യവസ്ഥയുടെ പേരിലാണെങ്കിലും ഒട്ടുമിക്ക രാജ്യങ്ങളുടെ രാഷ്ട്രീയ നേതൃത്വവും സൗകര്യപൂർവ്വം നിരാകരിക്കുന്നത് അർത്ഥപൂർണ്ണമായ ജനാധിപത്യക്രമത്തെ ആയിരിക്കും.

ലോകത്തുള്ള പല രാഷ്ട്രങ്ങളേക്കാൾ സാമ്പത്തികവും, സാക്ഷരതാപരമായും ഏറെ പിന്നോക്കം നിൽക്കുന്ന ഭാരതം എന്തുകൊണ്ട് ജനാധിപത്യം ജീവിതശൈലിയാക്കി മാറ്റിയിരിക്കുന്നു? ജനാധിപത്യ വ്യവസ്ഥയ്ക്ക് ഭീഷണിയായിത്തീർന്ന1976ലെ അടിയന്തിരാവസ്ഥയെ ഇന്നാട്ടിലെ കോടിക്കണക്കിന് വരുന്ന നിരക്ഷരകുക്ഷികൾ തങ്ങളുടെ സമ്മതിദാനാവകാശത്തിന്റെ ഫലപ്രദമായ വിനിയോഗത്തിലൂടെ കടപുഴക്കിയെറിയുക മാത്രമല്ല ഏകാധിപത്യത്തിന് ഇനി മേലിൽ ഇവിടെ സ്ഥാനം ഇല്ല എന്നു തെളിയിക്കുകയുംകൂടി ചെയ്തു.

ഭാരതത്തിലെ ജനങ്ങളിൽ മഹാഭൂരിപക്ഷവും ജനാധിപത്യ ഏകാധിപത്യ പ്രതിഭാസങ്ങളെ തിരിച്ചറിഞ്ഞത് അവരുടെ ഔപചാരികമോ അനൗപചാരികമോ ആയ വിദ്യാഭ്യാസത്തിലൂടെ അല്ലായിരുന്നുവെന്ന് സുവ്യക്തമായ സത്യമാണ്. 1970 കളിൽ ഭാരതത്തിലെ മൊത്തം ജനസംഖ്യയുടെ ഏതാണ്ട് പകുതിയോളം വരുന്ന നിരക്ഷരരാണ് ജനാധിപത്യം പുനഃസ്ഥാപിക്കാൻ തങ്ങളുടെ പൗരാവകാശം വിവേകപൂർവ്വം വിനിയോഗിച്ചത്. കാലം ഇത്രയും കഴിഞ്ഞിട്ടും ഇപ്പോഴും 34.62 ശതമാനം വരുന്ന നിരക്ഷരർ വിവേകപൂർവ്വമായി തങ്ങളുടെ സമ്മതിദാനാവാകാശം വിനിയോഗിക്കുന്നു എന്നു മനസ്സിലാക്കാൻ കഴിയുന്നത് കഴിഞ്ഞ കാലങ്ങളിൽ നടന്ന അമേരിക്കൻ പ്രസിഡന്റു തെരഞ്ഞെടുപ്പുകളിലെ അന്തർനാടകങ്ങളെക്കുറിച്ച് അറിയുമ്പോൾ മാത്രമാണ്.

ഭാരതീയ ജീവിതത്തിന്റെ സ്ഥായിയായഭാവം അദ്ധ്യാത്മികതയാണ് എന്ന് വിവേകാനന്ദ സ്വാമികളെപ്പോലുള്ള മനീഷികൾ വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ ആദ്ധ്യാത്മികതയാണ് യഥാർത്ഥത്തിൽ ഭാരതത്തിലെ ജനാധിപത്യത്തിന്റെ നിലനിൽപ്പിന്റെ ആധാരശിലകൾ.



Scanned with CamScanner

ലോകത്തിൽ ഇന്ന് ആദ്ധ്യാത്മികത നിലനിൽക്കുന്നത് പ്രധാനമായും രണ്ടു സരണികളിലായിട്ടാണ്. അവ സെമിറ്റിക്കുകളും പാഗണുകളുമാണ്. സെമറ്റിക് ധാരയിൽ വ്യക്തിക്ക് ഒട്ടും തന്നെ സ്വാതന്ത്ര്യം അനുവദിക്കാത്ത സർവ്വാധികാരിയായ ഈശ്വരന്റെ മേൽക്കോയ്മകളെക്കുറിച്ച് പഠിക്കുമ്പോൾ പാഗൺ സമ്പ്രദായങ്ങളുടേത് വിഭിന്നമാണ്. സെമറ്റിക് മതങ്ങൾക്ക് 'മനുഷ്യാ നീ മണ്ണാകുന്നു' എന്നു മാത്രമാണ് പറയാനുള്ളത്. മണ്ണ് ഉച്ചിഷ്ടങ്ങളും പാഴ്‌വസ്തുക്കളും നിക്ഷേപിക്കാനുള്ള സ്ഥലവും.

നേരെമറിച്ച് പാഗൺ സമ്പ്രദായത്തിലെ ഏറെ പുരാതനവും സചേതനവുമായ ഹിന്ദു (മതം) വിന് മനുഷ്യനും ഈശ്വരനും തമ്മിൽ ദ്വൈതം ഒട്ടുമില്ല. അതുകൊണ്ടാണ് ഹിന്ദുവിന് മനുഷ്യൻ അമൃതസ്യ പുത്രഃ നായത്. ഒപ്പം ഭൂമി (മണ്ണ്) മാതാവും, അഥർവ്വ വേദത്തിലെ പൃഥ്വിസൂക്തം ഭാരതീയന്റെ പാരിസ്ഥിതിക സമീപനത്തിന്റെ ശ്രേഷ്ഠമായ ഉദാഹരണമാണ്. അതുകൊണ്ടുതന്നെ ഈ സംസ്കാരത്തിന്റെ ഉദയം തൊട്ടുതന്നെ അയം മാതപൃഥ്വി മാതേപൃഥ്വി പുത്രോ അഹം പൃഥ്വിവ്യാ എന്നതായിരുന്നു പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ മൂലമന്ത്രം.

ഹിന്ദുവിന്റെ അടിസ്ഥാനഭാവമായ ആദ്ധ്യാത്മികതയിൽപോലും ഈശ്വരന്മാർ സ്വാർത്ഥസ്വഭാവികളോ ഏകാധിപത്യസ്വഭാവക്കാരോ ആയിരുന്നില്ല. അതുകൊണ്ടാണ് ഋഗ്വേദം.

"ഇന്ദ്രം മിത്രം വരുണ മഗ്നി മാഹു
രഥോ ദിവ്യസ സുപർണ്ണോ ഗുരുത്മാൻ
ഏകം സത് വിപ്രാ ബഹുധാ വദന്തി
അഗ്നിം യമം മാതരി ശ്വാന മാഹു"

എന്ന് മന്ത്രിച്ചത്.ഈ മന്ത്രം നൽകിയ ഉൾക്കാഴ്ചയാണ് ഭാരതത്തിന്മേലാരോപിക്കുന്ന പ്ലുറലിസ്റ്റ് സാമൂഹിക വ്യവസ്ഥിതിക്ക് ആധാരം. അതുകൊണ്ടാണ് ഹിന്ദുമതാനുഷ്ഠാനങ്ങളിൽപ്പോലും ജനാധിപത്യ സ്വഭാവം വളരെ നേരത്തെ തന്നെ പ്രകടമായത്. അങ്ങനെ ആദ്ധ്യാത്മികതയിൽ നിന്നും ഉരുത്തിരിഞ്ഞ പരസ്പരമുൾക്കൊള്ളൽ (പാരസ്പര്യം) വ്യക്തി ജീവിതത്തിനും പിന്നെ സാമൂഹിക ജീവിതത്തിനും കരുത്തു പകർന്നത്. അതുകൊണ്ടാണ് ഭാരതം ഒരു രാഷ്ട്രമെന്ന നിലയിൽ ഒരു ഭരണ (രാജനൈതിക) വ്യവസ്ഥയ്ക്കും അതിനെ പൂർണ്ണമായി കീഴടക്കാൻ കഴിഞ്ഞിരുന്നില്ലെങ്കിൽപോലും ആസേതുഹിമാലയം ഉത്കൃഷ്ടവും ഐക്യരൂപമുള്ളതുമായി സാംസ്കാരിക വ്യവസ്ഥ രൂപപ്പെട്ടത്.

ശ്രീരാമനെക്കൊണ്ട് ലോകഹിതം മമഃകരണീയം എന്നു പറയിപ്പിച്ചത് ഭാരതത്തിൽ പണ്ടു മുതൽക്കേ രൂഢമൂലമായിരിക്കുന്ന ജനാ



Scanned with CamScanner

ധിപത്യ കാഴ്ചപ്പാടല്ലാതെ മറ്റെന്തുകൊണ്ടാണ്. മറ്റു രാജ്യങ്ങളെയും സംസ്കാരങ്ങളെയും അടക്കി ഭരിക്കാനും അവകളെ ചൂഷണം ചെയ്യാനും നമ്മുടെ ജനാധിപത്യമനസ്സുകൾ ഒരിക്കലും തയ്യാറായിരുന്നുമില്ല. ലങ്കയിൽ ചെന്ന ശ്രീരാമൻ അതു കൊണ്ടല്ലേ അന്നാട്ടുകാരോട് "ജനനീ ജന്മഭൂമിശ്ച സ്വർഗ്ഗാദപി ഗരീയസി" എന്നു പറഞ്ഞത്. രാമനിലെന്നല്ല ആധുനിക ഭാരതത്തിലെ ഗാന്ധിജിവരെയുള്ള എല്ലാ വീരപുരുഷന്മാരിലും ഈ മഹത്വം നമുക്ക് ദർശിക്കാൻ കഴിയും.

ഫ്രഞ്ചു വിപ്ലവത്തിനും എത്രയോ ആയിരം കൊല്ലങ്ങൾക്കു മുമ്പ് തന്നെ ഭഗവദ്ഗീത പഠിപ്പിച്ചു. "സമത്വം യോഗ ഉച്യതേ" എന്ന്, ആധുനിക ജനാധിപത്യവും സാമ്പത്തിക പുരോഗതിയും പരസ്പര പൂരകങ്ങളാണല്ലോ. ഇതിനും എത്രയോ നൂറ്റാണ്ടുകൾക്കു മുമ്പ് തന്നെ ഗീത ഭൗതിക പുരോഗതിയെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാട് നൽകിയിരുന്നു. ഗീതയുടെ 3, 6, 12,16 അധ്യായങ്ങൾ ശ്രദ്ധിച്ചാൽ ഇത് മനസ്സിലാകും. ശ്രീ (prosperity) വിജയോർ (success), ഭൂതിർ (expansion), ധ്രുവാനീതി (Firm Policy) തുടങ്ങിയ ഒട്ടുമിക്ക ആധുനിക ആർത്ഥിക - രാജനൈതിക സങ്കേതപ്രയോഗങ്ങളും ഗീതയ്ക്ക് അന്യമായിരുന്നില്ല.

"പരസ്പരം ഭാവയന്തഃ ശ്രേയഃ പരമ വാപ്സ്യഥ" (ഗീത 3-11) എന്നതിലൂടെ ആധുനിക ജനാധിപത്യ വിജയത്തിന്റെ മന്ത്രമായ ഐക്യവും, പരസ്പര സഹകരണവും ഭാരതത്തിന്റെ ആദ്ധ്യാത്മികത അംഗീകരിച്ചിട്ടുള്ളതാണ്.

നമ്മുടെ ഈ ജനാധിപത്യ ആശയത്തിന്റെ ഉദാത്തമായ രാഷ്ട്രീയാവിഷ്ക്കാരമായിരുന്നു ബുദ്ധകാലഘട്ടത്തിലെ ജനപഥങ്ങളും പിൽകാല മഹാജനപഥങ്ങളും എന്ന് വിസമരിക്കരുത്. ഗ്രീസിന്റെ കാര്യത്തിൽ ഏഥൻസിന് മാത്രമായിരുന്നു ജനാധിപത്യം ഉണ്ടായിരുന്നത്. എന്നാൽ, ഭാരതത്തിൽ ജനാധിപത്യം എന്ന ആശയം സാർവ്വത്രികം ആയിരുന്നു. അതുകൊണ്ടായിരുന്നു ഭാരതം അക്കാലത്ത് തന്നെ നിരവധി ജനപഥങ്ങൾക്ക് (republics) ജന്മം നൽകിയത്. അവയിൽ ഏറെ പ്രശസ്തങ്ങളായിരുന്നല്ലോ നാം പാഠപുസ്തകങ്ങളിൽ പഠിച്ച പതിനാല് ജനപഥങ്ങൾ.

മതം അഥവാ ആദ്ധ്യാത്മികത വ്യക്തികളിൽ സൃഷ്ടിച്ചിരിക്കുന്ന ഉൾക്കാഴ്ചയും പാരസ്പര്യവും ഒത്തുചേർന്നതുകൊണ്ടാണ് മുപ്പത്തിയഞ്ചര കോടി നിരക്ഷരരുള്ള ഒരു രാജ്യത്ത് ജനാധിപത്യ വ്യവസ്ഥ ഭദ്രമായി നിലകൊള്ളുന്നത്. ഒരുപക്ഷേ, ദോഷൈകദൃക്കുകൾക്ക് ഭാരതത്തിൽ ഇന്ന് സജീവമായിരിക്കുന്ന ജനാധിപത്യം ഹിന്ദു ആദ്ധ്യാത്മികയുടെ ഉപോൽപ്പന്നമല്ലെന്ന വാദിക്കാം. അവർക്ക് അത് ആധുനിക രാജ്യശില്പികളുടെ ദീർഘവീക്ഷണത്തിലും അവരുടെ ജനാധിപത്യ പ്രതിബദ്ധതയിലും നിന്നും രൂപപ്പെട്ടതായി അനുഭവപ്പെട്ടേക്കാം. നമ്മോടൊപ്പം സ്വാതന്ത്ര്യം പ്രാപിച്ച ചെറുതും വലുതുമായ നിരവധി



Scanned with CamScanner

രാജ്യങ്ങളുണ്ടായിരുന്നു. അവിടങ്ങളിലെല്ലാം അക്കാലത്ത് നമ്മുടെ രാഷ്ട്രീയ നേതൃത്വത്തോളമോ അതിനേക്കാളേറെയോ തിളക്കമാർന്ന നേതൃത്വനിരകൾ ഉണ്ടായിരുന്നിട്ടും ആ നാടുകൾക്കോ അവരുടെ ജനതയ്ക്കോ ജനാധിപത്യം ഒട്ടും ദഹിക്കുന്ന ഒരു ആശയമായിത്തീർന്നില്ല. കാരണം അവരുടെയൊക്കെ സാംസ്കാരിക/ആദ്ധ്യാത്മിക പശ്ചാത്തലം ഹിന്ദുവിന്റേതുപോലെ വിശാലമല്ലായിരുന്നു.

ഇന്ന് നാം കാണുന്ന സെമറ്റിക് സമൂഹങ്ങളിലെ ജനാധിപത്യം എത്രകാലം കൂടി ജീവിക്കുമെന്നു പറയാനാവില്ല. കാരണം സെമറ്റിക് മതവീക്ഷണം അന്നാടുകളിലെ ജനഹൃദയങ്ങളിൽ ഇപ്പോൾ ദുർബലാവസ്ഥയിലാണ്. അത് നാളെ ശക്തിപ്പെട്ടേക്കാം. അതിന്റെ ലക്ഷണങ്ങൾ കഴിഞ്ഞ അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ പ്രതിഫലിച്ചിരുന്നില്ലേ? ഇപ്പോൾ അമേരിക്കയിലെ 35 ശതമാനം സ്കൂളുകളിൽ ചാൾസ് ഡാർവിന്റെ പരിണാമ സിദ്ധാന്തം പഠിപ്പിക്കുന്നില്ല. അവിടെ സ്കൂളുകളിലെല്ലാം ബൈബിൾ പഠനം നിർബന്ധമാക്കിയിരിക്കുന്നു. ഇതെല്ലാം സൂചിപ്പിക്കുന്നത് മതത്തിന്റെ ശക്തമായ തിരിച്ചുവരവിലേയ്ക്കല്ലേ? ഗലീലിയോവിനെ തൂക്കിലേറ്റിയ മതം അദ്ദേഹം പറഞ്ഞ പ്രപഞ്ചസത്യം അംഗീകരിച്ചത് 320 വർഷങ്ങൾക്കുശേഷം 1962 ലാണ്. അന്നാണ് പേപ്പസി അദ്ദേഹത്തിന്റെ ആത്മാവിനോട് ക്ഷമ ചോദിച്ചത്.

ഇതെല്ലാം ഇവിടെ സൂചിപ്പിച്ചത് സെമറ്റിക് മതങ്ങൾക്ക് ദഹിക്കാത്ത രാഷ്ട്രീയ സങ്കൽപ്പങ്ങളാണ് സമത്വം, സ്വാതന്ത്ര്യം, ജനാധിപത്യം തുടങ്ങിയവ എന്നു പറയുന്നതിനു വേണ്ടിയാണ്. ഇങ്ങനെ മതങ്ങളുടെ ഒരു തിരിച്ചുവരവ് പാശ്ചാത്യ ലോകത്തുണ്ടായാൽ ജനാധിപത്യത്തിന്റെ താളക്രമങ്ങളെയാവും ആദ്യം ബാധിക്കുന്നത്. സംശയിക്കേണ്ട. ഇന്ന് പടിഞ്ഞാറ് അംഗീകാരം നേടിയ സമത്വം, സ്വാതന്ത്ര്യം ഇത്യാദി ആശയങ്ങൾ (നാളെ മതത്തിന് മേൽക്കൈ വന്നാൽ കാലം പിറകോട്ട് ചരിച്ചെന്നുവരാം) മതത്തിന്റെ നുകങ്ങളിൽ നിന്നു മോചിതമായ ഒരു സമൂഹത്തിന്റേതുമാണ്.

മാർക്സിസം ഒരു പ്രത്യയശാസ്ത്രം എന്നനിലയിൽ ഭാരതത്തിന്റെ രാജനൈതിക രംഗത്ത് ശോഭിക്കാൻ കഴിയാതെ പോയതിനുള്ള കാരണവും മറ്റൊന്നായിരുന്നില്ല. അതിന്റെ ഭാഷ ആദ്ധ്യാത്മികതയുടേതല്ലായിരുന്നു. അതു വാഗ്ദാനം ചെയ്ത ഭൗതിക വീക്ഷണം ഭാരതത്തിന്റെ ആദ്ധ്യാത്മികതപോലെ ജനഹൃദയങ്ങളിൽ സ്ഥായീഭാവം സൃഷ്ടിക്കാൻ ശക്തമല്ലായിരുന്നുവെന്ന് സോവിയറ്റ് യൂണിയനും, ചൈനയുംപോലും തെളിയിക്കുകയും ചെയ്തില്ലേ? ഭാരതീയന്റെ ജീവിതത്തിലെ ആദ്ധ്യാത്മിക സ്വാധീനവും അതു നൽകുന്ന വിശാല വീക്ഷണവുമാണ് മുപ്പത്തിയഞ്ചരക്കോടി വരുന്ന നിരക്ഷരുൾപ്പെട്ട 103 കോടി ജനത്തിന് ജനാധിപത്യവും മതസഹിഷ്ണുതയും കൂടിച്ചേർന്ന ഇവിടുത്തെ രാജനൈതിക പ്രക്രിയയുടെ ഭാഗഭാഗിത്വം വഹിക്കുവാൻ കെൽപ്പുള്ളവരാക്കിത്തീർത്തതെന്ന് പറയുന്നതിൽ തെറ്റില്ല എന്നു വിശ്വസിക്കട്ടെ.



Scanned with CamScanner